# ഡബ്ല്യു. ഒ. സ്പീച്ച് ആന്റ് ഹിയറിംഗ് സ്കൂൾ

**മുട്ടിൽ**

# ACADEMIC MASTER PLAN

## 2025-26

**ദർശനം, ദൗത്യം, വിഭവ വിനിയോഗം**

**വിദ്യാലയം മികവിന്റെ കേന്ദ്രം**
**അന്താരാഷ്ട്ര നിലവാരത്തിലേക്ക്**



# സ്വപ്നവിതാനങ്ങളിലെ സവിശേഷത

ഭരണഘടന പൗരന് ഉറപ്പ് നൽകുന്ന മൗലികാവകാശങ്ങളിലും വ്യക്തിസംരക്ഷണത്തിലും ശാരീരിക മാനസിക പരിമിത നേരിടുന്ന വിഭാഗത്തിന് കൂടി തുല്യ അവകാശമുണ്ടെന്ന റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ആക്ട് (1992) നിലവിൽ വന്ന അതേ കാലം, ഡബ്ല്യു.എം.ഒ. അതിന്റെ സാമൂഹിക മാനത്ത് നിറമുള്ളൊരു സ്വപ്നത്തിന് കോട്ട കെട്ടിയത് യാദൃശ്ചികമായിരിക്കാം. എങ്കിലും അംഗപരിമിതരായ കുട്ടികളുടെ സംരക്ഷണവും പുനരധിവാസവും സംബന്ധമായ കാര്യങ്ങൾ വയനാട് മുസ്‌ലിം ഓർഫനേജിന്റെ ലക്ഷ്യപ്രമാണങ്ങളിൽ നേരത്തെ ഇടം നേടിയിരുന്നു എന്നതാണ് ആ സംഘബോധ കാഴ്ചപ്പാടിലെ അർത്ഥവ്യാപ്തി.

നിയമം നിലവിൽ വന്ന് 2022ൽ മുപ്പത് വർഷം തികയുമ്പോൾ എം.എ. മുഹമ്മദ് ജമാൽ സഹിബിന്റെ ഒരു കോഴിക്കോട് യാത്രക്ക് കഥകൾക്കപ്പുറം അതൊരു സംഭവ സംക്ഷേപമായി മാറിയതിന്റെ മുപ്പത് വർഷങ്ങൾ കുറിച്ചിടാനുണ്ട്. സാമൂഹിക പുരോഗതിയുടെ തെളിച്ചം അടഞ്ഞുകിടന്നിരുന്ന വയനാടിനുവേണ്ടി ജമാൽക്കയുടെ വീക്ഷണകോണിൽ നിന്ന് പടർന്ന മനോവിചാരങ്ങളുടെ രേഖപ്പെടുത്തലായിരുന്നു ആ യാത്ര. കോഴിക്കോട്ടു നിന്ന് ചുരം കയറ്റിക്കൊണ്ടുവന്ന ഒരാശയത്തിന്റെ രൂപാന്തരം എന്ന് വേണമെങ്കിൽ കുറിച്ചിടാം.

ഓർഫനേജ് കൺട്രോൾ ബോർഡിൽ അംഗമായിരുന്നതിനാൽ അതിന്റെ പിതാവ് മീറ്റിംഗിൽ പങ്കെടുക്കാനാണ് കൊളത്തറയിലെ കാലിക്കറ്റ് ഓർഫനേജിൽ ജമാൽ സാഹിബ് എത്തുന്നത്. പുതുമകൾ തേടുക എന്ന ജമാൽ സാഹിബിന്റെ നൈസർഗിക ദൃഷ്ടി അന്ന് കണ്ടത്

ക്യാമ്പസിലെ സവിശേഷ വിദ്യാലയങ്ങളിലേക്കായി. കേൾവിയിലും സംസാരത്തിലും പ്രയാസം അനുഭവിക്കുന്നവർ, കാഴ്ച പൂർണ്ണമായും ഭാഗികമായും നഷ്ടപ്പെട്ടവർ, ബുദ്ധി വളർച്ച എത്താത്തവർ ഇവരാണ് അതിലെ പഠിതാക്കൾ. അവരെ കണ്ടതിൽ കവിഞ്ഞ് അതൊരു ധാരണ രൂപപ്പെടലായി. മാനസിക വെല്ലുവിളി നേരിടുന്ന ഒരു കുട്ടിയെ ഡബ്ല്യു.എം.ഒ.യിൽ നിന്ന് കൊളത്തറയിലെ വിദ്യാലയത്തിലേക്കയച്ചു. ബോധനത്തിലെ അനുയോജ്യമായ രീതിശാസ്ത്രം നേടിക്കൊടുക്കുക എന്ന കുട്ടിയുടെ അവകാശത്തെ അനുവദിക്കലായിരുന്നു അത്. കൊളത്തറയിൽ നിന്ന് ഒരു പ്രതിനിധി ഡബ്ല്യൂ.എം.ഒയിലേക്ക് വന്നു. അതുപോലെ ഒരു സ്ഥാപനത്തിന്റെ ആവശ്യകത നിറവേറ്റുന്നതിന് ജമാൽക്കയുടെ അഭ്യർത്ഥന മാനിച്ചായിരുന്നു സന്ദർശനം.

ശാരീരിക-മാനസിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരായി ധാരാളം പേർ വയനാട്ടിലുണ്ട്. അവരുടെ വിദ്യാഭ്യാസം, പുനരധിവാസം എന്നിവ സംബന്ധിച്ച് ശരിയായ അവബോധം ഇല്ലാത്ത രക്ഷിതാക്കളാണ് കൂടുതലും. വയനാടിന് പുറത്ത് ഏതാനും നഗരങ്ങളിൽ മാത്രമുള്ള വിദ്യാലയങ്ങളിലേക്ക് കുട്ടികളെ പറഞ്ഞ് വിടാൻ പല രക്ഷിതാക്കളുടെയും വൈകാരികതലം അനുവദിച്ചിരുന്നില്ല. വയനാടിന്റെ ഗ്രാമീണതയുമായി ഇഴകിച്ചേർന്നിരുന്ന ഓർഫനേജിന്റെ പ്രവർത്തന പഥത്തിൽ മഹല്ല് സംവിധാനത്തിലൂടെ നേടിയെടുത്ത സമ്പർക്ക സാധ്യത കൂടുതലായിരുന്നു. ഓരോ നാടിനെയും ഡബ്ല്യു.എം.ഒ.യിലേക്ക് കുടിയിരുത്താനുള്ള വ്യക്തിബന്ധം ജമാൽ സാഹിബിലൂടെ നിവർത്തിക്കുന്ന കാലമായിരുന്നു അത്. പ്രശ്നപരിഹാരം തേടി ഡബ്ല്യു.എം.ഒ. അഭയകേന്ദ്രമായി വരുന്നവരിൽ അംഗപരിമിതരുടെ സംരക്ഷണകാര്യങ്ങളും ധാരാളമായി ഉന്നയിക്കപ്പെട്ടിരുന്നു. ശരിയായ വിദ്യാഭ്യാസത്തിലൂടെ മാത്രമെ അവർക്ക് ശരിയായ പുനരധിവാസം സാധ്യമാവൂ എന്ന ജമാൽ സാഹിബിന്റെ ചിന്ത സ്ഥാപനവൽക്കരിക്കപ്പെടുന്നത് അങ്ങനെയാണ്.

കാഴ്ച പരിമിതർക്ക് വേണ്ടിയുള്ള വിദ്യാലയത്തിന് 1993ൽ തുടക്കം കുറിച്ചു. ഫാറൂഖ് കോളേജിൽ രണ്ടാം വർഷ ബിരുദ വിദ്യാർത്ഥിയായിരുന്ന അബ്ദുൽ നാസർ പഠനം പാതിവഴിയിൽ നിർത്തി ആദ്യ അധ്യാപകനായി എത്തി. ബ്രെയിൽ ലിപിയിൽ പ്രാവീണ്യമുള്ളയാളായിരുന്നു ജന്മനാ കാഴ്ചക്കുറവുള്ള അദ്ദേഹം. ഇന്ന് സർക്കാർ വിദ്യാലയത്തിൽ അധ്യാപകനായി ജോലി ചെയ്യുന്ന ഫൈസലായിരുന്നു ആദ്യ വിദ്യാർത്ഥി. അന്ധത ബാധിച്ചവരും കാഴ്ചശേഷി കുറഞ്ഞവരുമായ ധാരാളം കുട്ടികളെ സ്കൂളിലെത്തിച്ചു. അവർക്ക് വിദ്യാഭ്യാസം, താമസം, ഭക്ഷണം, തൊഴിൽപരിശീലനം തുടങ്ങി പുന

രധിവാസത്തിന്റെ എല്ലാ തലത്തിലും ജമാൽ സാഹിബ് ഒപ്പം നിന്നു. പ്രത്യേക പരിഗണന എന്നത് സഹതാപത്തിലല്ലെന്ന ബോധ്യത്തിൽ നിന്ന് സർവ്വരാലും ആദരിക്കപ്പെടുന്ന വ്യക്തിത്വമായി കുട്ടികൾ വികസിച്ചു തുടങ്ങി. സാമൂഹിക ചുറ്റുപാടിൽ കുട്ടികൾ സ്വന്തം ഇടം കണ്ടെത്തണമെന്ന നിർബന്ധം ജമാൽക്കക്ക് എന്നുമുണ്ട്. 1994 തീരും മുമ്പു തന്നെ ബധിരത മൂലം പ്രയാസപ്പെടുന്ന കുട്ടികൾക്കും പ്രവേശനം നൽകിത്തുടങ്ങിയിരുന്നു. സമീപ ജില്ലകളിൽ നിന്നും അതിർത്തി സംസ്ഥാനങ്ങളിൽ നിന്നും കുട്ടികൾ പഠിക്കാനെത്തി. വയനാട് ഓറ്ഫനേജ് സ്കൂൾ ഫോർ ബ്ലൈന്റ് ആന്റ് ഡഫ് എന്ന പേരിൽ വിദ്യാലയം അറിയപ്പെട്ടു.

വികലാംഗർ എന്ന അഭിസംബോധന നിയമപരമായി നിരോധിച്ചതാണെങ്കിലും സർക്കാർ രേഖകളിൽ പോലും അത് തുടരുന്നതിലെ അമർഷം അദ്ദേഹത്തെ ക്ഷുഭിതനാക്കാറുണ്ട്. വ്യക്തിയുടെ മാനുഷിക അന്തസ്സ് അനാദരിക്കപ്പെടുന്നതിനെതിരെ അദ്ദേഹം തുറന്നുപറഞ്ഞ് കൊണ്ടിരുന്നു. വയനാട് ഓർഫനേജ് സ്കൂൾ ഫോർ ബ്ലൈന്റ് ആന്റ് ഡഫ് എന്നതിൽ നിന്ന് വയനാട് ഓറ്ഫനേജ് സ്പീച്ച് ആന്റ് ഹിയറിംഗ് സ്കൂൾ എന്ന പേര് മാറ്റത്തിലെ മാനുഷിക മാനം ആ നിലപാടിൽ നിന്നാണ്. വ്യക്തിയുടെ സമഗ്ര വികാസത്തിൽ ഭാഷയുടെ അനിവാര്യത വിഭാവനം ചെയ്യുമെന്ന തിരിച്ചറിവ് കൂടിയാണ് പേര് മാറ്റത്തിന്റെ താൽപര്യം. സാമഹിക ചുറ്റുപാടിൽ അവർ തിരസ്കരിക്കപ്പെടാനും മനുഷ്യവിഭവശേഷിയുടെ വികാസം പൂർണ്ണമായും സാക്ഷാത്കരിക്കപ്പെടാതിരിക്കാനും ഭാഷാപരിമിതി കാരണമാവുന്നുവെന്നും അദ്ദേഹം സമൂഹത്തോട് പങ്കുവെക്കാറുണ്ടായിരുന്നു. ഉൾക്കാഴ്ചയിലെ ആ തനത് ഭാവം മുപ്പത് വർഷം പൂർത്തിയാവുന്ന സവിശേഷ വിദ്യാലയത്തിന്റെ നാൾവഴികൾ മാത്രമല്ല, ഭിന്നശേഷിക്കാരുടെ പുനരധിവാസ കാര്യങ്ങളിൽ സമഗ്രവും പ്രതീക്ഷ നൽകുന്നവയുമായ ബഹുമുഖ പരിപാടികൾക്ക് രൂപം നൽകി വരികായുമാണ് ജമാൽക്കയുടെ നേതൃത്വത്തിൽ ഡബ്ല്യു.എം.ഒ. സംഘം.

(സച്ചരിതന്റെ ഉദ്യാനം – ജമാൽ സാഹിബിന്റെ ജീവിതം)

കേൾവി സംസാര വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസവും പുനരധിവാസവും ലക്ഷ്യമാക്കി 1993 ൽ ആരംഭിച്ചതാണ് വയനാട് ഓർഫനേജ് സ്കൂൾ ഫോർ ദി ബ്ലൈന്റ് ആന്റ് ഡഫ്. (ഡബ്ല്യു. ഒ. സ്പീച്ച് ആന്റ് ഹിയറിംഗ് സ്കൂൾ 2024) 2005 ൽ സർക്കാർ എയ്ഡഡ് പദവി ലഭിച്ചു. മുട്ടിൽ പഞ്ചായത്തിലെ കുട്ടമംഗലത്ത് വയനാട് മുസ്ലിം ഓർഫനേജിന് കീഴിലാണ് ഈ വിദ്യാലയം. ബധിരവിഭാഗത്തിൽ പ്രീ പ്രൈമറി മുതൽ ഹൈസ്കൂൾ വരെ വിദ്യാഭ്യാസത്തിന് സൗകര്യമുണ്ട്. കാഴ്ച ശേഷി ഇല്ലാത്തവർക്ക് സാധാരണ വിദ്യാലയങ്ങൾ സൗകര്യപ്പെട്ടത് കാരണം

നിലവിൽ ഈ വിഭാഗം കുട്ടികൾ പ്രവേശനം നേടുന്നില്ല. തീവ്രവും ഗുരുതരവുമായ കേൾ വെല്ലുവിളി അഭിമുഖീകരിക്കുകയും അതിനെതുടർന്ന് സംസാരഭാഷ വികസനത്തിന് പ്രയാസം നേരിടുകയും ചെയ്യുന്ന കുട്ടികളാണ് ഈ വിദ്യാലയത്തിലുള്ളത്. അതിർത്തി സംസ്ഥാനങ്ങളിലെ കുട്ടികളും ഈ സ്ഥാപനത്തെ ആശ്രയിക്കുന്നു. റെസിഡൻഷ്യൽ രീതിയിലാണ് വിദ്യാലയത്തിന്റെ പ്രവർത്തനമെങ്കിലും ആവശ്യമായ കുട്ടികൾക്ക് ബസ് സൗകര്യവും അനുബന്ധമായി ഒരുക്കിയിട്ടുണ്ട്. യൂണിഫോം, വസ്ത്രം, പാഠപുസ്തകങ്ങൾ, പഠനോപകരണങ്ങൾ, ഭക്ഷണം, ഹോസ്റ്റലിൽ താമസിക്കാനാവശ്യമായ സാമഗ്രികൾ തുടങ്ങിയവ സൗജന്യമായി നൽകുന്നു. കുട്ടികൾക്ക് വേണ്ടി മാത്രമായി കാമ്പസിൽ അലോപ്പതി, ഡന്റൽ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. അതിനാൽ ഡോക്ടർമാരുടെയും പരിചാരകലുടെയും സേവനം ലഭ്യമാണ്.

"Respect the child as a person" എന്ന തലവാചകത്തോടെ പ്രവർത്തിക്കുന്ന മാനേജ്മെന്റിന്റെ പ്രത്യേക മേൽനോട്ടത്തിലാണ് വിദ്യാലയത്തിന്റെ പ്രധാനവിജയം. പൊതുവിദ്യാഭ്യാസ വകുപ്പ് സാധാരണ വിദ്യാലയത്തിൽ നടപ്പിലാക്കുന്ന ജനറൽ കരിക്കുലവും പാഠപുസ്തകവുമാണ് ഇവിടെയും. ജനറൽ ബി.എഡ്ഡും സ്പെഷ്യൽ ബി.എഡ്ഡും (എച്ച്.ഐ.) നേടിയവരാണ് ഇവിടത്തെ അധ്യാപകർ. നാലായിരത്തോളം സാധാരണ കുട്ടികൾക്കിടയിൽ പ്രവർത്തിക്കുന്ന സവിശേഷ വിദ്യാലയം എന്ന പ്രത്യേകതയും എടുത്തുപറയേണ്ടതാണ്.



# ആമുഖം

## കാലത്തിന്റെ മാറ്റം
## പുതിയ ചുവട് വെപ്പ്

കേരളത്തിലെ പൊതു വിദ്യാലയങ്ങളുടെ പ്രവർത്തനപഥം കാലത്തിന്റെ മാറ്റങ്ങൾക്കൊപ്പം ചുവടുവെക്കുകയാണ്. വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി പരിവർത്തിപ്പിക്കുന്നതിന് സർക്കാർ കൃത്യമായ പദ്ധതികളും പരിപാടികളും ആവിഷ്കരിച്ചു നടപ്പിലാക്കുന്നു. അതിന്റെ ഭാഗമായി ശ്രവണപരമായവെല്ലുവിളി അഭിമുഖീകരിക്കുന്ന കുട്ടികൾക്കുള്ള ഈ സവിശേഷ വിദ്യാലയവും അതിന്റെ അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചയും വികാസവും ലക്ഷ്യമിട്ടാണ് സമഗ്രമായ അക്കാദമിക മാസ്റ്റർ പ്ലാനിന് രൂപം നൽകുന്നത്.

ശ്രവണ-കാഴ്ച വെല്ലുവിളി നേരിടുന്ന കുട്ടികൾ പഠിക്കുന്ന സവിശേഷ വിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രമായി ഉയർത്തിക്കൊണ്ടുവരാൻ സർക്കാർ ഏറ്റെടുക്കുന്ന നടപടികൾ ശ്ലാഘനീയമാണ്. അത് സമയബന്ധിതമായും ശാസ്ത്രീയമായും നടപ്പിലാക്കുകയാണെങ്കിൽ ഈ മേഖലയിൽ വലിയ കുതിച്ചുചാട്ടത്തിന് വഴിതുറക്കും. ഭാഗികമായും തീവ്രമായും ശാരീരിക പരിമിതി നേരിടുന്ന കുട്ടികളായതിനാലും കൃത്യവും വ്യക്തവുമായ മുന്നൊരുക്കം അനിവാര്യമാണ്. കുട്ടികൾ താമസിച്ചുപഠിക്കുന്ന വിദ്യാലയം എന്ന നിലയിൽ അവരുടെ റസിഡൻഷ്യൽ സൗകര്യങ്ങളിലും പ്രതീക്ഷിത മുന്നേറ്റം കൈവരിക്കാനാകണം.

വിദ്യാലയത്തിന്റെ ഭൗതിക-സാമൂഹിക-സാമ്പത്തിക-അക്കാദമിക വികാസത്തിനും കുട്ടികളുടെ ശാരീരിക-മാനസിക വളർച്ചക്കും പര്യാപ്തമായ ഒരു മാസ്റ്റർ പ്ലാൻ മികവിന്റെ വിദ്യാലയം എന്ന കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ആസൂത്രണം ചെയ്യുകയാണ് ഈ പരിശ്രമത്തിന്റെ താൽപര്യം.

## സമഗ്രമാറ്റമാണ്

# ലക്ഷ്യം

1. ഗുണമേന്മയുള്ള വ്യക്തിഗത വിശേഷ വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പാക്കി ഈ സ്ഥാപനത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക.
2. ഓരോ കുട്ടിയേയും മികച്ച ശ്രവണ-ഭാഷാ-സംസാര പരിശീലനം ലഭ്യമാക്കി അവരെ മുഖ്യധാരയിലേക്കെത്തിക്കുക.
3. ശ്രവണം, സ്പീച്ച് റീഡിംഗ്, വായന, സംസാരം, എഴുത്ത്, ആംഗ്യഭാഷ (ഐ.എസ്.എൽ.) എന്നീ മാർഗ്ഗങ്ങളിലൂടെ ഭാഷാപരമായ നൈപുണികൾ ഫലപ്രദമായി വികസിപ്പിച്ച് ഓരോ കുട്ടിയേയും കുടുംബത്തോടും ബധിര സമൂഹത്തോടും പൊതു സമൂഹത്തോടും കാര്യക്ഷമമായി ആശയവിനിമയം നടത്താനുള്ള മതിയായ പ്രാപ്തിയുള്ളവരാക്കുക.
4. സ്കൂളിലെ എല്ലാ കുട്ടികളും അതാത് ക്ലാസ്സിൽ അവർ നേടേണ്ട പഠന നേട്ടങ്ങൾ കൈവരിച്ചു എന്നുറപ്പാക്കുക.
5. ഈ സ്ഥാപനത്തിൽ നിന്ന് എസ്.എസ്.എൽ.സി.പഠനം പൂർത്തയാക്കുന്ന എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ആംഗ്യഭാഷ (ഐ.എസ്.എൽ.) എന്നീ ഭാഷകളിൽ ആശയ വിനിമയം നടത്തുവാനുള്ള ശേഷി - ഫംഗ്ഷണൽ ലാംഗ്വേജ് എന്ന തലത്തിലെങ്കിലും - പരമാവധി വികസിപ്പിക്കുക.
6. കുട്ടികളുടെ അക്കാദമികവും സർഗ്ഗാത്മകവും കായികവും കലാപരവുമായ കഴിവുകൾ പരമാവധി പരിപോഷിപ്പിക്കുകയും അക്കാദമികം, കല, കായികം, പ്രവൃത്തിപരിചയം എന്നീ നാലു മേഖലകളിൽ ഏതെങ്കിലും ഒന്നിലെങ്കിലും എല്ലാ കുട്ടികളേയും സംസ്ഥാന തലത്തിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ സജ്ജരാക്കുകയും ചെയ്യുക.
7. പത്താം തരം പഠനം പൂർത്തിയാക്കുന്ന എല്ലാ കുട്ടികൾക്കും അവരവരുടെ കഴിവ്, താൽപര്യം, അഭിരുചി, സാധ്യത എന്നിവക്കനുസരിച്ച് ചുരുങ്ങിയത് ഒരു തൊഴിലെങ്കിലും മതിയായ പരിശീലനം നൽകുകക.
8. ''ക്യാമ്പസ് ഒരു പാഠപുസ്തകം'' എന്ന രീതിയിൽ സ്കൂൾ ക്യാമ്പസിനെ മാറ്റിയെടുക്കുക.
9. കുട്ടിയുടെ വ്യക്തിത്വം, സാമൂഹിക-രാഷ്ട്രീയ ബോധം, ധാർമികചിന്ത എന്നിവ വളർത്തെയുടുക്കുക.
10. കുട്ടിയുടെ കലാ-കായിക മികവിനെ പരിപോഷിപ്പിക്കുക.

# വിദ്യാലയത്തെക്കുറിച്ചുള്ള
# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഡബ്ല്യു.എം.ഒ. സ്പീച്ച് ആന്റ് ഹിയറിംഗ് സ്കൂൾ മുട്ടിൽ |
| വിലാസം | : | മാണ്ടാട് പി.ഒ., മുട്ടിൽ വഴി, കൽപ്പറ്റ വയനാട്. പിൻ - 673122 |
| ഫോൺ | : | 9744067001 |
| ഇ.മെയിൽ | : | wmospecials@gmail.com |
| പ്രധാനധ്യാപികയുടെ പേര് | : | റിഷാദ് ഇ.ടി. |
| ഫോൺ | : | 9447808844 |
| റവന്യു ജില്ല | : | വയനാട് |
| വിദ്യാഭ്യാസ ജില്ല | : | വയനാട് |
| ഉപജില്ല | : | സുൽത്താൻ ബത്തേരി |
| സ്കൂൾ കോഡ് | : | 50024 |
| ബി.ആർ.സി. | : | സുൽത്താൻ ബത്തേരി |
| ലോക്സഭാ മണ്ഡലം | : | വയനാട് |
| നിയമസഭാ മണ്ഡലം | : | കൽപ്പറ്റ |
| ജില്ലാപഞ്ചായത്ത് | : | വയനാട് |
| ബ്ലോക്ക് പഞ്ചായത്ത് | : | കൽപ്പറ്റ |
| ഗ്രാമപഞ്ചായത്ത് | : | മുട്ടിൽ |
| വാർഡ് | : | 14 |
| താലൂക്ക് | : | വൈത്തിരി |
| വില്ലേജ് | : | മുട്ടിൽ സൗത്ത് |

# ഉള്ളടക്കം


അവസ്ഥാ വിശകലനം ........ 10

കാഴ്ചപ്പാടിന്റെ ഉള്ളടക്കം ........ 14

പദ്ധതികൾ - പരിപാടികൾ ........ 17

ഭാഷാ പിന്നോക്കാവസ്ഥ ........ 40

പരിഹാര നിർദേശങ്ങൾ ........ 57

പ്രവർത്തന പദ്ധതി വിശകലനം ........ 62

വിഷയാധിഷ്ഠിത ആസൂത്രണം ........ 70


വിദ്യാലയം മികവിന്റെ കേന്ദ്രം

അന്താരാഷ്ട്ര നിലവാരത്തിലേക്ക്

## ഡബ്ല്യു.ഒ.സ്പീച്ച് ആന്റ് ഹിയറിംഗ് സ്കൂൾ

# അവസ്ഥാ വിശകലനം

### ഭൗതികം - നേട്ടങ്ങൾ

ചുറ്റുമതിലുള്ള രണ്ടേക്കർ സ്ഥലത്താണ് ഈരു നില കോൺക്രീറ്റ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. കവാടവും കളിസ്ഥലവും ഉണ്ട്. കെട്ടിടവും ക്ലാസ് മുറികളും വൈദ്യുതീകരിച്ചതും നിലം കടപ്പ കല്ല് പാകിയതുമാണ്. 11 ക്ലാസ് മുറികൾ സജ്ജമാണ്. എല്ലാ കുട്ടികൾക്കും ഇരിപ്പിടവും ഡെസ്കും ഉണ്ട്. ഫർണ്ണിച്ചർ, വെളിച്ചം, ഫാൻ തുടങ്ങിയ സൗകര്യങ്ങളും നിലവിലുണ്ട്. ഹെഡ്മാസ്റ്റർ മുറി, സ്റ്റാഫ് മുറി, റിക്രിയേഷൻ ഹാൾ, ആൺ-പെൺ ഹോസ്റ്റൽ, ആവശ്യത്തിന് ടോയ്‌ലറ്റുകൾ, ബാത്ത് റൂമുകൾ, ചിൽഡ്രൻസ് പാർക്ക്, ക്രാഫ്റ്റ് റൂം, കമ്പ്യൂട്ടർ ലാബുകൾ, സയൻസ് ലാബ്, ലൈബ്രറി, വായനാമൂല, ശുദ്ധജലം, പൂന്തോട്ടം എന്നിവയും ഉണ്ട്. എല്ലാ അധ്യാപകർക്കും സ്വന്തമായി ലാപ്ടോപ് ഉണ്ട്. ഹോസ്റ്റലുകളിൽ ഫർണിച്ചർ, അടുക്കള, ഡൈനിംഗ് ഹാൾ, ശുചിമുറി, കട്ടിൽ, ബെഡ്, ലോക്കർ തുടങ്ങിയ സൗകര്യങ്ങളും സജ്ജമാണ്.

### ഭൗതികം - പരിമിതികൾ

ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്നത് വിദ്യാലയത്തിന്റെ വികസനത്തിന് തടസ്സമായി നിലനിൽക്കുന്നു. സ്പീച്ച് തെറാപ്പി യൂണിറ്റ്, ലാഗ്വേജ് ലാബ്, ഗണിത ലാബ്, ബയോളജി ലാബ്, കെമിസ്ട്രി ലാബ്, ഫിസിക്സ് ലാബ് എന്നിവ പഠന പ്രവർത്തനങ്ങൾക്ക് അനിവാര്യമായും സജ്ജമാക്കേണ്ടതാണ്. എന്നാൽ അതിനാവശ്യമായ മുറികൾ നിലവിലില്ല. ഓപൺ എയർ സ്റ്റേജ് ഓഡിറ്റോറിയം, സോളാർ പാനലുകൾ, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയ ആവശ്യങ്ങളും പരിഹരിക്കപ്പെടാതെയുണ്ട്.

ആൺ-പെൺ ഹോസ്റ്റൽ കെട്ടിടം ഉണ്ടെങ്കിലും സ്കൂളിനോട് ചേർന്ന് ഹൈടെക് ഹോസ്റ്റൽ യാഥാർത്ഥ്യമാക്കണമെന്ന് ആവശ്യവും നിലനിൽക്കുന്നു.

### അക്കാദമികം - നേട്ടങ്ങൾ

2012-13 അധ്യയന വർഷത്തിലാണ് വിദ്യാലയത്തിൽ നിന്നും ആദ്യ എസ്.എസ്.എൽ.സി. ബാച്ച് 100 ശതമാനം വിജയവുമായി പുറത്തിറങ്ങിയത്. അതിന് മുമ്പ് ഏതാനും

വർഷങ്ങളിൽ കുട്ടികളെ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തി എസ്.എസ്.എൽ.സി. പരീക്ഷ എഴുതിക്കുന്നതായിരുന്നു പതിവ്. അക്കാലയളവിലും നൂറ് ശതമാനം വിജയം തുടർന്നു പോന്നു.

പ്രീ പ്രൈമറി മുതൽ പത്ത് വരെ ക്ലാസുകൾ പ്രവർത്തിക്കുന്നതാണ് ഈ വിദ്യാലയം. ഇവിടെ പഠിക്കുന്നത് ശ്രവണപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളായതിനാൽ അവരുടെ ഭാഷാ പരിപോഷണം പ്രധാന ലക്ഷ്യമായി ഏറ്റെടുക്കുന്ന പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

## അക്കാദമികം – പരിമിതികൾ

* ഒന്ന് മുതൽ പത്ത് വരെ ക്ലാസുകൾക്ക് സർക്കാർ എയ്ഡഡ് പദവിയുണ്ട്. എന്നാൽ ക്ലാസുകൾക്ക് മതിയായ എണ്ണം അധ്യാപക തസ്തിക അനുവദിക്കാത്തത് വിദ്യാലയത്തിന്റെ അക്കാദമിക മികവിന് സാരമായി ബാധിക്കുന്നതാണ്. പ്രധാന അധ്യാപിക ദിവസം നാലിലധികം പിരിയഡുകൾ ക്ലാസുകളിൽ അധ്യാപനത്തിന്റെ അധിക ചുമതലകൂടി നിർവ്വഹിക്കുകയാണ്. ക്ലാർക്ക്, പ്യൂൺ തുടങ്ങിയ തസ്തികകളും ഇല്ല. അതും പ്രധാന അധ്യാപികയുടെയും മറ്റു അധ്യാപകരുടെയും ജോലിഭാരം വർദ്ധിപ്പിക്കുന്നതാണ്.

* കൃത്യമായ പ്രീ സ്കൂൾ അനുഭവങ്ങൾ ഇല്ലാതെയും വളരെ വൈകിയ പ്രായത്തിലും ഉള്ള കുട്ടികളാണ് പ്രവേശനം നേടുന്നത്. അക്കാദമിക നിലവാരത്തെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നമാണിത്. സ്കൂൾ റെഡിനെസ് ആർജിക്കാത്തവരും ഒരു അക്ഷരം പോലും കേട്ടുശീലിക്കാത്തവരുമാണ് ഭൂരിപക്ഷം കുട്ടികളും.

* ഇത്തരം കുട്ടികൾക്ക് സ്പീച്ച് തെറാപ്പി നൽകുന്നതിനോ തെറാപ്പിയൂട്ടിക് പരിശീലനത്തിലൂടെ അവരെ പഠിപ്പിക്കാനോ അധ്യാപകർക്ക് ശാസ്ത്രീയ പരിശീലനം ലഭിച്ചിട്ടില്ല.

* ശ്രവണപരമായ വെല്ലുവിളി അഭിമുഖീകരിക്കുന്ന കുട്ടികൾ ആയതിനാൽ അവരുടെ ഭാഷാ വികസനത്തിന് ഊന്നൽ നൽകേണ്ടതുണ്ട്. സ്പീച്ച് തെറാപ്പി പരിശീലനം അനിവാര്യമാണ്. വിദഗ്ധരുടെ സേവനം ആവശ്യമാണ്. എന്നാൽ വിദ്യാലയത്തിൽ സ്പീച്ച് തെറാപ്പിസ്റ്റ് നിലവിലില്ല.

* ഈ വിദ്യാലയത്തിലെ എല്ലാ കുട്ടികളും തീവ്രമായ ശ്രവണ വൈകല്യം നേരിടുന്ന

വരോ, ഗുരുതര ശ്രവണ വൈകല്യം നേരിടുന്നവരോ ആണ്. അതിനാൽ ഭാഷാപരമായ നൈപുണികൾ സ്വായത്തമാക്കുന്നതിലും പ്രയോഗിക്കുന്നതിലും സാരമായ പരിമിതികൾ നേരിടുന്നവരാണ്.

* ശ്രവണപരമായ വെല്ലുവളി നേരിടുന്ന കുട്ടികളിൽ അനുബന്ധ പരിമിതികൾ ഉള്ളവരും ഉണ്ട്. അവർക്ക് വേണ്ടി പ്രത്യേക ബോധന പ്രവർത്തനങ്ങൾ ഒരുക്കാൻ ആവശ്യമായ പരിശീലനം അധ്യാപകർക്ക് ലഭിച്ചിട്ടില്ല.

* ശ്രവണപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളായതിനാൽ അവരുമായുള്ള ആശയവിനിമയം പ്രയാസകരമാവാറുണ്ട്. ക്ലാസ് മുറികളിൽ അധ്യാപകരും വീട്ടിൽ കുടുംബവും പൊതു ഇടങ്ങളിൽ സമൂഹവും ഇതുമൂലം പ്രയാസപ്പെടുന്നു. കുട്ടികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും സമൂഹത്തിനും ശാസ്ത്രീയമായ ഇന്ത്യൻ സൈൻ ലാംഗ്വേജ് (Indian Sign Language ISL) പരിശീലനം ലഭിച്ചിട്ടില്ല.

* അധ്യാപകർക്ക് സ്പെഷ്യൽ റിഫ്രഷ്മെന്റ് കോഴ്സുകൾ ലഭിക്കുന്നില്ല.

* സാധാരണ വിദ്യാലയങ്ങളിൽ തുടർന്നു പോരുന്ന പാഠ്യപദ്ധതി ശ്രവണ പരിമിതി നേരിടുന്ന കുട്ടികൾക്ക് വേണ്ടി ശാസ്ത്രീയമായി അനുരൂപീകരണം നടത്തിയതല്ല. ഇത്തരം കുട്ടികൾക്ക് പ്രത്യേകം പാഠ്യപദ്ധതി അനിവാര്യമാണ് എന്നിരിക്കെ നിലവിലെ പാഠപുസ്തകങ്ങൾ കുട്ടികളുടെ പഠന താൽപരത കുറക്കുന്നതും പഠനത്തെ ദോഷകരമായി ബാധിക്കുന്നതുമാണ്.

* എല്ലാ ക്ലാസുകളിലും പ്രൊജക്ടർ, ലാപ്ടോപ്പ് തുടങ്ങിയ വിവര സാങ്കേതിക ഉപകരണങ്ങൾ ഉണ്ട്. എന്നാൽ അവ കാര്യക്ഷമമായി വിനിയോഗിക്കാൻ ആവശ്യമായ പരിശീലനം അധ്യാപകർക്ക് ലഭിച്ചിട്ടില്ല.

* കായിക അധ്യാപകൻ ഇല്ലാത്തത് കുട്ടികളുടെ കായിക വികസന സാധ്യത വളരെയധികം പരിമിതപ്പെടുത്തുന്നു.

## സാമൂഹികം - നേട്ടങ്ങൾ

* ഭരണ സംവിധാനങ്ങളുടെ പിന്തുണ ഊർജ്ജം നൽകുന്നതാണ്.

* ജനപ്രതിനിധികൾ കൂടെയുണ്ട്.

* സ്കൂൾ മാനേജ്മെന്റിന്റെ ജനകീയ അടിത്തറ മുതൽക്കൂട്ടാണ്.

* രക്ഷിതാക്കൾ, നാട്ടുകാർ, പൂർവ്വ വിദ്യാർത്ഥികൾ വിദ്യാലയത്തിന്റെ സഹയാത്രികരാണ്.

## സാമൂഹികം - പരിമിതികൾ

* രക്ഷിതാക്കളുടെ അവബോധക്കുറവ്
* കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കൾക്ക് കൃത്യമായി ഇടപെടാൻ കഴിയാത്തത്.
* ജനപ്രതിനിധികളിലും ഭരണ സംവിധാനങ്ങളിലും നിലനിൽക്കുന്ന ധാരണക്കുറവ്.
* രക്ഷിതാക്കളിലെയും സമൂഹത്തിലെയും ആംഗ്യഭാഷാ നിരക്ഷരത.
* രക്ഷാകർതൃ മിറ്റിംഗുകളിലെ പങ്കാളിത്തക്കുറവ്.
* പൂർവ്വ വിദ്യാർത്ഥികളുടെ ഇടപെടൽ തൃപ്തികരമല്ല.



# വിദ്യാലയം മികവിന്റെ കേന്ദ്രം
# കാഴ്ചപ്പാടിന്റെ ഉള്ളടക്കം

* ഒന്നു മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന ഓരോ കുട്ടിയുടെയും ധാരണ, കാഴ്ചപ്പാട്, കഴിവ്, ശേഷി തുടങ്ങിയവ അന്താരാഷ്ട്ര നിലവാരത്തിൽ ഉയരുന്നു എന്ന് ഉറപ്പുവരുത്തുന്നു.

* എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാകുന്നു.

* ലോകത്തെ അറിയാനും സ്വയം ഉണരാനുമുള്ള ധാർമികമൂല്യം, സാംസ്കാരിക മൂല്യം, ജനാധിപത്യ മൂല്യം, സാമൂഹികമാനം, മത നിരപേക്ഷത വികസിക്കാനാവശ്യമായ ബോധം ഓരോ കുട്ടിയിലും ഉറപ്പുവരുത്തുന്നു.

* കുട്ടികളിൽ സർവ്വ ലൗകിക ധാർമ്മിക മൂല്യങ്ങൾ രൂപപ്പെടാൻ അവസരം സൃഷ്ടിക്കുന്നു.

* ധാർമ്മികച്യൂതി, മൂല്യരാഹിത്യം തിരിച്ചറിയുന്ന ധാർമ്മികബാല്യകാലം ഉറപ്പാക്കുന്നു.

* കുട്ടികളിലും നന്മ, സ്നേഹം, സഹിഷ്ണുത, സഹാനുഭൂതി, സഹകരണം, തുല്യ, സഹവർത്തിത്വം, അനുതാപം വളർത്തിയെടുക്കാനുള്ള സാഹചര്യം ഒരുക്കുന്ന സർവ്വ തിൻമയെ തിരിച്ചറിയുന്ന ശാന്തിയും സമാധാനവും ആഗ്രഹിക്കുന്ന വ്യക്തിത്വം രൂപപ്പെടുത്താൻ പിന്തുണ നൽകുന്നു.

* ആഗോളവൽക്കരണ പശ്ചാത്തലത്തിൽ കുട്ടികളുടെ വ്യക്തിത്വം ആത്മീയത, ധാർമ്മികത നഷ്ടപ്പെടാതെ സൂക്ഷിക്കാൻ അവരെ പ്രാപ്തരാക്കേണ്ടതുണ്ട്.

* കുട്ടികളുടെ കഴിവുകൾ കണ്ടെത്താനും പരിമിതികളെ മറികടക്കാനും അവസരങ്ങൾ സൃഷ്ടിക്കുന്നു.

* പുതിയ കാലക്രമത്തിൽ ജീവിക്കാൻ തലമുറയിൽ അറിവും പ്രാപ്തിയും ആത്മവിശ്വാസവും ആർജ്ജിക്കാനുള്ള ജീവിത അന്തരീക്ഷം സൃഷ്ടിക്കുന്നു.

* ഉത്തമ മനുഷ്യൻ ഭൂമുഖത്ത് ജീവിക്കാനും, തത്വശാസ്ത്രങ്ങളും ദർശനങ്ങളും ഉൾക്കൊള്ളാനും കുട്ടികളെ പ്രാപ്തരാക്കുന്നു.

* സ്കൂൾ ഇന്റലിജൻസ് വികസിപ്പിച്ച് കുട്ടികളിൽ സർഗ്ഗാത്മകത പഠിപ്പിക്കുകയും മൂല്യങ്ങളുടെ ഉറവിടമായ കുടുംബവും സാമൂഹികരണത്തിന് അടിത്തറയിടുന്ന വിദ്യാലയവും തമ്മിലുള്ള പരസ്പര ബന്ധം തിരിച്ചറിയാൻ അവസരം സൃഷ്ടിക്കുന്നു.

* സ്നേഹം, സൗഹൃദം, വിശ്വാസ്യത, സത്യസന്ധത, മുതിർന്നവരെ ആദരിക്കൽ, മുതിർന്നവരെ പരിപാലിക്കൽ, മാതാപിതാക്കളെ അനുസരിക്കൽ, നീതി, ഉത്തരവാദിത്വം, കർത്തവ്യബോധം, തുടങ്ങി സർവ്വ ലൗകിക മൂല്യങ്ങൾ സ്വായത്തമാക്കാൻ സ്കൂൾ കാലം പ്രയോജനപ്പെടുത്തുന്നു.

* പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, മാലന്യ നിർമ്മാർജന അവബോധം, ലിംഗാവബോധം, തുടങ്ങിയവക്ക് ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുന്നു.

* പ്രാപഞ്ചിക ഘടനയും വ്യവസ്ഥയും തകരാതെ സൂക്ഷിക്കുക, അവരെ നിർമ്മാണാത്മകമാക്കുക, മാനവമൂല്യത്തിന് പ്രയോജനപ്പെടുത്തുക. ഇപ്രകാരം കരുതലോടെ വേണം ഭൂമിയിൽ ജീവിക്കേണ്ടതെന്ന ദൗത്യചിന്ത സൃഷ്ടിക്കുന്നു.

* ഈ പ്രവഞ്ചത്തിലുള്ള ജൈവികവും ജൈവികേതരവുമായ ശതകോടി സൃഷ്ടിജാലങ്ങൾക്കും തന്നെപ്പോലെ നിലനിൽക്കാനും സ്വൈര്യവിഹാരം നടത്താനും അവകാശവും സ്വാതന്ത്ര്യവും ഉണ്ടെന്ന തിരിച്ചറിവ് ഉണ്ടാക്കിയെടുക്കുന്നു.

* സ്കൂൾ കാമ്പസിനെ ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ കാമ്പസ് ജൈവ വൈവിധ്യ ഉദ്യാനമാക്കി മാറ്റുന്നു.

* വിദ്യാലയ ചുവരുകൾ ഒരു പഠന ഉപകരണം എന്ന ആശയം ''ബാല'' (Building As a Learning Aid) നടപ്പാക്കുന്നു.

* വായനശാല, ലബോറട്ടറി, കമ്പ്യൂട്ടർ ലാബുകൾ ആധുനികവൽക്കരിക്കുന്നു.

* 18 വയസ്സ് ആകുന്നതോടെ കുട്ടിയുടെ തൊഴിൽ നൈപുണി വികസിപ്പിക്കാൻ സാഹചര്യം ഒരുക്കുന്നു.

* വിദ്യാലയത്തിൽ തൊഴിൽ/പ്രവർത്തിപരിചയം എന്നിവുടെ പരിശീലനത്തിന് ട്രെയ്നിംഗ് സെന്റർ സ്ഥാപിക്കുന്നു.

* കുട്ടിയുടെ സർഗ്ഗാത്മകമായ എല്ലാ കഴിവുകളും വികസിപ്പിക്കേണ്ടതുണ്ട്. അതിനുള്ള പരിശീലനങ്ങൾ ഒരുക്കുന്നു.

* പഠനത്തിലെ പിന്നോക്കക്കാർക്ക് പ്രത്യേക സൗകര്യം.
* ഭൗതിക-മാനസിക-സാംസ്കാരിക സൗകര്യങ്ങൾ പാഠ്യേതര പ്രവർത്തനങ്ങൾക്ക് ഉതകും വിധം മെച്ചപ്പെടുത്തുന്നു.
* വിദ്യാഭ്യാസത്തിൽ ജനാധിപത്യവൽക്കരണം അർത്ഥ പൂർണ്ണമാകേണ്ടതുണ്ട്.
* കുട്ടികളിൽ ലഹരിവിരുദ്ധ മനോഭാവം വളർത്തി എടുക്കുന്നു.
* വിദ്യാലയത്തിൽ മാലിന്യ നിക്ഷേപ സൗകര്യം ഒരുക്കുന്നു. ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നു.
* അവസരതുല്യത, സാമൂഹ്യനീതി, ഗുണം എന്നിവ ഉറപ്പാക്കുന്ന പഠന പരിസരവും പഠനാന്തരീക്ഷവും വികസിപ്പിക്കുന്നു.
* എല്ലാ ക്ലാസ് മുറികളിലും സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിന് ഹൈടെക് ആക്കി മാറ്റുന്നു.
* ശാസ്ത്രീയമായി പ്രീ സ്കൂൾ സംവിധാനം യാഥാർത്ഥ്യമാക്കുന്നു.
* ജനകീയ സംവിധാനങ്ങളെ വിദ്യാലയത്തിന് വേണ്ടി പ്രയോജനപ്പെടുത്തുന്നു.
* കുട്ടികൾക്കായി കൗൺസിലിംഗ് സൗകര്യം ഒരുക്കുന്നു.
* പ്ലാസ്റ്റിക് വിമുക്ത, കീടനാശിനി വിമുക്ത, ലഹരി വിമുക്ത കാമ്പസ് രൂപപ്പെടുത്തുന്നു.
* കുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കാൻ പരിശീലനം അതിനാവശ്യമായ സൗകര്യങ്ങൾ, ഫിറ്റ്നസ് സെന്റർ എന്നിവ യാഥാർത്ഥ്യമാക്കുന്നു. നീന്തൽ പരിശീലനം ഒരുക്കുന്നു.
* കലാ പ്രവൃത്തി പരിചയത്തിന് പരിശീലനം നൽകുന്നു.

# മികവിന്റെ കേന്ദ്രം എന്ന ലക്ഷ്യത്തിലേക്ക്

## പദ്ധതികൾ, പരിപാടികൾ

**ഭൗതികം**

* അഞ്ച് ക്ലാസ് മുറികൾ
* വിദ്യാലയത്തോട് ചേർന്ന് ആധുനിക സംവിധാനത്തോടെയുള്ള ആൺ-പെൺ ശിശു സൗഹൃദ ഹോസ്റ്റൽ
* സ്പീച്ച് തെറാപ്പി യൂണിറ്റ്
* ഓഡിയോളജി ലാബ്
* തൊഴിൽ പരിശീലന കേന്ദ്രം
* പ്രവർത്തി പരിചയ പരിശീലന കേന്ദ്രം
* കേന്ദ്രീകൃത ഇന്റർനെറ്റ് സംവിധാനം
* ഓപ്പൺ എയർ സ്റ്റേജ്
* ഓഡിറ്റോറിയം
* സോളാർ പാനൽ
* മാലിന്യ സംസ്കരണം, ബയോഗ്യാസ്
* കളിസ്ഥലം
* ചിൽഡ്രൻസ് പാർക്ക് നവീകരണം
* ഫിറ്റ്നസ് സെന്റർ
* ഓഡിയോ വിഷ്വൽ ലാബ്
* ക്രിയേറ്റീവ് കോർണർ

**അക്കാദമികം**

* Building As a Learning Aid - BALA എന്ന നയം നടപ്പിലാക്കൽ
* കെട്ടിടം ഉപകരണങ്ങൾ, സാമഗ്രിഗൾ, ഫർണ്ണിച്ചർ, കളിസ്ഥലം, പൂന്തോട്ടം എന്നിവയുടെ നാമകരണം.

* ഭാഷാ പരിപോഷണം
* വായനാമൂല നവീകരണം
* ഡിജിറ്റൽ ശ്രവണ സഹായി ലഭ്യമാക്കൽ
* ശിശു സൗഹൃദ വിദ്യാലയം
* മോഡൽ പ്രീ സ്കൂൾ
* വ്യക്തിഗത സംസാര പരിശീലനം - ഓഡിയോളജിസ്റ്റ്/സ്പീച്ച് തെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കുക.
* ശ്രവണ പരിശീലനം
* ഭാഷാ-സംസാര പരിശീലന പാക്കേജ്
* ഭാഷാ പരിപോഷണ പരിപാടികൾ
* ഭാഷാ ശേഷി വികസനം/പ്രത്യേക ഭാഷാ ബോധന തന്ത്രങ്ങൾ
* ഭാഷാ ലാബ്
* പിക്ചർ ഡിക്ഷണറി
* ടോയ് ലൈബ്രറി
* കുട്ടികളിൽ വായനാശീലം വളർത്തൽ/വായന പരിപോഷണം
* ക്ലാസ് ലൈബ്രറി
* സ്കൂൾ ഡയറി
* പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക കോച്ചിംഗ്
* പരിഹാര ബോധനം/സഹപാഠിക്കൊരു കൈത്താങ്ങ്
* അവധിക്കാല മെഡിക്കൽ ക്യാമ്പ്/ബോധവൽക്കരണം
* സ്മാർട്ട് ചൈൽഡ്
* ഒന്നാം ക്ലാസ്സ് ഒന്നാംതരം
* എല്ലാ പ്രൈമറി ക്ലാസ്സിലും സ്മാർട്ട് ടി.വി.
* എല്ലാ ക്ലാസിലും പ്രൊജക്ടർ

* കുട്ടിയെ അറിയുക - ഗൃഹസന്ദർശനം
* കുട്ടികൾക്ക് ആംഗ്യഭാഷ - Indian Sign Language (ISL) പരിശീലനം
* ഹൈടെക് ക്ലാസ്സ് റൂമുകൾ
* നല്ല കയ്യക്ഷരം
* കമ്പ്യൂട്ടർ ലാബിന്റെ ശാക്തീകരണം
* പഠനോപകരണങ്ങളുടെ റിസോഴ്സ് റൂം
* പഠന ഉപകരണ നിർമ്മാണം
* ശാസ്ത്ര ലബോറട്ടറികളുടെ ശാക്തീകരണം
* സൈക്കോളജി ലാബ്
* ഗണിത ലാബ് സജ്ജീകരിക്കുക.
* അധ്യാപക ശാക്തീകരണ പരിപാടികൾ - അദ്ധ്യാപകർക്ക് റിഫ്രഷർ കോഴ്സ് (Modes of communication)
* അധ്യാപക പരിവർത്തനം
* അധ്യാപകർക്ക് ഐ.ടി.പരിശീലനം
* അധ്യാപകർക്കും അനധ്യപകർക്കും ആംഗ്യഭാഷാ Indian Sign Language (ISL) പരിശീലനം
* രക്ഷിതാക്കൾക്ക് ആംഗ്യഭാഷാ Indian Sign Language (ISL) പരിശീലനം
* രക്ഷിതാക്കൾക്ക് കൗൺസിലിംഗ്
* പേരന്റ് ഇൻഫന്റ് പരിശീലനം
* രക്ഷിതാക്കൾക്ക് ശ്രവണ ഭാഷാ സംസാര വികാസം, പേരന്റിംഗ്, ശ്രവണ സഹായി കളുടെ ഉപയോഗം എന്നീ മേഖലകളിൽ പരിശീലനം
* തൊഴിൽ പരിശീലനം
* പ്രവർത്തിപരിചയ ശിൽപശാല
* ആരോഗ്യ കലാകായിക പ്രവർത്തി പരിചയ വിദ്യാഭ്യാസം
* ക്രിയേറ്റീവ് കോർണർ

* ചിത്രരചനാക്യാമ്പ്, ചിത്ര പ്രദർശനം
* കലാ പരിശീലനം
* കായിക പരിശീലനം
* ക്ലീൻ കാമ്പസ്/ഗ്രീൻ കാമ്പസ്
* ജൈവ വൈവിധ്യ പാർക്കിന്റെ വിപുലീകരണം
* പച്ചക്കറിത്തോട്ടം
* ലഹരി മുക്ത വിദ്യാലയം
* പ്ലാസ്റ്റിക് മുക്ത വിദ്യാലയം
* ക്ലാസ് പി.ടി.എ. സജീവമാക്കൽ
* എസ്.ആർ.ജി. ശാക്തീകരണം

## സാമൂഹികം

* വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം
* വിദ്യാലയ മികവുകൾ പൊതുസമൂഹത്തിൽ എത്തിക്കൽ
* അംഗൻവാടികൾ കേന്ദ്രമാക്കിയ പ്രചാരണം
* സാമൂഹിക മാധ്യമങ്ങൾ ുപയോഗപ്പെടുത്തൽ, സ്കൂൾ ബ്രോഷർ
* ബോധവൽക്കരണ പരിപാടികൾ, സെമിനാറുകൾ
* കുട്ടികളുടെ ഉൽപ്പന്നങ്ങളുടെ തൽസമയ നിർമ്മാണം, പ്രദർശനം, വിൽപ്പന
* ആഘോഷങ്ങൾ
* കുട്ടികളുടെ മാഗസിൻ, ഡിജിറ്റൽ പ്രിന്റഡ്
* പൂർവ്വവിദ്യാർത്ഥി കൂട്ടായ്മ
* അധ്യാപക-രക്ഷാകർതൃ കൂട്ടായ്മ ശക്തിപ്പെടുത്തൽ

# ഭൗതികം

പേര് : **അഞ്ച് ക്ലാസ് മുറികൾ**

ഉപമേഖല : **അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യം ഒരുക്കൽ | ചുരുങ്ങിയത് അഞ്ച് ക്ലാസ് മുറികൾ പുതുതായി നിർമ്മിക്കേണ്ടതുണ്ട് | 1 വർഷം | എച്ച്.എം., സ്കൂൾ കൺവീനർ | 40 ലക്ഷം മാനേജ്മെന്റ് സ്പോൺസർ |

പേര് : **ശിശുസൗഹൃദ ആൺ-പെൺ ഹോസ്റ്റൽ**

ഉപമേഖല : **അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയത്തിനോട് ചേർന്ന് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സ്ഥാപിക്കൽ | ശിശുസൗഹൃദ ചുറ്റുപാടിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ, കളിസ്ഥലം, ചുറ്റുമതിൽ പാർക്ക്, ഐ.ടി. ഉപകരണങ്ങൾ, ഹീറ്റർ, കൂളർ കിച്ചൺ, ഡൈനിംഗ് ഹാൾ etc. | 2 വർഷം | എച്ച്.എം. | 150 ലക്ഷം മാനേജ്മെന്റ് |

പേര് : **സ്പീച്ച് തെറാപ്പി യൂണിറ്റ്**

ഉപമേഖല : **സ്വന്തം കെട്ടിട നിർമ്മാണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സംസാര ഭാഷാ വികസനത്തിന് അടിസ്ഥാന സൗകര്യം | ഒരു കുട്ടിക്ക് ചുരുങ്ങിയത് അര മണിക്കൂർ എങ്കിലും സംസാരവികസന പരിശീലനം ഉറപ്പുവരുത്തണം. | ഒരു വർഷം | എച്ച്.എം. | 25 ലക്ഷം മാനേജ്മെന്റ് |

പേര് : **ഓഡിയോളജി ലാബ്**

ഉപമേഖല : **ശ്രവണതോത് പരിശോധിക്കാനും ശ്രവണശേഷിയുടെ പ്രവർത്തനം വിലയിരുത്താനും.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ ശ്രവണതോത് ഇടക്കിടെ പരിശോധിച്ച് വിലയിരുത്തുന്നതിന് | കേൾവിയുടെ തോത് മാറിക്കൊണ്ടിരിക്കും, അത് മനസിലാക്കുന്നതിനും ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും | 1 വർഷം ഒഴിവ് ദിവസങ്ങൾ അവധിക്കാലം, | എച്ച്.എം. സ്റ്റാഫ് സെക്രട്ടറി | 9 ലക്ഷം മാനേജ്മെന്റ് |

പേര് : **തൊഴിൽ പരിശീലന കേന്ദ്രം**

ഉപമേഖല : **ശേഷി നൈപുണി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് വിവിധ തൊഴിൽ പരിശീലനം ലഭ്യമാക്കൽ | ടൈലറിംഗ് സെന്റർ, ഫാഷൻ ഡിസൈനിംഗ് സെന്റർ ആക്കി പരിവർത്തിപ്പിക്കൽ, ഫാബ്രിക്കേഷൻ പ്രിന്റിംഗ്, ഇലക്ട്രോണിക്സ് സർവീസ് തുടങ്ങിയ പരിശീലനം നൽകൽ. | 1 വർഷം | എച്ച്.എം. സ്റ്റാഫ് സെക്രട്ടറി അധ്യാപകർ | 25 ലക്ഷം മാനേജ്മെന്റ് പി.ടി.എ. |

പേര് : **പ്രവർത്തി പരിചയ പരിശീലനം**

ഉപമേഖല : **ശേഷി നൈപുണി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തിപരിചയ മേഖലയിൽ കുട്ടികളെ പ്രാപ്തരാക്കുക. | അഗർബത്തി മേക്കിംഗ്, ബാംബു പ്രൊഡക്ട്സ്, ബീഡ്സ് വർക്ക്, ബുക്ക് ബൈന്റിംഗ്, കാർഡ് & സ്ട്രോബോർഡ് വർക്ക് ക്ലേമോഡലിംഗ്, കോക്കനട്ട് ഷെൽ വർക്ക്, കയർഡോർ മാറ്റ്സ്, എംബ്രോയ്ഡറി ഫാബ്രിക് പ്രിന്റിംഗ്, യൂസിംഗ് വെഡിറ്റബിൾസ്, ഗാർമെന്റ് മേക്കിംഗ്, മെറ്റൽ എൻഗ്രേവിംഗ്, നെറ്റ് മേക്കിംഗ് (ഹാഡ്മിന്റൺ/ വോളിബോൾ), പേപ്പർ ക്രാഫ്റ്റ്, പ്ലാസ്റ്റിക് കേൻ വർക്ക് വർക്ക്, പ്രൊഡക്ട്സ് യൂസിംഗ് കോറ ഗ്രാസ്, പ്രൊഡക്ട്സ് യൂസിംഗ് റക്സിൻ, കാൻവാസ് & ലതർ, പ്രൊഡക്ട്സ് യൂസിംഗ് വേസ്റ്റ് മെറ്റീരിയൽസ്, റാറ്റൺ വർക്ക്സ്, സീ ഷെല്ല് വർക്ക്, കുട നിർമ്മാണം, വുഡ് കാർവിംഗ് എന്നീ ക്രാഫ്റ്റ് ഇനങ്ങളിൽ യു.പി. ഹൈസ്കൂൾ വിഭാഗത്തിൽ നിന്ന് ഓരോ കുട്ടികൾക്ക് വീതം തീവ്രപരിശീലനം ലഭ്യമാക്കുന്നു. | എല്ലാ വർഷവും ജൂൺ മുതൽ നവംബർ വരെ യുള്ള അവധി ദിവസ ങ്ങളിൽ | ക്രാഫ് ടീച്ചർ മാനേജ്മെന്റ് | 40000 മാനേജ്മെന്റ് പി.ടി.എ. |

പേര് : **കേന്ദ്രീകൃത ഇന്റർനെറ്റ്**

ഉപമേഖല : **സാങ്കേതിക സൗകര്യം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ ക്ലാസ്മുറികളിലും ഓഫീസ്, ലൈബ്രറി ലാബുകൾ എന്നിവിട ങ്ങളിലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കൽ | ക്ലാസുകളിൽ ഐ.ടി. സാധ്യത ഉപയോഗപ്പെ ടുത്താനും ഓഫീസ് പ്രവർത്തനം കാര്യക്ഷമ മാക്കുന്നതിനും | ഒരു വർഷം | എച്ച്.എം. | 15000 മാനേജ്മെന്റ് |

പേര് : **സ്മാർട്ട് സ്കൂൾ**

ഉപമേഖല : **വിവര സാങ്കേതിക സൗകര്യ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മികച്ച വിവരസാങ്കേ തിക പിന്തുണയുള്ള വിദ്യാലയം | എല്ലാ ക്ലാസ്സുകളിലും ലാപ്, പ്രോജക്ടർ, സ്ക്രീൻ | ഒരു വർഷം | എച്ച്.എം. | 10 ലക്ഷം എം.പി. എം.എൽ.എ. |

പേര് : **ഓപ്പൺ എയർ സ്റ്റേജ്**

ഉപമേഖല : **ജനറൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പൊതുപരിപാടികൾ ക്കായി സ്ഥിരം സംവിധാനം സജ്ജമാ ക്കുക. | പൊതുപരിപാടികൾക്കും തൽസമയം പ്രകടന ത്തിനും | 2023 ഡിസം ബർ | പി.ടി.എ. | മാനേജ്മെന്റ് പി.ടി.എ. |

പേര് : **സോളാർ പാനലുകൾ സ്ഥാപിക്കൽ**

ഉപമേഖല : **ഊർജ്ജ സംരക്ഷണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിലെ വൈദ്യുതി ഉപയോഗം മൂലമുണ്ടാ കുന്ന സാമ്പത്തിക ബാധ്യത ലഘൂകരി ക്കുക. | സ്കൂളിൽ സോളാർ പാന ലുകൾ സ്ഥാപിച്ച് ഊർ ജ്ജ സംരക്ഷണ സംവി ധാനം ഒരുക്കുന്നു. | 2023 ഡിസം ബർ | ഊർജ്ജ ക്ലബ്ബ് | 2 ലക്ഷം എം.എൽ.എ/ എം.പി. ഫണ്ട് |

പേര് : **കളിസ്ഥലം നവീകരിക്കുക.**

ഉപമേഖല : **കായിക പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് മെച്ചപ്പെട്ട കായിക പരിശീലനം ലഭ്യമാക്കുക. | സ്കൂളിലെ നിലവിലുള്ള കളിസ്ഥലം യന്ത്രസഹായ ത്തോടെ നിരപ്പാക്കുന്നു. വിവിധ ഗെയിമുകൾക്കായി പ്രത്യേകം സ്ഥലം സജ്ജമാക്കുന്നു. | 2023 ഡിസം ബർ | പി.ടി.എ. എച്ച്.എം. | 5 ലക്ഷം മാനേജ്മെന്റ് എൽ.എസ്.ജി.ഡി എം.എൽ.എ./ എം.പി. ഫണ്ട് |

പേര് : **ബയോളജി, കെമിസ്ട്രി, ഫിസിക്സ് പ്രത്യേകം ലാബ്**

ഉപമേഖല : **ജനറൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിലെ ശാസ്ത്ര പഠന സംവിധാനം മെച്ചപ്പെടുത്തുന്നു. | ബയോളജി, കെമിസ്ട്രി ഫിസിക്സ് എന്നീ വിഷയ ങ്ങൾക്ക് പ്രത്യേകം ലാബ് സജ്ജീകരിക്കുക. | 2023 ഫെബ്രു വരി | സയൻസ് ക്ലബ്ബ് എച്ച്.എം. | 3 ലക്ഷം മാനേജ്മെന്റ് പി.ടി.എ. |

പേര് : **ചിൽഡ്രൻസ് പാർക്ക് നവീകരണം**

ഉപമേഖല : **ശിശുസൗഹൃദ കാമ്പസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് മികവുറ്റ മാനസീകോല്ലാസം സാധ്യമാക്കുക. | നിലവിലുള്ള ചിൽഡ്രൻസ് പാർക്ക് അറ്റകുറ്റപ്പണികൾ നടത്തി വിപുലീകരിക്കുന്നു. | 2023 ഡിസം ബർ | പി.ടി.എ. എച്ച്.എം. | 1 ലക്ഷം മാനേജ്മെന്റ് |

പേര് : **ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് വിനോദോപാധികൾക്കുള്ള സൗകര്യമൊരുക്കൽ**

ഉപമേഖല : **വിനോദ സൗകര്യങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹോസ്റ്റലിലെ കുട്ടികൾ ക്ക് ഒഴിവ് സമയങ്ങൾ ആരോഗ്യകരമായ വി നോദങ്ങളിലേർപ്പെടാൻ അവസരമൊരുക്കുന്നു. ശാരീരിക-മാനസികാ രോഗ്യം മെച്ചപ്പെടു ത്തുന്നു. | എല്ലാ കുട്ടികൾക്കും സ്പോർട്സ് ഡ്രസ്സ് സംഘടിപ്പിക്കുക. കൂടുതൽ കളി ഉപകരണ ങ്ങൾ ലഭ്യമാക്കുക. | 2023 ഫെബ്രു വരി | എച്ച്.എം. മാട്രൺ | 25000 സ്പോൺസർ ഷിപ്പ് |

പേര് : **ശ്രവണ സഹായി റിപ്പയർ കേന്ദ്രം**

ഉപമേഖല : **ജനറൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശ്രവണ സഹായി റിപ്പയർ കേന്ദ്രം സ്ഥാപിക്കുന്നു. | മെച്ചപ്പെട്ട ശ്രവണ പരി ശീലനം കുട്ടികൾക്ക് ലഭ്യമാക്കുക. | 2023 സെപ്റ്റം ബർ | എച്ച്.എം. | 50000 പി.ടി.എ. മാനേജ്മെന്റ് |

പേര് : **പച്ചക്കറി ത്തോട്ടം**

ഉപമേഖല : **ആരോഗ്യ സംരക്ഷണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിഷരഹിത പച്ചക്കറി കൾ സ്വയം ഉൽപാദി പ്പിക്കുക. | സ്കൂൾ ഹോസ്റ്റൽ പരിസ രത്ത് ജൈവ പച്ചക്കറി ത്തോട്ടം സജ്ജീകരിക്കുക | എല്ലാ വർഷവും സെപ്തം. ഒക്ടോ. മാസ ങ്ങളിൽ | ഹോസ്റ്റൽ സ്റ്റാഫ് ഹോസ്റ്റലിലെ കുട്ടികൾ | 5000 |

# അക്കാദമികം

പേര് : **മോഡൽ പ്രീ സ്കൂൾ**

ഉപമേഖല : **ബാല്യകാല വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശ്രവണപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് കേൾവി-സംസാര പരിശീലനം ഉൾപ്പെടെ എല്ലാ സംവിധാനങ്ങളും ഉൾപ്പെട്ട മെച്ചപ്പെട്ട പ്രീ-സ്കൂൾ | ശ്രവണ-സംസാരപരിശീലനം, ഓഡിയോളജി ലാബ്, ഡിജിറ്റൽ ശ്രവണ ഉപകരണം, സവിശേഷ പരിശീലനം സിദ്ധിച്ച അധ്യാപകർ, ആയ മികച്ച ക്ലാസ് മുറി | 2023 ഡിസംബർ | എച്ച്.എം. മാനേജർ | 2 ലക്ഷം മാനേജ്മെന്റ് |

പേര് : **അസിസ്റ്റീവ് ഡിവൈസ് ലാബ്**

ഉപമേഖല : **ജനറൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയ വിനിമയം പഠനം തുടങ്ങിയവ ലളിതമാക്കൽ | വ്യക്തിഗത അംപ്ലിഫി ,യേഷൻ, വയർലെസ് ടി.വി. ലിസണിംഗ്, വൈബ്രോസ്റ്റിംഗ് അലാം. ലൈറ്റ് ഡോർ ബെൽ ആംപ്ലിഫൈഡ് ടെലിഫോൺ, ടെക്സ്റ്റിംഗ് ആപ്പ് തുടങ്ങിയവ ഒരുക്കൽ | ജൂൺ ജൂലായ് | എച്ച്.എം. പി.ടി.എ | 5 ലക്ഷം സ്പോൺസർ |

പേര് : **എല്ലാ കുട്ടികൾക്കും അനുയോജ്യമായ മികച്ച ഡിജിറ്റൽ ശ്രവണ സഹായികൾ**

ഉപമേഖല : **ശ്രവണ ഭാഷാ സംസാര ശേഷി വികാസം.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മികച്ച ശ്രവണ ഭാഷാ സംസാര പരിശീലനം ലഭ്യമാക്കുക. | ശ്രവണസഹായികൾ ഇല്ലാത്ത എല്ലാ കുട്ടികൾക്കും അനുയോജ്യമായ ഡിജിറ്റൽ ശ്രവണ സഹായികൾ ലഭ്യമാക്കി സ്കൂളിലെ ഹിയറിംഗ് എയ്ഡ് ഉപയോഗം 100% കുട്ടികളിലും ഉറപ്പുവരുത്തൽ | ഒരു വർഷം | എച്ച്.എം. എസ്.ആർ.ജി. | 40 ലക്ഷം സ്പോൺസർ |

പേര് : **വ്യക്തിഗത സംസാര പരിശീലനം**

ഉപമേഖല : **ശ്രവണ, ഭാഷാ സംസാര പരിശീലനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വ്യക്തിഗത ശ്രവണ ഭാഷാ സംസാര പരിശീലനം ലഭ്യമാക്കുക. | ഓഡിയോളജിസ്റ്റ്/ സ്പീച്ച് തെറാപ്പിസ്റ്റിന്റെ സേവനം സ്ഥാപനത്തിൽ സ്ഥിരമായി ലഭ്യമാക്കുക. | 2019 ജൂൺ മുതൽ | പി.ടി.എ. | 3 ലക്ഷം മാനേജ്മെന്റ് |

പേര് : **ശ്രവണ പരിശീലനം**

ഉപമേഖല : **ശ്രവണ, ഭാഷാ സംസാര ശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മികച്ച ശ്രവണ ഭാഷാ സംസാര പരിശീലനം ലഭ്യമാക്കുക. | ഓരോ ക്ലാസ്സിലേയും കുട്ടികളുടെ ശ്രവണ സഹായികളുടെ പ്രവർത്തനക്ഷമത എല്ലാ ആഴ്ചയിലും വിദഗ്ധർ പരിശോധിച്ച് ഉറപ്പു വരുത്തൽ | എല്ലാ ആഴ്ചയിലും | ക്ലാ ടീച്ചർ | - |

പേര് : **ഭാഷാ സംസാര പരിശീലന പാക്കേജ്**

ഉപമേഖല : **ശ്രവണ, ഭാഷാ സംസാര ശേഷി വികാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മികച്ച ശ്രവണ ഭാഷാ സംസാര പരിശീലനം ലഭ്യമാക്കുക. | നിത്യേന നിശ്ചിത സമയം എല്ലാ ക്ലാസ്സിലും ശ്രവണ പരിശീലനം നിർബ്ബന്ധമായും നടത്തുക. | എല്ലാ ദിവസവും | അതാത് ക്ലാസ് ടീച്ചർമാർ | - |

പേര് : **ഭാഷാ പരിപോഷണം**

ഉപമേഖല : **ഭാഷാ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ ഭാഷാ വികസനം സാധ്യമാക്കുന്ന വിവിധ പരിപാടികൾ ആവിഷ്ക്കൽ | വ്യക്തിഗതമായും സംഘമായും കുട്ടികൾക്ക് കേൾവി-സംസാര വികസനത്തിനും പ്രായോഗിക ഭാഷാ വികസനത്തിനും പ്രാധാന്യം നൽകൽ | ഒരു വർഷം | ക്ലാസ് ടീച്ചർമാർ എസ്.ആർ.ജി. | - |

പേര് : **ഭാഷാ പരിപോഷണം**

ഉപമേഖല : **ഭാഷാ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രത്യേക ഭാഷാബോധന തന്ത്രങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തി ഭാഷാനൈപുണി വികാസം ഉറപ്പ് വരുത്തുന്നു. | പ്രീ-പ്രൈമറി, പ്രൈമറി ക്ലാസ്സുകളിൽ സംഭാഷണം, കഥപറയൽ, സന്ദർശനം ഡയറക്ട് ആക്റ്റിവിറ്റി, വാർത്തകൾ തുടങ്ങിയ പ്രത്യേക ഭാഷാ ബോധന തന്ത്രങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുക. | എല്ലാം ദിവസവും | ക്ലാസ്സ് ടീച്ചർ | - |

പേര് : **ഭാഷാ ലാബ്**

ഉപമേഖല : **ഭാഷാ പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാ പഠനം മെച്ചപ്പെടുത്തുക. | സ്കൂളിൽ ലാംഗ്വേജ് ലാബ് സജ്ജീകരിക്കുന്നു. | 2023 മാർച്ച് | എസ്.ആർ.ജി. | 50000 സ്പോൺസർ |

പേര് : **പിക്ചർ ഡിക്ഷ്ണറി**

ഉപമേഖല : **ഭാഷാ പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ പദസമ്പത്തും ഭാഷാ നൈപുണികളും വികസിപ്പിക്കുക. | എല്ലാ ക്ലാസ്സിലേയും എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സ് നിലവാരമനുസരിച്ച് ഡിക്ഷ്ണറികൾ തയ്യാറാക്കൽ | 2023 ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ | - |

പേര് : **ടോയ് ലൈബ്രറി**

ഉപമേഖല : **മാനസിക ഉല്ലാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പുസ്തക ലൈബ്രറി മാതൃകയിൽ കളിപ്പാട്ട ലൈബ്രറി | വിദ്യാലയത്തിൽ കുട്ടികൾക്ക് കളിക്കാനും നിശ്ചിത ദിവസത്തേക്ക് കളിപ്പാട്ടങ്ങൾ കുട്ടികൾക്ക് വീട്ടിലേക്ക് കൊണ്ടുപോകുന്നതിനും സാധ്യമാകുന്ന ടോയ് ലൈബ്രറി | 2023 ജനുവരി | എസ്.ആർ.ജി. സ്റ്റാഫ് സെക്രട്ടറി | 1.5 ലക്ഷം സ്പോൺസർ |

പേര് : **ക്ലാസ് ലൈബ്രറി**

ഉപമേഖല : **വായനാ പരിപോഷണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും വായനാശീലമുള്ളവരാക്കുക. | നിലവിൽ ക്ലാസ്സ് ലൈബ്രറിയുള്ള 8-ാം ക്ലാസ്സ് ഒഴികെയുള്ള എല്ലാ ക്ലാസ്സുകളിലും ക്ലാസ്സ് ലൈബ്രറി സജ്ജീകരിക്കുന്നു. | 2023 ഡിസംബർ | ക്ലാസ്സ്ടീച്ചർമാരും ക്ലാസ് പി.ടി.എ. | ഓരോ ക്ലാസ്സിലും 25000 |

പേര് : **കുട്ടികളുടെ വായനാശീലം വളർത്തൽ**

ഉപമേഖല : **വായനാ പരിപോഷണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ വായനാ ശീലനം പരിപോഷിപ്പിക്കുകയും അതുവഴി ഭാഷാ നൈപുണി, പൊതു വിജ്ഞാനം എന്നിവ വികസിപ്പിക്കുകയും ചെയ്യുക. | വായനാ മൂലയിൽ കൂടുതൽ പത്രങ്ങളും വാരികകളും ബാലമാസികകളും സംഘടിപ്പിക്കുന്നു. | 2023 ജൂൺ | മലയാളം ക്ലബ്ബ് എസ്.ആർ.ജി. | 5000 |

പേര് : **നല്ല കയ്യക്ഷരം**

ഉപമേഖല : **കയ്യക്ഷരം മെച്ചപ്പെടുത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എഴുത്തിനെ ആകർഷകമാക്കുക. വായനാ പ്രദമാക്കുക. | കയ്യക്ഷരം മികച്ചതാക്കാൻ പ്രത്യേക പരിശീലന പരിപാടി | എല്ലാ ദിവസവും | ക്ലാസ് അധ്യാപകൻ | - |

പേര് : **കുട്ടിയെ അറിയുക (ഗൃഹ സന്ദർശനം)**

ഉപമേഖല : **ജനറൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ പഠിതാവിന്റേയും സാമൂഹിക-സാമ്പത്തികാവസ്ഥയും കുടുംബ പശ്ചാത്തലവും നേരിട്ട് മനസ്സിലാക്കുക. കുട്ടിയെ നേരിട്ടറിയുക. | ക്ലാസ്സ് ടീച്ചർമാരുടേയും ഹോസ്റ്റൽ സ്റ്റാഫിന്റേയും നേതൃത്വത്തിൽ ഓരോ കുട്ടിയുടേയും വീട് സന്ദർശിക്കുക. | ജൂൺ മുതൽ മാർച്ച് വരെ അവധി ദിവസങ്ങളിൽ | ക്ലാസ് ടീച്ചർ | - |

പേര് : **ഹൈടെക് ക്ലാസ്സ് റൂമുകൾ സജ്ജീകരിക്കുക.**

ഉപമേഖല : **ജനറൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശ്രവണ പരിമിതിയുള്ള കുട്ടികളുടെ ആശയ രൂപീകരണ പ്രക്രിയ ലളിതവും സുഗമവുമാക്കുക. ദൃശ്യ പഠന സാധ്യത പരമാവധി പ്രയോജനപ്പെടുത്തി പാഠഭാഗങ്ങളുടെ ഫലപ്രദവും കാര്യക്ഷമവുമാക്കുക. | എല്ലാ ഹൈസ്കൂൾ ക്ലാസ്സുകളിലും എൽ.സി.ഡി. പ്രൊജക്ടറുകൾ, സ്ക്രീൻ, ലാപ്ടോപ്പുകൾ എന്നിവ ലഭ്യമാക്കുക. | ഏപ്രിൽ | എച്ച്.എം. | 1000000 എം.എൽ.എ. എം.പി.ഫണ്ട് |

പേര് : **കമ്പ്യൂട്ടർ ലാബിന്റെ ശാക്തീകരണം**

ഉപമേഖല : **ജനറൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവര വിനിമയ സാങ്കേതികവിദ്യ കുട്ടികൾ സ്വായത്തമാക്കുന്നു. | കമ്പ്യൂട്ടർ ലാബിൽ മതിയായ എണ്ണം ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ ലഭ്യമാക്കുക.<br>കമ്പ്യൂട്ടർ ലാബിൽ ജനറേറ്റർ സ്ഥാപിക്കുക. | ജൂൺ | എച്ച്.എം. | 5 ലക്ഷം<br>എം.എൽ.എ<br>എം.പി. ഫണ്ട് |

പേര് : **പഠനോപകരണങ്ങളുടെ റിസോഴ്സ് റൂം**

ഉപമേഖല : **ജനറൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ വിഷയങ്ങളുടെയും പാഠഭാഗങ്ങളുടെയും ഫലപ്രദവും രസകരവുമായ വിനിമയം സാധ്യമാക്കുക. ആശയരൂപീരണ പ്രക്രിയയെ പ്രബലപ്പെടുത്തുക. | പഠനോപകരണങ്ങളുടെ ഒരു മികച്ച റിസോഴ്സ് റൂം സ്കൂളിൽ സജ്ജമാക്കുന്നു. | ഡിസംബർ | എസ്.ആർ.ജി. കരൺവീനർമാർ | 50000<br>സ്പോൺസർ |

പേര് : **ശാസ്ത്ര ലബോറട്ടറികളുടെ ശാക്തീകരണം**

ഉപമേഖല : **ജനറൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിലെ ശാസ്ത്ര പഠന സംവിധാനം മെച്ചപ്പെടുത്തുന്നു. | സ്കൂളിൽ ഓരോ ശാസ്ത്ര വിഷയങ്ങൾക്കും പ്രത്യേകം പ്രത്യേകം ലാബുകൾ സജ്ജീകരിക്കുന്നു. | ജൂൺ | ശാസ്ത്ര ക്ലബ്ബ് | 25000<br>സ്പോൺസർ |

പേര് : **ഗണിത ലാബിന്റെ ശാക്തീകരണം**

ഉപമേഖല : **ജനറൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ ഗണിത പഠനം ആസ്വാദ്യകരവും ലളിതവുമാക്കുക. | സ്കൂളിൽ ഒരു ഗണിത ലാബ് സജ്ജീകരിക്കുന്നു. | ജനുവരി | മാത്സ് ക്ലബ്ബ് | 25000<br>മാനേജ്മെന്റ് |

പേര് : **അദ്ധ്യാപകർക്ക് റഫ്രഷർ കോഴ്സ്**

ഉപമേഖല : **അദ്ധ്യാപക ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അദ്ധ്യാപകരുടെ അറിവും വൈദഗ്ദ്യവും അപ്ഡേറ്റ് ചെയ്യുക. പ്രത്യേക വിദ്യാഭ്യസ (Special education) രംഗത്തെ ഏറ്റവും പുതിയ പ്രവണതകളും പുരോഗതിയും അധ്യാപകർക്ക് പരിചയപ്പെടുത്തുന്നു. | അനുബന്ധ വൈകല്യങ്ങൾ, ആശയവിനിമയ മാർഗ്ഗങ്ങൾ (Modes of Communication), പ്രത്യേക ഭാഷാബോധന തന്ത്രങ്ങൾ (Special Technics of Teaching Language) തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധരുടെ നേതൃത്വത്തിൽ റിഫ്രഷർ കോഴ്സ് നടത്തുക. | ജൂൺ നവംബർ | എസ്.ആർ.ജി. കൺവീനർമാർ | 5000 മാനേജ്മെന്റ് |

പേര് : **അദ്ധ്യാപകർക്ക് ഐ.ടി. പരിശീലനം**

ഉപമേഖല : **അദ്ധ്യാപക ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ അദ്ധ്യാപകരെയും ഐ.ടി.അധിഷ്ഠിത ബോധനത്തിന് പ്രാപ്തരാക്കൽ. | മലയാളം, ഇംഗ്ലീഷ് ടൈപ്പ് ചെയ്യൽ, ഫയലുകൾ ഫോൾഡറുകളാക്കി സൂക്ഷിക്കുക. സി.ഡി., ഡി.വി.ഡി. പെൻഡ്രൈവ് എന്നിവയിലേക്ക് കോപ്പി ചെയ്യൽ ഉബണ്ടുവിൽ കുട്ടികൾക്കുള്ള പ്രവർത്തനങ്ങൾ പരിചയപ്പെടുത്തൽ, ഡൗൺലോഡിംഗ്, എഡിറ്റിംഗ് പേജ് സെറ്റിംഗ് ഇന്റർനെറ്റ് ഉപയോഗം വിവരങ്ങൾ, ചിത്രങ്ങൾ ഓഡിയോ, വീഡിയോ എന്നിവ കണ്ടെത്തുന്നതും സൂക്ഷിക്കുന്നതും എൽ.സി.ഡി. പ്രൊജക്ടർ ഉപയോഗിക്കുന്ന വിധം. | ഏപ്രിൽ മെയ് 10 ദിവസം | ഐ.ടി. @ സ്കൂൾ/ എച്ച്.എം. | 5000 അധ്യാപകർ |

പേര് : **അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ആംഗ്യഭാഷാ പരിശീലനം**

ഉപമേഖല : **അദ്ധ്യാപക അനദ്ധ്യാപക ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുമായി മികച്ചതും ഫലപ്രദവും സമ്പൂർണ്ണവുമായ ആശയ വിനിമയം സാധ്യമാക്കുന്നു. | അധ്യാപകർക്കും, അനദ്ധ്യാപകർക്കും കൃത്യമായ ഇടവേളകളിൽ വിദഗ്ധരുടേയും പൂർവ്വവിദ്യാർത്ഥികളുടേയും സഹായത്തോടെ Indian Sign Language (ISL) ൽ പരിശീലനം നൽകുക. | ജൂൺ മുതൽ | സ്റ്റാഫ് സെക്രട്ടറി | 20000 പങ്കാളികൾ |

പേര് : **കുട്ടികൾക്ക് ആംഗ്യഭാഷാ പരിശീലനം**

ഉപമേഖല : **ഭാഷാ പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിലെ ആശയരൂപീകരണ പ്രക്രിയ ത്വരിതപ്പെടുത്തുന്നു. ബധിര സമൂഹത്തോട് ഫലപ്രദമായി ഇടപെടാനാവശ്യമായ ആശയവിനിമയ ശേഷി കുട്ടികൾ സ്വായത്തമാക്കുന്നു. | എല്ലാ കുട്ടികൾക്കും ശാസ്ത്രീയമായ ഇന്ത്യൻ ആംഗ്യഭാഷ പരിശീലനം നൽകുന്നു. | ജൂൺ മുതൽ എല്ലാ മാസവും ഒരി ദിവസം | പൂർവ്വ വിദ്യാർത്ഥി സംഘടന | - |

പേര് : **രക്ഷിതാക്കൾക്ക് ആംഗ്യഭാഷാ പരിശീലനം**

ഉപമേഖല : **രക്ഷിതാകർതൃ ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രക്ഷിതാക്കളും കുട്ടികളുമായുള്ള ഫലപ്രദമായ ആശയ വിനിമയം സാധ്യമാക്കുക. | രക്ഷിതാക്കൾക്ക് ശാസ്ത്രീയമായ ഇന്ത്യൻ ആംഗ്യഭാഷ പരിശീലനം നൽകുന്നു. | സംപ്റ്റംബർ മുതൽ എല്ലാ മാസവും ഒരു ദിവസം | പി.ടി.എ. | 5000 പങ്കാളികൾ |

പേര് : **രക്ഷിതാക്കൾക്ക് കൗൺസിലിംഗ്**

ഉപമേഖല : **രക്ഷാകർതൃ ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭിന്നശേഷിയുള്ള കുട്ടികളുടെ മാനസിക സംഘർഷങ്ങളും, പിരിമുറുക്കവും ലഘൂകരിക്കുന്നു. | മനശാസ്ത്ര വിദഗ്ധരുടെ സഹായത്തോടെ രക്ഷിതാക്കൾക്ക് കൗൺസിലിംഗ് നൽകുന്നു. | ജൂൺ മുതൽ 3 മാസത്തിലൊരിക്കൽ | പി.ടി.എ. | 4000 പി.ടി.എ. |

പേര് : **രക്ഷിതാക്കൾക്ക് ശ്രവണഭാഷാ സംസാരവികാസം, പേരന്റിംഗ് ശ്രവണ സഹായികളുടെ ഉപയോഗം എന്നീ മേഖലകളിൽ പരിശീലനം**

ഉപമേഖല : **രക്ഷിതാകർതൃ ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ ശ്രവണ ഭാഷാ സംസാര പുരോഗതിയിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക. രക്ഷിതാക്കളെ മാതൃകാ മാതൃത്വത്തിന് പ്രാപ്തരാക്കുന്നു. | സ്കൂളിലെ സീനിയർ അധ്യപകരുടേയും മറ്റു വിഷയ വിദഗ്ധരുടേയും പങ്കാളിത്തത്തോടെ രക്ഷിതാക്കൾക്ക് ശ്രവണ ഭാഷാ സംസാരം, പേരന്റിംഗ്, ശ്രവണസഹായികളുടെ ഉപയോഗം എന്നീ മേഖലകളിൽ പരിശീലനനം നൽകുക. | ജൂൺ മുതൽ രണ്ട് മാസത്തിലൊരിക്കൽ | സ്റ്റാഫ് സെക്രട്ടറി | 5000 പി.ടി.എ. |

പേര് : **പഠന ഉപകരണ നിർമ്മാണ ശിൽപശാല**

ഉപമേഖല : **അധ്യാപക ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിഷയാധിഷ്ഠിതമായി ആവശ്യമുള്ള പഠന ഉപകരണങ്ങൾ അധ്യാപകർ സ്വയം നിർമ്മിക്കൽ | പഠനോപകരണങ്ങൾ നിർമ്മിക്കാൻ രണ്ട് ദിവസത്തെ ശിൽപശാല സംഘടിപ്പിക്കുന്നു. | സെപ്റ്റംബർ | എസ്.ആർ.ജി. | 10000 അധ്യാപകർ പി.ടി.എ. |

പേര് : **ചിത്രരചനാ ക്യാമ്പ്**

ഉപമേഖല : **കലാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗാത്മക ശേഷി കണ്ടെത്തി പരിപോഷിപ്പിക്കുക. | പെയ്ന്റിംഗ്, ഡ്രോയിംഗ് എന്നിവയിൽ പ്രത്യേക സിദ്ധിയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് വിദഗ്ധരുടെ ശിക്ഷണം കൃത്യമായി ലഭ്യമാക്കുക. | ജൂൺ മുതൽ മാസത്തിലൊരിക്കൽ | എച്ച്.എം. | 5000 പി.ടി.എ. |

പേര് : **സ്കൂൾ ഡയറി**

ഉപമേഖല : **ജനറൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അധ്യാപകരും രക്ഷിതാക്കളും ഹോസ്റ്റൽ മാട്രൺമാരും തമ്മിലുള്ള ഫലപ്രദമായ ആശയ വിനിമയം സാധ്യമാക്കുന്നു. ഹോം വർക്കുകൾ മറ്റു പഠന കാര്യങ്ങൾ എന്നിവയിലും മെച്ചപ്പെട്ട ഏകോപനം സാധ്യമാക്കുക. | എല്ലാ കുട്ടികൾക്കും പ്രത്യേകം തയ്യാറാക്കിയ സ്കൂൾ ഡയറി നൽകുന്നു. | ജൂൺ | എച്ച്.എം. | 8000 രക്ഷിതാക്കൾ |

പേര് : **പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക കോച്ചിംഗ്**

ഉപമേഖല : **പരിഹാര ബോധനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ശരാശരി നിലവാരത്തിലെത്തിക്കുക. | എല്ലാ ക്ലാസിലും എല്ലാ വിഷയത്തിലും പ്രീ-ടെസ്റ്റ് നടത്തി കുട്ടികളെ ഗ്രേഡ് ചെയ്യുന്നു. ശരാശരി നിലവാരമില്ലാത്ത കുട്ടികൾക്കായി പ്രത്യേകം വർക്ക്ഷീറ്റുകളും ലളിതമായ പഠന പ്രവർത്തനങ്ങളും പ്രത്യേകം തയ്യാറാക്കി നൽകുന്നു. | ജൂൺ നിരന്തര പ്രവർത്തനങ്ങൾ | ക്ലാസ് ടീച്ചർ | - |

പേര് : **സൈക്കോളജി ലാബ്**

ഉപമേഖല : **പെരുമാറ്റ ഗവേഷണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ മനശാസ്ത്ര മേഖലകളിൽ ഗവേഷണം നടത്താനുള്ള സംവിധാനം ഒരുക്കൽ | ഐ ടോക്കർ, ബയോ ന്യൂറോ ഫീഡ്ബാക്ക് വിയന്ന ടെസ്റ്റിംഗ് ഉപകരണങ്ങൾ സോഫ്റ്റ്‌വെയറുകൾ ഒരുക്കുന്നു. | മെയ് | എച്ച്.എം. | 2 ലക്ഷം സ്പോൺസർ |

പേര് : **സഹപാഠിക്കൊരു കൈത്താങ്ങ്**

ഉപമേഖല : **പരിഹാര ബോധനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ശരാശരി നിലവാരത്തി ലെത്തിക്കുക. | ക്ലാസ്സിലെ മികച്ച വിദ്യാർ ത്ഥികളുടെ സഹായത്തോ ടെ ശരാശരിയിൽ താഴെ യുള്ള കുട്ടികൾക്ക് പ്രത്യേ കം കോച്ചിംഗ് നൽകി പഠന പുരോഗതി ഉറപ്പ് വരുത്തുന്നു. (Child to Dhild Education) | ജൂലായ് മുതൽ ഒഴിവ് സമയ ങ്ങളിൽ | ക്ലാസ് ടീച്ചർമാർ | - |

പേര് : **ഒന്നാന്തരം**

ഉപമേഖല : **ജനറൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും School eadiness skills വികസിപ്പിക്കുക. ഒന്നാം ക്ലാസ്സിലെ നി ശ്ചിത പഠന നേട്ടങ്ങൾ ഉറപ്പ് വരുത്തുക. | മതിയായ പ്രീ-പ്രൈമറി വിദ്യാഭ്യാസം ലഭിക്കാതെ ഒന്നാം ക്ലാസ്സിലേക്ക് നേരി ട്ട് പ്രവേശനം നേടുന്ന കു ട്ടികൾക്ക് പ്രത്യേക തീവ്ര ശ്രവണ സംസാര ഭാഷാ പരിശീലന പാക്കേജ് തയ്യാറാക്കി നടപ്പാക്കൽ | ജൂൺ ജൂലായ് മാസങ്ങ ളിൽ | എസ്.ആർ.ജി. | 5000 |

പേര് : **എല്ലാ പ്രൈമറി ക്ലാസ്സിലും സ്മാർട്ട് ടി.വി.**

ഉപമേഖല : **ഹൈടെക് ക്ലാസ്റൂം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠന പ്രക്രിയ കൂടുതൽ ഫലപ്രദമാക്കാൻ ദൃശ്യ പഠന സാധ്യത പരമാ വധി പ്രയോജനപ്പെടു ത്തുക. | ഒന്നു മുതൽ ഏഴു വരെ ക്ലാസ്സുകളിൽ സ്മാർട്ട് ടി.വി. സജ്ജീകരിക്കുന്നു. | ജൂൺ | പി.ടി.എ. സി.പി.ടി.എ. | 250000 |

പേര് : **സ്മാർട്ട് ചൈൽഡ്**

ഉപമേഖല : **ലുക്കുംഗ് ഗുഡ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ വേഷം, പെരുമാറ്റം, ചലനം സ്മാർട്ടാക്കുക. | യൂണിഫോം, വേഷം, കുട്ടിയുടെ പെരുമാറ്റം ഇടപെടൽ, സംസാരം, എന്നിവ സ്മാർട്ട് ആക്കാൻ ഇടപെടൽ നടത്തുക. | ജൂൺ | ക്ലാസ് ടീച്ചർ | 20000 |

പേര് : **കലാപരിശീലനം**

ഉപമേഖല : **കലാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ നൈസർഗ്ഗികശേഷി വികസിപ്പിക്കുക. | വിവിധ ഇനങ്ങളിൽ വിദഗ്ധരുടെ സഹായത്തോടെ തീവ്ര പരിശീലനം ലഭ്യമാക്കുന്നു. | ജൂൺ മുതൽ അവധി ദിവസങ്ങളിൽ | ആർട്സ് ക്ലബ്ബ് കർവീനർമാർ | 5000 പി.ടി.എ./ മാനേജ്മെന്റ് |

പേര് : **കായിക പരിശീലനം**

ഉപമേഖല : **കായിക പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളുടെയും കായികക്ഷമത ഉറപ്പു വരുത്തുന്നു. കായിക വിനോദങ്ങളിൽ താൽപര്യവും പ്രാവീണ്യവും വികസിപ്പിക്കുക. | കായികാദ്ധ്യാപകന്റെ സേവനം ഉറപ്പുവരുത്തുക. രക്ഷിതാക്കളുടേയും പൂർവ്വ വിദ്യാർത്ഥികളുടേയും പങ്കാളിത്തത്തോടെ വളണ്ടിയർ സേവനം ലഭ്യമാക്കുക. | ജൂൺ മുതൽ | പി.ടി.എ. | പ്രതിവർഷം 50000 മാനേജ്മെന്റ് |

പേര് : **ക്ലീൻ കാമ്പസ്/ഗ്രീൻ കാമ്പസ്**

ഉപമേഖല : **ആകർഷകമായ വിദ്യാലയം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളും പരിസരവും വൃത്തിയുള്ളതും, ആകർഷകവുമാക്കുന്നു. | എല്ലാ മാസവും ഒന്നാം തിയതി ക്ലീനംഗ് ഡേ ആയി ആചരിക്കുന്നു. സ്കൂൾ അങ്കണത്തിലും പരിസരത്തും പരമാവധി പൂച്ചെടികളും മറ്റു ചെടികളും വെച്ച് പിടിപ്പിച്ച് ഹരിതാഭമാക്കുന്നു. | മാസത്തിലൊരിക്കൽ | പരിസ്ഥിതി ക്ലബ്ബ് | 2000 പി.ടി.എ. |

പേര് : **ജൈവവൈവിധ്യ പാർക്ക്**

ഉപമേഖല : **ഹരിത വിദ്യാലയം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളെ ജൈവവൈവിധ്യത്തിന്റെ പ്രസക്തി ബോധ്യപ്പെടുത്തുന്നു. ഹരിതവിദ്യാലയസങ്കൽപം സാക്ഷാത്കരിക്കുക. ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന ആശയം നടപ്പിലാക്കുക. | സ്കൂളിലെ ജൈവവൈവിധ്യ ഉദ്യാനത്തിൽ കൂടുതൽ ഫലവൃക്ഷതൈകൾ തണൽ വൃക്ഷതൈകൾ നട്ടുവളർത്തുന്നു. | ജൂൺ മുതൽ | പരിസ്ഥിതി ക്ലബ്ബ് | 10000 പി.ടി.എ. |

പേര് : **ക്ലാസ് പി.ടി.എ. സജീവമാക്കൽ**

ഉപമേഖല : **ജനറൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ അക്കാദമ മിക പുരോഗതിയിൽ രക്ഷിതാക്കളുടെ പങ്കാളിത്തം | രണ്ട് മാസത്തിൽ ഒരി ക്കൽ പി.ടി.എ. സംഘടി പ്പിക്കുന്നു. | 2 മാസ ത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ | - |

പേര് : **എസ്.ആർ.ജി. ശാക്തീകരണം**

ഉപമേഖല : **ജനറൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാഠഭാഗങ്ങളുടെ സമ ഗ്രാസൂത്രണം | എല്ലാ വെള്ളിയാഴ്ചകളി ലും എസ്.ആർ.ജി.യോഗം ചേരുന്നു. | എല്ലാ ആഴ്ച യിലും | എസ്.ആർ.ജി. കൺവീനർമാർ | - |

പേര് : **ലഹരി മുക്ത വിദ്യാലയം**

ഉപമേഖല : **ആരോഗ്യ സംരക്ഷണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ലഹരി പദാ ർത്ഥങ്ങളുടെ ദുരുപ യോഗം തടയുന്നു. | ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം മൂലമുണ്ടാ കാവുന്ന ആരോഗ്യ പ്രശ് നങ്ങളെക്കുറിച്ച് വിദഗ്ധരു ടെ ബോധവൽക്കരണ ക്ലാസ്സ്, പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. | ജനുവരി മാസ ത്തിൽ | ആരോഗ്യ ക്ലബ്ബ് | 1000 പി.ടി.എ. |

പേര് : **പ്ലാസ്റ്റിക് മുക്ത വിദ്യാലയം**

ഉപമേഖല : **പരിസ്ഥിതി സംരക്ഷണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂൾ, ഹോസ്റ്റൽ ക്യാമ്പസ് പ്ലാസ്റ്റിക മുക്തമാക്കുന്നു. | സ്കൂൾ, ഹോസ്റ്റൽ എന്നി വയുടെ ക്യാമ്പസ് പരമാ വധി പ്ലാസ്റ്റിക് മുക്തമാ ക്കുന്നു.<br>പ്ലാസ്റ്റിക് ഫ്രീ കാമ്പയിൻ, പ്ലാസ്റ്റിക് മാലിന്യങ്ങളു ടെ ശേഖരണവും നിർ മ്മാർജ്ജനവും | മാസത്തി ലൊരി ക്കൽ | പരിസ്ഥിതി ക്ലബ്ബ് | - |

പേര് : **അവധിക്കാല മെഡിക്കൽ ക്യാമ്പ്/ബോധവൽക്കരണം**

ഉപമേഖല : **ശ്രവണഭാഷാസംസാര ശേഷി വികാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശ്രവണ പരിമിതിയുള്ള കുട്ടികളെ നേരത്തെ കണ്ടെത്തി കാര്യക്ഷമ മായ ഇടപെടൽ നടത്തുന്നു. | മൂന്ന് വയസ്സിന് മുമ്പെ പരമാവധി ശ്രവണ പരി മിതിയുള്ള കുട്ടികളെ പ്രീ-പ്രൈമറി ക്ലാസ്സിലെത്തി ക്കാൻ അവധിക്കാല മെ ഡിക്കൽ ക്യാമ്പുകൾ, ഗൃ ഹസന്ദർശനം ICDS മാസാന്തയോഗങ്ങളിൽ ബോധവൽക്കരണം നട ത്തൽ തുടങ്ങിയവ സംഘ ടിപ്പിക്കൽ.<br>സ്കൂളിനെക്കുറിച്ചുള്ള ആകർഷണീയമായ ബ്രോഷർ തയ്യാറാക്കുന്നു. | അവധി ക്കാലം ഏപ്രിൽ മെയ് മാസ ങ്ങൾ | സ്റ്റാഫ് സെക്രട്ടറി | 50000 സ്പോൺസർ |



# സാമൂഹികം

പേര് : **സുവനീർ**

ഉപമേഖല : **സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്ഥാപനത്തേയും കുട്ടികളുടെ മികവുകളും സമൂഹത്തിന് പരിചയപ്പെടുത്തുക. | സ്കൂളിന്റെ പ്രവർത്തനം അനാവരണം ചെയ്യുന്ന സുവനീർ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നു. | മാർച്ച് | എസ്.ആർ.ജി. | 20,000 |

പേര് : **ബ്രോഷർ**

ഉപമേഖല : **ബോധവൽക്കരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിനെ സമൂഹത്തിന് പരിചയപ്പെടുത്തുന്നതിന് | സ്കൂളിനെക്കുറിച്ചുള്ള ആകർഷകമായ ബ്രോഷർ തയ്യാറാക്കി വിതരണം ചെയ്യുന്നു. | മെയ് | സ്റ്റാഫ് സെക്രട്ടറി | 10000 സ്റ്റാഫ് |

പേര് : **പൂർവ്വ വിദ്യാർത്ഥി സംഗമം**

ഉപമേഖല : **സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പൂർവ്വവിദ്യാർത്ഥികളെയും കുടുംബാംഗങ്ങളെയും സ്കൂളുമായി ബന്ധിപ്പിക്കുന്നു. സ്കൂളിന് പൂർവ്വവിദ്യാർത്ഥികളുടെ സഹായവും പിന്തുണയും ഉറപ്പ് വരുത്തുന്നു. നിലവിലെ കുട്ടികൾക്ക് പ്രചോദനം ലഭ്യമാക്കുന്നു. | വിപുലമായ പൂർവ്വവിദ്യാർത്ഥി സംഗമം സംഘടിപ്പിക്കുന്നു. പൂർവ്വ വിദ്യാർത്ഥികളുടെ അനുഭവങ്ങളും വിജയഗാഥകളും പങ്കുവെക്കുന്നു. | ഏപ്രിൽ | എച്ച്.എം. | 5000 സ്പോൺസർ |

പേര് : **പൂർവ്വ വിദ്യാർത്ഥി സംഘടന ശക്തിപ്പെടുത്തുക.**

ഉപമേഖല : **സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിലെ അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങളിൽ പൂർവ്വ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നു. | പൂർവ്വ വിദ്യാർത്ഥ സംഘടന ശക്തിപ്പെടുത്തുന്നു. ഡയറക്ടറി തയ്യാറാക്കുന്നു കമ്മറ്റി രൂപീകരിക്കുന്നു. | ഫെബ്രുവരി | എച്ച്.എം. | 1000 പി.ടി.എ. |

പേര് : **ഐ.സി.ഡി.എസ്. ബോധവൽക്കരണം**

ഉപമേഖല : **സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ബധിരതയുള്ള കുട്ടികളെ നേരത്തെ കണ്ടെത്തി പ്രീ-പ്രൈമറി വിദ്യാഭ്യാസം ലഭ്യമാക്കാൻ അവസരമൊരുക്കുന്നു. | ജില്ലയിലെ വിവിധ ബ്ലോക്കുകളിലെ അംഗൻവാടി വർക്കർമാർ, ഹെൽപ്പർമാർ എന്നിവരുടെ മാസാന്തയോഗങ്ങളിൽ സംബനധിച്ച് ബോധവൽക്കരണ ക്ലാസ് നടത്തുന്നു. | ജൂൺ-മാർച്ച് | സ്റ്റാഫ് സെക്രട്ടറി | 5000 ജീവനക്കാർ |

പേര് : **സ്കൂൾ വെബ്സൈറ്റ്**

ഉപമേഖല : **സാമൂഹികം/ജനറൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂൾ പ്രവർത്തനങ്ങൾ പൊതുസമൂഹത്തിലേക്കെത്തിക്കുക. | സ്കൂളിന് സ്വന്തമായൊരു വെബ്സൈറ്റ് നിർമ്മിക്കും. | ഏപ്രിൽ | എച്ച്.എം. | സ്പോൺസർ |

പേര് : **വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടൽ**

ഉപമേഖല : **സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെയും സ്ഥാപനത്തിന്റേയും മികവുകൾ പൊതുസമൂഹവുമായി പങ്കുവെക്കുന്നു. | വാർഷിക ചിത്ര കരകൗശല വസ്തുക്കളുടെ പ്രദർശനം സ്കൂളിന് പുറത്ത് സംഘടിപ്പിക്കും. | ഡിസംബർ | ക്രാഫ്റ്റ് ടീച്ചർ | 5000 സ്പോൺസർ |

# ഭാഷാപഠന പിന്നോക്കാവസ്ഥ- കാരണങ്ങൾ, പരിഹാര മാർഗ്ഗങ്ങൾ

# ആമുഖം

ശ്രവണപരമായ വെല്ലുവിളി അഭിമുഖീകരിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം, സാമൂഹീകരണം, പുനരധിവാസം തുടങ്ങിയ മേഖലകളിലെ പിന്നോക്കാവസ്ഥയുടെ അടിസ്ഥാന കാരണം അവരിൽ നിലനിൽക്കുന്ന ഭാഷാപരമായ പരിമിതിയാണ്. ജന്മനാ കേൾവിക്കുറവുള്ള കുട്ടിയുടെ വൈകല്യം നേരത്തെ കണ്ടെത്താൻ കഴിയാത്തും കൃത്യമായ ഇടപെടൽ ഉണ്ടാവാത്തതും അവരുടെ ജീവിത സാഹചര്യങ്ങളെ സങ്കീർണ്ണമാകാൻ കാരണമാകും. വൈകല്യം നേരത്തെ തിരിച്ചറിഞ്ഞ് പ്രശ്നപരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പിലാക്കേണ്ടതുണ്ട്.

മതിയായ ഭാഷാശേഷി ആർജ്ജിക്കാൻ സാധിക്കാത്ത അവസ്ഥയിൽ സ്കൂളിൽ എത്തുന്ന കുട്ടികൾ പഠനത്തിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളുമാണ് അന്വേഷിക്കുന്നത്.



## 1. ഭാഷാ പ്രശ്നങ്ങൾ

### അക്കാദമികം

1. 1 മുതൽ പത്ത് വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷികൾ നേടാൻ സാധിക്കുന്നില്ല.
2. നിലവിലെ പാഠ്യപദ്ധതി കേൾവി-സംസാര പരിമിതരായ കുട്ടികളുടെ പഠനം ഭാഷാ വികസനം എന്നിവ പരിഗണിച്ചല്ല.
3. കുട്ടികളിലെ ഭാഷാ വികസനം ലക്ഷ്യമാക്കി സ്കൂൾ തലത്തിൽ പ്രത്യേക പരി പാടികൾ ആവിഷ്കരിക്കാത്തത്.
4. പഠന പ്രവർത്തനത്തിന്റെ ഭാഗമായി പഠന ഉപകരണങ്ങൾ ഐ.സി.ടി. സാധ്യ തകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.
5. ശ്രവണ പരിമിതരായ കുട്ടികളുടെ ഭാഷാ വികസനത്തിലെ പ്രശ്നങ്ങൾ കണ്ടെ ത്തുന്നതിനും അവ പരിഹരിക്കുന്നതിനും ഗവേഷണാത്മക രീതി (ഉദാ:- ട്രൈ ഔട്ട് ആക്ഷൻ റിസർച്ച്) ഉണ്ടാവുന്നില്ല.
6. പ്രായോഗിക ഭാഷ വികസനത്തിന് ഒട്ടും പ്രാധാന്യം നൽകുന്നില്ല.
7. ആംഗ്യഭാഷാവികസനം പൊതു ലക്ഷ്യമായി മാറാത്തതും അത് സംബന്ധിച്ച് നിലനിൽകകുന്ന അനാവശ്യ തർക്കങ്ങളും വാദങ്ങളും ഉണ്ടാക്കുന്ന പ്രതിസ ന്ധിയും തെറ്റിദ്ധാരണയും.
8. സർഗാത്മക പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പരിഗണനയും പ്രോത്സാഹനവും ലഭ്യമാക്കാത്തത്.

### ഭൗതികം

1. പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യാൻ ഇരിപ്പിടം ഐ.സി. ടി. തുടങ്ങിയ സൗകര്യങ്ങൾ ഉള്ള മികച്ച് ക്ലാസ് മുറികളുടെ അഭാവം.
2. ശ്രവണ പരിമിതരായ കുട്ടികളുടെ ഭാഷാ വികസനത്തിന് സഹായകരമായ സംവിധാനങ്ങളുടെ അഭാവം നിലനിൽക്കുന്നത്. ഉദാ:- ശ്രവണസഹായി, ലാംഗ്വേജ് ലാബ്.
3. പാഠയപദ്ധതിയെ ഇന്ത്യൻ ആംഗ്യഭാഷയുമായി ബന്ധിപ്പിക്കുന്ന സാങ്കേതിക വിദ്യ വികസിപ്പിക്കാനാവാത്തത് (സോഫ്റ്റ്‌വെയർ)

4. ഐ.ടി. ലാബ്, ഓഡിയോ വിഷ്വൽ തുടങ്ങിയവയിലെ പരിമിതമായ സൗകര്യങ്ങൾ.

5. സ്കൂൾ ലൈബ്രറിയിലെ സൗകര്യക്കുറവ്.

**സാമൂഹികം**

1. സവിശേഷ വിദ്യാലയം എന്ന നിലയിൽ സ്കൂളിലെ ഭൗതികം, അക്കാദമികം തുടങ്ങിയ മേഖലകളിലെ ആവശ്യങ്ങൾ നിറവേറ്റാനും പ്രശ്ന പരിഹാരത്തിനും വേണ്ടത്ര പൊതുജന പങ്കാളിത്തം ലഭിക്കുന്നില്ല.

2. സവിശേഷ വിദ്യാലയം എന്ന നിലയിൽ ഭരണ സംവിധാനങ്ങൾക്ക് ഇടയിലും സമൂഹത്തിലും നിലനിൽക്കുന്ന അജ്ഞത കുറവും പരിഗണന പ്രശ്നങ്ങളും.



## മേഖല - അക്കാദമികം

**പ്രശ്നം 1.** ഒന്നു മുതൽ പത്ത് വരെ ക്ലാസുകളിലെ കുട്ടികൾക്ക് പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷികൾ നേടാൻ ആകുന്നില്ല.

| കാരണങ്ങൾ | പരിഹാര മാർഗ്ഗങ്ങൾ | പദ്ധതി/പ്രവർത്തനം |
|---|---|---|
| **കുട്ടികൾ**<br>1. ഭാഷ ആർജിക്കാൻ സാധിക്കാത്ത ശാരീരിക പരിമിതി | 1. ടോട്ടൽ കമ്മ്യൂണിക്കേഷൻ രീതി അവലംബിക്കണം.<br>2. സ്പീച്ച് തെറാപ്പി നിർബ്ബന്ധമാക്കണം.<br>3. ശ്രവണ സഹായി ഉറപ്പാക്കണം.<br>4. വിദഗ്ധരുടെ സഹായം തേടണം. | 1. പ്രീ ടെസ്റ്റ്<br>2. സ്പീച്ച് കിറ്റ് ഒരുക്കൽ<br>3. ശ്രവണ പരിശോധന/ ക്യാമ്പ്<br>4. അടിസ്ഥാന ശേഷി വികസന പരിപാടി |
| 2. ഭാഷാ പരിമിതരായ കുട്ടികളുടെ ഭാഷാ വികസനത്തിന് താൽപര്യം സൃഷ്ടിക്കാത്ത പാഠ്യ പദ്ധതി | 5. പാഠഭാഗം അനുരൂപീകരണം നടത്തണം.<br>6. കാഴ്ചയിലൂടെയുള്ള പഠനത്തിന് കൂടുതൽ പ്രാധാന്യം നൽകണം.<br>7. ചിത്രീകരണം എല്ലാ തലത്തിലും സാധ്യമാക്കണം. | 5. പ്രക്രിയാ ബാന്ധിതവും പഠന ഉപകരണങ്ങളും ഐ.സി.ടിയും സാധ്യമാക്കിയ ആസൂത്രണം/ ഉൽപ്പന്നം. |
| 3. പ്രീ സ്കൂൾ പഠനത്തിന്റെ അഭാവം | 8. ഒന്നാം ക്ലാസിലും തുടർ ക്ലാസ്സുകളിലും പ്രവേശക പാഠം തയ്യാറാക്കണം. പ്രീ സ്കൂൾ ആരംഭിക്കണം. | 6. പ്രക്രിയാ ബന്ധിതവും, പഠന ഉപകരണങ്ങളും ഐ.സി.ടി.യും സാധ്യമാക്കിയ ആസൂത്രണം/ ഉൽപ്പന്നം. |
| 4. ഭാഷാ പഠനത്തിലെ താൽപര്യക്കുറവ് | 9. കുട്ടികളുടെ നില നിർണ്ണയിക്കണം.<br>10. അനുരൂപീകരണം.<br>11. കാഴ്ചയിലൂടെ പഠനത്തിന് പ്രാധാന്യം. | 7. പ്രീ ടെസ്റ്റ്<br>8. പ്രക്രിയാ ബന്ധിതവും പഠന ഉപകരണങ്ങളും ഐ.സി.ടി.യും സാധ്യമാക്കിയ ആസൂത്രണം/ ഉൽപ്പന്നം. |
| 5. പ്രായോഗിക ഭാഷാ വികസനത്തിലെ പരിമിതി | 12. ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തി കാര്യങ്ങളെ പഠനാനുഭവമാക്കണം. | 9. ഡയറി എഴുത്ത്, അക്ഷര കാർഡ്, പദ കാർഡ് വാക്കുകൾ നിർമ്മിക്കൽ, വാക്യങ്ങൾ നിർമ്മിക്കൽ, പൊതു വിജ്ഞാനം വർദ്ധിപ്പിക്കൽ |
| 6. വായനാ പ്രവർത്തനങ്ങളിലെ കുറവ് | 13 ബാലസാഹിത്യ, ചിത്രകഥകൾ, ശേഖരം ഒരുക്കണം.<br>14. അക്ഷരകാർഡ്, പദകാർഡ് വാക്ക്, വാക്യ നിർമ്മാണം. | 10. ലൈബ്രറി വിപുലൂകരണം<br>11. വായനാമൂല വികസനം<br>12. ശിൽപശാല<br>13. സാഹിത്യ പരിപാടികൾ |

| കാരണങ്ങൾ | പരിഹാര മാർഗ്ഗങ്ങൾ | പദ്ധതി/പ്രവർത്തനം |
|---|---|---|
| 7. പാഠഭാഗങ്ങളിലെ അമൂർത്തമായ ആശയങ്ങൾ ഗ്രഹിക്കാനുള്ള പ്രയാസം മുൻ ക്ലാസ്സുകളിൽ നേടേണ്ട ശേഷികൾ ആർജ്ജിക്കുന്നില്ല. | 15 പാഠ ഭാഗങ്ങളെ അനുരൂപീകരണം നടത്തൽ | 14. അക്കാദമിക ശിൽപശാല/ സെമിനാർ.<br>15. പി.ടി.എ.<br>16. സി.പി.ടി.എ. |
| 8. ശ്രവണ പരിമിതരായ കുട്ടികളിൽ പാഠ്യപദ്ധതി/പാഠ ഭാഗം/പഠന പ്രവർത്തനം നിർബ്ബന്ധിക്കുന്ന അമിത ഭാരം. | 16. പാഠ ഭാഗങ്ങളെ അനുരൂപീകരണം നടത്തൽ, ചിത്രങ്ങൾ/ചിത്രീകരണം എന്നിവക്ക് പ്രാധാന്യം നൽകൽ | 17. അക്കാദമിക ശിൽപശാല/ സെമിനാർ.<br>18. പി.ടി.എ./സി.പി.ടി.എ. |
| **അധ്യാപകർ** | | |
| 1. കുട്ടികളിലെ ഭാഷാപരമായ പിനനോക്കാവസ്ഥ പരിഹരിക്കാൻ സാധിക്കുന്നില്ല. | 17. തുടർച്ചയായ പരിശീലനങ്ങൾ ഒരുക്കണം.<br>18. കുട്ടികളുമായുള്ള ആശയ വിനിമയശേഷി വർദ്ധിപ്പിക്കണം. | 19. പരിശീലന പരിപാടി<br>20. ആശയ വിനിമയ പരിശീലനം.<br>21. ആംഗ്യഭാഷ വികസന പരിപാടി. |
| 2. ക്ലാസ്മുറികളിൽ ബഹുമുഖ ശാരീരിക പരിമിതിയുള്ള കുട്ടികളുടെ സാന്നിധ്യം | 19. ശാരീരിക പരിമിതിയിലെ വൈവിധ്യങ്ങളെ തിരിച്ചറിയണം.<br>20. വ്യക്തിഗത ബോധനം/ പഠന പ്രവർത്തനം. | 22 പരിശീലനങ്ങൾ<br>23 റെമഡിയൽ ടീച്ചിംഗ് |
| 3. എല്ലാ കുട്ടികളെയും പരിഗണിക്കാൻ കഴിയാത്തത്. | 21 കുട്ടികളിലെ ശാരീരിക പരിമിതിയിലെ വൈവിധ്യങ്ങളെ തിരിച്ചറിയണം.<br>21. വ്യക്തിഗത ബോധനം/ പഠന പ്രവർത്തനം. | 24. അധിക സമയത്തേക്ക് പഠനാസൂത്രണം. |
| 4. പ്രവർത്തനത്തിൽ വൈവിധ്യത പുലർത്താൻ സാധിക്കാത്തത്. | 22 പ്രക്രിയാബന്ധിത പഠന പ്രവർത്തനം.<br>പഠന ഉപകരണങ്ങൾ ഐ.സി.ടി. ഉപയോഗപ്പെടുത്തൽ. | 25 ആസൂത്രണം/ശിൽപശാല |
| 5. ഇന്ത്യൻ ആംഗ്യഭാഷാ പരിജ്ഞാനക്കുറവ് | 23. ഐ.എസ്.എൽ. സാക്ഷരത കൈവരിക്കണം. | 26 ഐ.എസ്.എൽ. പരിശീലന പരിപാടി.<br>27 ഐ.എസ്.എൽ. വികസന ശിൽപശാല. |
| 6. ഇംഗ്ലീഷ് അക്ഷരങ്ങൾ പോലെ മലയാളത്തിൽ അക്ഷരങ്ങൾക്ക് ആംഗ്യഭാഷ പൊതുവൽക്കരണം നടക്കാത്തത്. | 24. മലയാളം അംഗ്യഭാഷ വികസന പരിപാടി | 28 മലയാളം ആംഗ്യ വികസന പരിപാടി ആസൂത്രണരേഖ തയ്യാറാക്കൽ.<br>29 മലയാളം ആംഗ്യഭാഷ വികസന ശിൽപശാല. |

| കാരണങ്ങൾ | പരിഹാര മാർഗ്ഗങ്ങൾ | പദ്ധതി/പ്രവർത്തനം |
|---|---|---|
| 7. പാഠ്യപദ്ധതിയിലെ അമിത ഭാരം. | 25 അനുരൂപീകരണം. | 30 ഐ.സി.ടി. |
| 8. പരിശീലനങ്ങളുടെ അഭാവം | 26. പരിശീലനങ്ങൾ സ്വന്തം നിലയിൽ ആസൂത്രണം ചെയ്യൽ. | 31 സമയബന്ധിത പരിശീലനം വിദഗ്ധരുടെ സേവനം ഉറപ്പാക്കൽ. |
| **സംവിധാനം**<br>1. സമയക്കുറവ് | 27 അധിക സമയം കണ്ടെത്തൽ, കലണ്ടർ രൂപീകരണം. | 32 എസ്.ആർ.ജി., പി.ടി.എ. |
| 2. ഭാഷാ വികസനത്തിന് ആംഗ്യഭാഷാ പരിശീലനം ലഭിക്കുന്നില്ല. | 28 സ്വയം പരിശീലനകളരി ഒരുക്കൽ.<br>വിദഗ്ധരുടെ സേവനം ഉറപ്പാക്കൽ. | 33 ശിൽപശാല, പരിശീലനം |
| 3. ആംഗ്യഭാഷ ഡിക്ഷണറി ലഭ്യമല്ല. | 29. ആംഗ്യഭാഷാ നിഘണ്ടും സ്വന്തം നിലയിൽ വികസിപ്പിക്കണം. | 34 ആസൂത്രണം, ശിൽപശാല |
| 4. ഐ.സി.ടി.യിൽ സൗകര്യങ്ങളിടെ പരിമിതി | 30 ഐ.ടി.ലാബ് വികസനം | 35 പി.ടി.എ., സി.പി.ടി.എ. മാനേജ്മെന്റ്. |
| **രക്ഷിതാക്കൾ**<br>1. കുട്ടികൾ ഹോസ്റ്റലിൽ രക്ഷിതാക്കൾ വീട്ടിൽ | 31 കുട്ടികളുമായിനിരന്തര സമ്പർക്കത്തിന് അവസരം ഉണ്ടാക്കണം. | 36 രക്ഷിതാക്കൾക്ക് അവബോധം. |
| 2. രക്ഷിതാക്കൾക്ക് വിദ്യാലയവുമായി സ്ഥിരം ബന്ധമില്ല. | 32 വിദ്യാലയവുമായി ബന്ധപ്പെട്ട് രക്ഷിതാക്കളെ എത്തിക്കണം. | 37 രക്ഷിതാക്കൾക്ക് അവബോധം. |
| 3. കുട്ടികളുടെ പഠന നിലവാരത്തിൽ രക്ഷിതാക്കൾക്ക് അറിവ് കുറവ് | 33. ആധ്യാപക-രക്ഷാകർതൃ ബന്ധം ബലപ്പെടുത്തണം. | 38. രക്ഷിതാക്കൾക്ക് അവബോധം |
| 4. രക്ഷിതാക്കൾക്ക് കുട്ടിയുമായി ശരിയായ ആശയവിനിമയം നടക്കുന്നില്ല. | 34 ആശയവിനിമയ പരിശീലനം (ആംഗ്യഭാഷ) | 39 ആസൂത്രണം/ശിൽപശാല |

## മേഖല – അക്കാദമികം

**പ്രശ്നം 2.** നിലവിലെ പാഠ്യപദ്ധതി കേൾവി–സംസാര പരിമിതരായ കുട്ടികളുടെ പഠനം, ഭാഷ, വികസനം എന്നിവ പരിഗണിച്ചല്ല.

| കാരണങ്ങൾ | പരിഹാര മാർഗ്ഗങ്ങൾ | പദ്ധതി/പ്രവർത്തനം |
|---|---|---|
| **കുട്ടികൾ**<br>1. ശ്രവണ പരിമിതരായ കുട്ടികൾക്ക് അക്ഷരങ്ങൾ വാക്കുകൾ എന്നിവയിലൂടെ ആശയം ഗ്രഹിക്കാനും കൈമാറുന്നതിനും പരിമിതിയുണ്ട്. | 1. പാഠഭാഗത്തിലെ ഭാഷ ലളിതമാക്കണം.<br>2. ആംഗ്യഭാഷാപ്രയോഗം<br>3. മലയാളത്തിൽ ആംഗ്യ ഭാഷാ പരിശീലനം. | 1. അക്കാദമിക ശിൽപശാല<br>2. കുട്ടികൾക്കും അധ്യാപകർക്കും പരിശീലനം |
| 2. വലിയ വാചകങ്ങൾ, ആലങ്കാരിക തലക്കെട്ടുകൾ നീണ്ട ഖണ്ഡികകൾ, ദൈർഘ്യമേറിയ പാഠഭാഗങ്ങൾ തുടങ്ങിയവ കേൾവി പരിമിതരായ കുട്ടികൾക്ക് പഠനത്തിന് പ്രതിബന്ധമാണ്. | 4. പാഠഭാഗം അനുരൂപീകരണം.<br>5. കേൾവി–സംസാര പരിമിതരായ കുട്ടികൾ പഠിക്കുന്ന സവിശേഷ വിദ്യാലയങ്ങൾക്ക് വേണ്ടി പ്രത്യേക കരിക്കുലം. | 3 അക്കാദമിക ശിൽപശാല. ആക്ഷൻ റിസർച്ച്.<br>4. സംസ്ഥാനതല അധ്യാപക കൂട്ടായ്മ. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധക്ഷണിക്കൽ. |
| 3. മലയാളം പാഠപുസ്തകങ്ങൾ സാഹിത്യ സമ്പുഷ്ടമാണ്. എന്നതിനാൽ വരികളെ ഗ്രഹിക്കുന്നതിലെ പ്രയാസത്തിലപ്പുറം ആശയങ്ങളെ ഉൾക്കൊള്ളുന്നതിലും അവരുടെ ഭാഷാപരിമിതി തടസ്സമാണ്. | 6. പാഠഭാഗങ്ങളുടെ അനുരൂപീകരണം.<br>7. അടിസ്ഥാന ഭാഷാശേഷി വികസന പരിപാടി | 5. അക്കാദമിക ശിൽപശാല<br>6. സെമിനാർ<br>7. പ്രീ ടെസ്റ്റ്<br>8 ലൈബ്രറി വികസനം<br>9 വായനാമൂല വികസനം. |
| 4. പാഠഭാഗങ്ങളിൽ ആവശ്യത്തിന് ചിത്രങ്ങൾ ഇല്ല. | 8 ഐ.സി.ടി. ഉൾപ്പെടെ മറ്റ് സാധ്യതകൾ ഉപയോഗപ്പെടുത്തണം. | 10 ഐ.സി.ടി. ചിത്രരചന ശിൽപശാല<br>11 ക്ലാമുറി ഹൈടെക്കാക്കുക. |
| 5. സെമിനാർ, ചർച്ച, തർക്കം തുടങ്ങിയ പഠന പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിലെ ഭാഷാപരിമിതി | 9. പരിമിതകളെ ഉൾക്കൊണ്ടുള്ള പങ്കാളിത്തം. അവസരങ്ങളെ സാധ്യകളാക്കി മാറ്റാനുള്ള പരിശ്രമം. അംഗ്യഭാഷയുടെ പ്രയോജനപ്പെടുത്തൽ. | പൊതുവിഷയങ്ങൾ മനസ്സിലാക്കുന്നതിന് അംഗ്യഭാഷാ പരിവർത്തനമുള്ള ടി.വി. വാർത്തകൾ പതിവാക്കുക. |

| കാരണങ്ങൾ | പരിഹാര മാർഗ്ഗങ്ങൾ | പദ്ധതി/പ്രവർത്തനം |
|---|---|---|
| **അധ്യാപകർ**<br>1. പാഠഭാഗം വിനിമയം ചെയ്യുന്നതിലെ പ്രയാസം | 10 അനുരൂപീകരണം മാതൃക തയ്യാറാക്കാം.<br>11 വിദ്യാഭ്യാസവകുപ്പിനോട് ആവശ്യപ്പെടാം. | 12 ശിൽപശാല/സെമിനാർ |
| 2. ശാസ്ത്രീയമായ അനുരൂപീകരണം/മാർഗ്ഗനിർദ്ദേശം ലഭിക്കുന്നില്ല. | 12 പരിശീലനം/ഓൺലൈൻ പരിശീലനം.<br>വിദഗ്ധ സേവനം | 13 പരിശീലന കളരി ഐ.സി.ടി. |
| 3. ആംഗ്യഭാഷ പരിജ്ഞാന ക്കുറവ് | 13. പരിശീലനം/ഓൺലൈൻ പരിശീലനം | 14 പരിശീലന കളരി ഐ.സി.ടി. |
| 4. ശരിയായ പരിശീലനം ലഭിക്കാത്തത്. | 14. പരിശീലനം/ഓൺലൈൻ പരിശീലനം | 15 പരിശീലന കളരി ഐ.സി.ടി. |
| 5. പഠന സാമഗ്രികളുടെ അഭാവം. | 15. പഠന ഉപകരണങ്ങളുടെ നിർമാണം. | 16 ശിൽപശാല അധ്യാപക കൂട്ടായ്മ |
| **സംവിധാനം**<br>1. സമയക്കുറവ്<br>2. പരിശീലന കുറവ്<br>3. മികച്ച മാതൃകകൾ ഇല്ല.<br>4. റിസർച്ച് നടക്കുന്നില്ല.<br>5. മേൽനോട്ട്/മൂല്യനിർണ്ണയം എന്നിവ നടക്കുന്നില്ല. | 16. പ്രശ്നങ്ങൾ അപഗ്രഥിക്കണം.<br>17. സ്വന്തം നിലയിൽ മാതൃക തയ്യാറാക്കി കാരണങ്ങൾ മറികടക്കണം.<br>18. പ്രശ്നങ്ങൾ പഠിക്കാനായി വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെടണം. | 17. അധ്യാപക കൂട്ടായ്മ ശിൽപശാല. |
| **രക്ഷിതാക്കൾ**<br>1. രക്ഷിതാക്കൾക്ക് ധാരണ ക്കുറവ്<br>2. ആശയ കൈമാറ്റത്തിലെ അറിവില്ലായ്മ | 19. രക്ഷിതാക്കൾക്ക് അവബോധം നൽകണം<br>20. ആംഗ്യഭാഷയിൽ പരിശീലനം. | 18 ബോധവൽക്കരണം<br>പരിശീലനം, പി.പി.ടി.എ. |


## മേഖല - അക്കാദമികം

**പ്രശ്നം 3.** കുട്ടികൾക്ക് ഭാഷാ വികസനം ലക്ഷ്യമാക്കണം.

| പ്രശ്നങ്ങൾ | നിർദ്ദേശങ്ങൾ | പദ്ധതി/പ്രവർത്തനം |
|---|---|---|
| **കുട്ടികൾ**<br>1. ഭാഷാപരമായ പിന്നോക്കാവസ്ഥ | 1. പാഠഭാഗങ്ങളിൽ പരമാവധി ഭാഷാ വികസനത്തിന് ഉതകുംവിധമുള്ള പഠനപ്രവർത്തനങ്ങൾ ഉൾപ്പെടുത്തണം. | 1 എഴുത്ത്<br>2. വായന<br>3. അക്ഷരം ഉറപ്പിക്കൽ<br>4. ചിഹ്നം ഉറപ്പിക്കൽ<br>5. അക്ഷര ഘടന<br>6. ഉച്ഛാരണം (സ്പീച്ച് തെറാപ്പിയിലൂടെ)<br>7. അക്ഷര കാർഡ്<br>8. പദ കാർഡ്<br>9. വാക്കുകൾ നിർമ്മിക്കൽ<br>10 വാക്യങ്ങൾ നിർമ്മിക്കൽ<br>11 അടിക്കുറിപ്പ്<br>12 ചിത്ര വായന<br>13 ചെറു കവിത<br>14 ചെറു കഥ<br>15 ചെറു നോവൽ<br>16 ചിത്ര കഥ<br>17 പത്ര വായന<br>18 ഡയറി എഴുത്ത്<br>19 കത്ത് എഴുത്ത്<br>20 ആശംസാകാർഡ് നിർമ്മാണം.<br>21 വാർത്തകൾ തയ്യാറാക്കൽ<br>22 ഫ്ളാഷ് ന്യൂസ് തയ്യാറാക്കൽ<br>23 കഥ പറയൽ<br>24 പുസ്തക പരിചയം<br>25 പുസ്തക ചർച്ച |
| 2. കുട്ടികളിലെ വായനാ ശീലം വളർത്തൽ | 3. കുട്ടികളിലെ വായനാ ശീലം വളർത്തുന്നതിന് വിവിധ പരിപാടികൾ<br>4. ക്ലാസ് ലൈബ്രറി | 26 ക്ലാസ് ലൈബ്രറി<br>27 ഭാഷ ലളിതമായ പുസ്തകങ്ങൾ<br>28 കയ്യെഴുത്ത് മാഗസിൻ |

| പ്രശ്നങ്ങൾ | നിർദ്ദേശങ്ങൾ | പദ്ധതി/പ്രവർത്തനം |
|---|---|---|
| 3. അക്ഷര പിന്നോക്കാവസ്ഥ പരിഹരിക്കൽ | 5 പ്രത്യേക പരിശീലനം | 29 ചുമർ പത്രിക<br>30 വായനാ കാർഡ്<br>31 വായനാമൂല<br>32 ക്ലാസ് ലൈബ്രറി<br>33 ഭാഷാ ദിനാചരണങ്ങൾ<br>34 വായനാക്കുറിപ്പ്<br>35 പുസ്തക ചർച്ച<br>36 ഇ-വായന<br>37 ക്ലാസ് മാസിക<br>38 മൊഡ്യൂൾ തയ്യാറാക്കൽ ശിൽപശാല<br>39 അധ്യാപക കൂട്ടം<br>40 വായനാ കാർഡ്<br>41 വായനാ സാമഗ്രികൾ (നേരത്തെ സൂചിപ്പിച്ചവ ഉൾപ്പെടെ)<br>42 ക്ലാസ് ലൈബ്രറിയിലും<br>43 സ്കൂൾ ലൈബ്രറിയിലും എന്നിവിടങ്ങളിൽ വായനാ സാമഗ്രികൾ ഒരുക്കൽ<br>44 ഐ.സി.ടി.<br>45 കുട്ടികളുടെ ഗ്രൂപ്പിംഗ് എ, ബി, സി. തലം നോക്കി പ്രവർത്തനം |
| **സംവിധാനം**<br>1. ഓഡിയോ-വിഷ്വൽ ലാബ് ഇല്ലാത്തത് | 1. ഓഡിയോ-വിഷ്വൽ വികസന പരിപാടി | 1. ഓഡിയോ-വിഷ്വൽ തിയേറ്റർ |
| 2. ഓഡിയോളജ് ലാബ് ഇല്ലാത്തത് | 2. കുട്ടികളിലെ ശ്രവണ തോത് പരിശോധന നടത്തൽ. | 2. ഓഡിയോളജി ലാബ് |
| 3. ശ്രവണ സഹായി ലഭ്യ മല്ലാത്തത് | 3 വ്യക്തിഗത ശ്രവണ സഹായി ലഭ്യമാക്കൽ | ശ്രവണ സഹായി |
| 4. സ്പീച്ച് തെറാപ്പിസ്റ്റിന്റെ അഭാവം. | | |
| **രക്ഷിതാക്കൾ**<br>1. ധാരണക്കുറവ്<br>2. സാമ്പത്തിക ബുദ്ധിമുട്ട് | 4 അവബോധം നൽകണം<br>5 രക്ഷിതാക്കൾ വിദ്യാലയവുമായുള്ള നിരന്തര സമ്പർക്കം. | 4. സെമിനാർ<br>5 സി.പി.ടി.എ.<br>6 പി.ടി.എ. |

| പ്രശ്നങ്ങൾ | നിർദ്ദേശങ്ങൾ | പദ്ധതി/പ്രവർത്തനം |
|---|---|---|
| **അധ്യാപകർ**<br>1. അധിക പ്രവർത്തനങ്ങ ൾക്ക് സമയക്കുറവ് | 1. നാല് കാരണങ്ങൾ മറി കടക്കാൻ മികച്ച ആസൂ ത്രണം ആവശ്യമാണ്. | 1 അധ്യാപക കൂട്ടായ്മ വദഗ്ധ സേവനം. |
| 2. അധിക പ്രവർത്തനമാതൃക കൾ/ആവശ്യമായ സാമ ഗ്രികൾ ലഭ്യമല്ല | 2. ശിൽപശാലകൾ നടത്തി സാമഗ്രികൾ ഉൽപാദി പ്പിക്കണം. | 2. ശിൽപശാല |
| 3. സ്പീച്ച് തെറാപ്പി ഉൾപ്പെ ടെ പുതി ഭാഷാവികസന കാര്യങ്ങളിൽ പരിശീലനം ലഭിക്കുന്നില്ല. | 3. സ്പീച്ച് തെറാപ്പിയിൽ വൈദഗ്ദ്യം നേടണം. | 3 വിദഗ്ധരുടെ സേവനം തുടർ പരിശീലനം. |
| 4. അടിസ്ഥാന ശേഷി കൈ വരിക്കാതെ വരുന്ന കുട്ടികൾ. | 4. അടിസ്ഥാന ശേഷി കൈവ രിക്കുന്നതിന് സ്പീച്ച് തെ റാപ്പിയിൽ നിന്നും തുടങ്ങി ടോട്ടൽ കമ്മ്യൂണിക്കേഷനി ലൂടെ പരിപാടികൾ ഒരുക്കണം. | 4. അടിസ്ഥാന ശേഷി വികസന പരിപാടി |



## മേഖല - അക്കാദമികം

**പ്രശ്നം 4.** പഠന പ്രവർത്തനത്തിൽ പഠന ഉപകരണങ്ങൾ ഐ.സി.ടി. ഫലപ്രദമല്ല.

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പദ്ധതി പ്രവർത്തനം |
|---|---|---|
| **കുട്ടികൾ**<br>1. ഗാർഹിക പ്രശ്നങ്ങൾ. | 1 രക്ഷാകർതൃ ബോധവൽക്കരണം. | 1. പഠന ഉപകരണ നിർമണം |
| 2. ഹോസ്റ്റൽ പ്രശ്നങ്ങൾ | 2. ഹോസ്റ്റൽ-ഐ.ടി.സൗകര്യം | 2 ശിൽപശാല |
| 3. ഉചിതമായ വായനാസാമഗ്രികളുടെ അഭാവം. | 3. ഓരോ കുട്ടിയെയും ഉൾക്കൊണ്ട് സാമഗ്രികൾ തയ്യാറാക്കൽ | 3 കുട്ടികൾക്കും അധ്യാപകർക്കും ഐ.സി.ടി. |
| 4. താൽപര്യമുള്ള വായനാ സാമഗ്രികളുടെ അഭാവം | 4 മാതൃകാ ക്ലാസ്സുകൾ<br>5. ഐ.എ.ടി.സംവിധാനം ഒരുക്കൽ | 4. ക്ലാസ് മുറികൾ ഹൈടെക്ക് |
| **അധ്യാപകർ**<br>1. പഠന സാമഗ്രികളുടെ അഭാവം. | | |
| 2. ഐ.സി.ടി. സാധ്യതകളുടെ ലഭ്യത | | |
| 3. ഐ.സി.ടി. സാധ്യത പ്രയോജനപ്പെടുത്താനുള്ള സൗകര്യക്കുറവ് | | 5. ശ്രവണ പരിമിതരായ കുട്ടികൽക്കുവേണ്ടി ഭാഷാപരിമിതരായ കുട്ടികൾക്കുവേണ്ടിയുള്ള പ്രോഗ്രാമിംഗ് പ്രത്യേക പദ്ധതികൾ |
| **സംവിധാനം**<br>1. സമയക്കുറവ് | | |
| 2. പരിശീലന കുറവ് | | |
| **രക്ഷിതാക്കൾ**<br>1. സാമ്പത്തികം | | |
| 2. ആശയവിനിമയ പ്രശ്നം | | |
| 3. പരിജ്ഞാനക്കുറവ്. | | |

## മേഖല - അക്കാദമികം

**പ്രശ്നം 5.** ശ്രവണ പരിമിതരായ കുട്ടികളിലെ ഭാഷാപ്രശനം, പരിഹാരം, ഗവേഷണം.

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പദ്ധതി പ്രവർത്തനം |
|---|---|---|
| **കുട്ടികൾ**<br>1. ആർജ്ജിച്ചെടുത്ത ഭാഷാ ശേഷി സ്വയം തിരിച്ചറിയാൻ സാധിക്കുന്നില്ല. | 1 ആക്ഷൻ റിസർച്ച്<br>2 രേഖപ്പെടുത്തൽ<br>3 നിരന്തര പരിശീലനം | 1. ഇവാലേഷൻ ചാർട്ട്<br>2. വിദഗ്ധരുടെ പാനൽ ചർച്ച<br>3 റെമഡിയൽ ടീച്ചിംഗ് |
| 2. സ്വയം മെച്ചപ്പെടാൻ കഴിയുന്നില്ല. | | |
| 3. ശ്രവണശേഷിയുള്ളവരുമായി ആംഗ്യഭാഷയിലൂടെ മാത്രമെ ഇടപെടാനാകൂ. | 4. ആംഗ്യഭാഷ സംബന്ധമായ അവബോധം | 4. പി.ടി.എ.<br>പി.പി.ടി.എ.<br>ഗ്രാമസഭ |
| **അധ്യാപകർ**<br>1. ക്ലിനിക്കൽ സപ്പോർട്ട് നൽകാൻ സാധിക്കുന്നില്ല. | 5 വിദഗ്ധരുടെ സേവനം<br>ഉദാ:- ഓഡിയോളജിസ്റ്റ് സ്പീച്ച് തെറാപ്പിസ്റ്റ് ലഭ്യമാക്കണം. | 5. ഓഡിയോളജി ലാബ്<br>വിദഗ്ധരുടെ സേവനം |
| 2. കുട്ടികളിലെ ശേഷിവികസനം/നില രേഖപ്പെടുത്തൽ നടക്കുന്നില്ല. | 6. നിരന്തര വിലയിരുത്തലിന് പ്രാധാന്യം നൽകുന്ന പാഠാസൂത്രണം. | 6 പാഠാസൂത്രണ ശിൽപശാല |
| 3. മേൽ കാര്യങ്ങൾ നിരന്തരം വിലയിരുന്നതുന്നതിനുള്ള പ്രക്രിയകൾ ആസൂത്രണത്തിലില്ല. | | 7. ഫീൽഡ് വിസിറ്റ് (ക്ലിനിക്കൽ) |
| 4. പ്രക്രിയാ ബന്ധിത ആസൂത്രണത്തിന്റെ അഭാവം | | 8. വിധഗ്ദരുടെയും അധ്യാപകരുടെയും കൂട്ടായ്മ |
| **സംവിധാനം**<br>1. ഗവേഷണാത്മക അധ്യാപനം പ്രോത്സാഹിപ്പിക്കുന്നില്ല. | | |
| **രക്ഷിതാക്കൾ**<br>1. കുട്ടികളുടെ നിലവാരം തിരിച്ചറിയാൻ കഴിയുന്നില്ല. | | |

## മേഖല - അക്കാദമികം

**പ്രശ്നം 6.** പ്രായോഗിക ഭാഷാ വികസനത്തിന് ഒട്ടും പ്രാധാന്യം നൽകുന്നില്ല.

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പദ്ധതി പ്രവർത്തനം |
|---|---|---|
| **കുട്ടികൾ**<br>1. ദൈനംദിന കാര്യങ്ങളിൽ ഇടപെടുന്നതിലെ ഭാഷാ പരിമിതി. | 1. അവസരങ്ങൾ സൃഷ്ടിക്കണം. | 1. ചർച്ച, കൂട്ടായ്മ, യാത്ര, ടൂർ |
| 2. ക്ലാസ് മുറികളിൽ നിന്ന് പ്രായോഗിക ഭാഷാ വികസനം കാര്യക്ഷമമായി നടക്കാത്തത് | 2. ദിനംപ്രതി പരിശീലനം | 2 ചാറ്റിംഗ്, കത്ത് തയ്യാറാക്കൽ സംഭാഷണം, ഡയറി എഴുത്ത്, പദനിഘണ്ടു, പദ നിഘണ്ടു, പദ കാർഡ് മുതലായവ |
| **അധ്യാപകർ**<br>1. സമയക്കുറവ് | അധ്യാപക കൂട്ടായ്മ | എഴുത്ത്, ബോർഡ് എഴുത്ത് |
| 2. പഠന ലക്ഷ്യങ്ങളിൽ പ്രതിപാദിക്കാത്തത്. | ആസൂത്രണം, ശിൽപശാല | |
| **സംവിധാനം**<br>1. ഇടം ലഭിക്കുന്നില്ല | 1. പൊതു ഇടങ്ങൾ ഒരുക്കണം. | |
| 2. സാമഗ്രികൾ ഇല്ല. | 2. സാമഗ്രികൾ കണ്ടെത്തണം. | |
| **രക്ഷിതാക്കൾ**<br>1. ആശയകൈമാറ്റത്തിൽ പ്രശനം നേരിടുന്നു. | 1 രക്ഷിതാക്കൾക്ക് പരിശീലനം | 1. സംസ്ഥാനത്തിന്റെ പൊതു വിഷയമായി ഉയർത്തിക്കൊണ്ടുവരണം.<br>ചർച്ച, സംവാദം, പത്ര വാർത്തകൾ |
| 2. ആംഗ്യഭാഷ അറിയില്ല | | |
| 3. മാസിക പ്രശ്നങ്ങൾ | | |
| 4. സാമൂഹിക പ്രശ്നങ്ങൾ | | |

# മേഖല - അക്കാദമികം

**പ്രശ്നം 7.** ആംഗ്യ ഭാഷ അംഗീകരിക്കാത്തത്.

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പദ്ധതി പ്രവർത്തനം |
|---|---|---|
| **കുട്ടികൾ**<br>1. ആംഗ്യഭാഷ അറിയാം; എന്നാൽ സമൂഹത്തിന് അറിയില്ല. | അംഗ്യഭാഷാപരിപാലനം | പരിശീലനം, ശിൽപശാല |
| 2. പഠന കാര്യങ്ങളിലും പഠന പ്രവർത്തനങ്ങളിലും ആംഗ്യഭാഷ പ്രയോഗവൽക്കരിക്കാൻ കഴിയുന്നില്ല. | പാഠഭാഗങ്ങളെ ആംഗ്യഭാഷയിലൂടെ അവതരിപ്പിക്കണം.<br>ഏകീകൃത രീതി സംവിധാനം | ഐ.സി.ടി.<br>ഇ-ലേർണിംഗ് വിത്ത് സൈൻ ലാംഗ്വേജ് |
| 3. പാഠ്യപദ്ധതി/പാഠഭാഗങ്ങൾ ശ്രവണ പരിമിതർക്ക് പൂർണതോതിൽ സൗഹൃദപരമല്ല. | വാർത്താധിഷ്ഠിത പരിപാടി | ടി.വി.ന്യൂസ്<br>ഇ-മാതൃകയിൽ |
| **അധ്യാപകർ**<br>1. ആംഗ്യഭാഷ പരിജ്ഞാനക്കുറവ് | 1 പരിശീലനം ഒരുക്കണം.<br>2 വിദഗ്ധ സേവനം | 1. ശിൽപശാല<br>2. സെമിനാർ<br>3. സൈൻ ലാഗ്വേജ് ക്ലബ് |
| 2. സമയക്കുറവ് | 3 പഠനപ്രവർത്തനങ്ങളിൽ ആംഗ്യഭാഷ ഉപയോഗപ്പെടുത്തണം. | 4. ഐ.സി.ടി<br>5. അംഗീകൃത ആപ്പുകൾ<br>6. അംഗീകൃത ചാനലുകൾ |
| **സംവിധാനം**<br>1. പരിശീലന കേന്ദ്രങ്ങൾ ഇല്ല | | 7. അംഗീകൃത സോഷ്യൽ സോഷ്യൽമീഡയ ഗ്രൂപ്പുകൾ<br>8. ആംഗ്യ ഭാഷാ നിഘണ്ടു |
| 2. നിരന്തര പരിശീലനം ഇല്ല | | |
| **രക്ഷിതാക്കൾ**<br>1. ആംഗ്യഭാഷ അറിയില്ല<br>2. കുട്ടികളുമായി അകലുന്നു | അവബോധം<br>പരിശീലനം | 9. ആംഗ്യ ഭാഷാ ചർച്ചാ ഗ്രൂപ്പുകൾ/സംഗമങ്ങൾ |

## മേഖല – അക്കാദമികം

**പ്രശ്നം 8.** സർഗാത്മക പ്രവർത്തനങ്ങൾക്ക് പ്രോത്സാഹന കുറവ്

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പദ്ധതി പ്രവർത്തനം |
|---|---|---|
| **കുട്ടികൾ**<br>1. ഭാഷ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല.<br>2. ആംഗ്യഭാഷക്ക് പൊതു ഇടങ്ങളിൽ സ്വീകാര്യമില്ല<br>3. ആത്മവിശ്വാസക്കുറവ്<br>4 വേദികൾ കുറവ്<br>5. പ്രോത്സാഹനം കുറവ്<br>6. അനുഭവങ്ങൾ കുറവ്<br>7. വായന നടക്കുന്നില്ല. എഴുത്ത് നടക്കുന്നില്ല.<br>8. ആശയകൈമാറ്റത്തിൽ ഭാഷ നിർബന്ധമാകുന്നത്. | 1. അഭിനയമികവിലൂടെ<br>2. ചിത്രരചനകളിലൂടെ<br>3. നിർമ്മാണപ്രവർത്തികളിലൂടെ ആശയ കൈമാറ്റത്തിനും ഭാഷാ വികസനത്തിനും അവസരം ഒരുക്കണം.<br>4. ആംഗ്യഭാഷ അംഗീകരിക്കാൻ അവബോധം നൽകണം.<br>5. വേദികൾ ഒരുക്കണം. പ്രോത്സാഹനം നൽകണം.<br>6. സാധാരണ കുട്ടികളെ പോലെ വിലയിരിത്തരുത് | 1. കുട്ടികളുടെ പ്രസിദ്ധീകരണങ്ങൾ<br>2. കാല്സ്/സ്കൂൾ മാഗസിൻ<br>3. കുട്ടികലുടെ പത്രങ്ങൾ<br>4. ചുമർ പത്രങ്ങൾ<br>5. അക്ഷര/പദ/വാചക കാർഡുകൾ<br>6. ആശംസ കാർഡ്<br>7. ബ്ലോഗിംഗ്<br>8. സമാജവേദികൾ<br>9. കൊളാഷ്<br>10 പൊതുവേദികൾ<br>11 പരിശീലനം<br>12 മോട്ടിവേഷൻ |
| **സംവിധാനം**<br>1. പൊതുവേദികൾ, മത്സര വേദികൾ സമാജങ്ങൾ | സ്കൂൾതലം മാത്രമല്ല പൊതു ഇടങ്ങളിലും വേദികൾ നൽകണം. | ഉൽപന്നങ്ങളുടെ പ്രദർശനം<br>ഉൽപ്പന്നങ്ങളുടെ വിപണനം<br>റെക്കോർഡിംഗ്, സംപ്രേക്ഷണം. |
| **രക്ഷിതാക്കൾ**<br>1. അവബോധക്കുറവ്<br>താൽപര്യക്കുറവ്<br>സാമ്പത്തികം | ക്ലാസ് പി.ടി.എ.<br>ഗൈഡൻസ് | |

# പരിഹാര നിർദ്ദേശങ്ങൾ/പദ്ധതി പ്രവർത്തനങ്ങൾ എന്നിവുടെ വിശദാംശങ്ങൾ

## 1. പ്രീ ടെസ്റ്റ് - പോസ്റ്റ് ടെസ്റ്റ്

സ്കൂൾ തുറന്ന് ആദ്യ ദിവസങ്ങളിൽ പ്രീ-ടെസ്റ്റ് നടക്കണം. കുട്ടികളിലെ ഭാഷാ ജ്ഞാനം അറിയുകയാണ് ഉദ്ദേശം. പ്രത്യേകം ചോദ്യാവലി തയ്യാറാക്കി മുന്നറിവ് പരിശോധിക്കുന്നതിലൂടെ മുൻ ക്ലാസുകളിൽ കുട്ടി ആർജ്ജിച്ച ഭാഷാജ്ഞാനം എത്രമാത്രം കുട്ടിയുടെ അറിവിൽ ഉണ്ട് എന്ന് മനസ്സലാക്കാനാവും. എഴുത്തുപരീക്ഷ, കേട്ടെഴുത്ത്, ആധരവായന, ചിത്രവായന തുടങ്ങിയ മാർഗങ്ങളും സ്വീകരിക്കാം. ഇപ്രകാരം ലഭ്യമാകുന്ന പ്രതികരണങ്ങൾ വിലയിരുത്തപ്പെടുകയും പരിഹാരക്രിയയിലൂടെ മെച്ചപ്പെടുത്തുകയും വേണം. അതിനായി ഓരോ കുട്ടിയുടെയും നില സ്കൂൾ റിസോഴ്സ് മീറ്റിംഗിൽ ചർച്ച ചെയ്യണം. അതിന് ശേഷം വീണ്ടും അതേ മാർഗങ്ങൾ ഉപയോഗിച്ച് ടെസ്റ്റ് നടത്താവുന്നതാണ്.

## 2. ടോട്ടൽ കമ്മ്യൂണിക്കേഷൻ രീതി

ആശയ വിനിമയത്തിന് (ക്ലാസ് മുറികളിൽ പ്രത്യേകിച്ചും) പല രീതികൾ ചേർത്ത് ുപയോഗിക്കുന്നതാണ് ടോട്ടൽ കമ്മ്യൂണിക്കേഷൻ രീതി. ശരീര ഭാഷ, മുഖഭാവം, പ്രകടന ഭാവം, ആംഗ്യം, സംസാര ഭാഷ, ശബ്ദം, ഉപകരണങ്ങൾ, ചാർട്ടുകളുടെ പഠനോപകരണങ്ങൾ എല്ലാം ചേർത്ത് ഉപയോഗിക്കുന്നത് ഭാഷാ പരിമിതി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിൽ ഏറ്റവും പ്രയോജനകരമാണ്.

## 3. സ്പീച്ച് തെറാപ്പി- സംസാരഭാഷാ വികസനം

പരിസ്ഥിതിയിൽ നിന്നുള്ള പ്രചോദനം, രക്ഷിതാക്കൾ അധ്യാപകർ നൽകുന്ന പ്രോത്സാഹനം, സ്വന്തമായ കഴിവുകൾ എന്നിവയാണ് ഭാഷാവികസനത്തിന്റെ ഘടകങ്ങളായി പ്രവർത്തിക്കുന്നത്. ഇന്ദ്രീയങ്ങളുടെയും മനസ്സിന്റെയും ബുദ്ധിയുടെയും സംയുക്ത പ്രവർത്തനഫലമാണത്. മനസ്സിലെ ആശയങ്ങൾ, വിചാരങ്ങൾ ശബ്ദം വഴി പ്രകാശിപ്പിക്കുമ്പോഴാണ് അത് ഭാഷയായി മാറുന്നത്. സാധാരണ കുട്ടികളെ സംസാരിക്കാൻ പഠിപ്പിക്കേണ്ടതില്ല. വളർച്ചയോടൊപ്പം അവർ സംസാരിക്കാനും പഠിക്കുന്നു. എന്നാൽ ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് അത് സാധ്യമല്ല. അവർക്ക് പ്രത്യേക പരിശീലനം നൽകിയാലെ സംസാര ഭാഷ വികസനമുണ്ടാവൂ. ശ്രവണാനുഭവങ്ങൾക്ക് പ്രാധാന്യം നൽകുന്നതും, സാധാരണയിൽ നിന്നും വ്യത്യസ്ഥമായ പഠന പ്രക്രിയകൾ ഉൾപ്പെടുത്തിയും സംസാര ഭാഷ വികസിപ്പിച്ചും. പാഠ്യപദ്ധതി വിനിമയം ചെയ്യാൻ സാധിക്കാണം. ശ്രവണ ബോധം ഉണ്ടാകുന്നത് ശ്രവണ ഉപകരണങ്ങളുടെ സഹായത്താലും ശ്രവണ പരിശീലന

ങ്ങളിലൂടെയുമാണ്. ശ്രവണ വൈകല്യമുള്ള കുട്ടികളെ ഭാഷാ വികസനം അവരുടെ പഠന പ്രവർത്തനങ്ങളിലെ ഇടപെടലുകൾക്ക് അത്രമേൽ പ്രാധാന്യമുണ്ട്. എന്നതിനാൽ വിദ്യാലയത്തിൽ സംസാരഭാഷ പരിശീലനം പ്രതിദിനം പ്രോത്സാഹിപ്പിക്കുകയും വിദഗ്ധരുടെ സേവനം ഉറപ്പാക്കുകയും വേണം.

## 4. അടിസ്ഥാന ഭാഷാ ശേഷീവികസന പരിപാടി

കുട്ടികളുടെ ഭാഷാശേഷി, പഠന നില എന്നിവ പ്രീ ടെസ്റ്റിലൂടെ കണ്ടെത്തിക്കഴിഞ്ഞാൽ പിന്നീട് കുട്ടിയുടെ പഠന പ്രശ്നം വിശകലനം നടത്തണം. അതിന് അനുസരിച്ച് പരിഹാര ബോധന പാക്കേജ് തയ്യാറാക്കണം. പാഠ്യ പദ്ധതി മുന്നോട്ടുവെക്കുന്ന ഭാഷ സമീപനത്തിൽ ഊന്നി വിവിധ ഭാഷാ വികസന പരിപാടികൾ ആവിഷ്കരിക്കണം. ശ്രവണ പരിമിതരായ കുട്ടികൾക്ക് പ്രൈമറിതലത്തിൽ സംസാരഭാഷക്ക് എഴുത്തിനോളം തന്നെ പ്രാധാന്യം നൽകേണ്ടതുണ്ട്.

## 5. പാഠാസൂത്രണം

കുട്ടികൾ അടിസ്ഥാനശേഷി നേടി എന്നു ഉറപ്പുവരുത്തിക്കഴിഞ്ഞാൽ തുടർ പ്രവർത്തനങ്ങൾ ആസൂത്രണം നടത്തണം. പാഠ്യപദ്ധതിയുമായി ബന്ധപ്പെടുത്തിയുള്ള ആസൂത്രണമാണ് ആവശ്യം. ഐ.ടി. വിദഗ്ധർ, വിഷയ വിദഗ്ധർ, ഭാഷാ വിദഗ്ധർ, ഓഡിയോളജിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, അധ്യാപകർ, രക്ഷിതാക്കൾ, ഹോസ്റ്റൽ മേട്രൺ എന്നിവരെ പങ്കെടുപ്പിച്ച് അക്കാദമിക് ശിൽപശാല സംഘടിപ്പിക്കണം. ഓരോ പാഠത്തിലെയും പഠന നേട്ടങ്ങൾ കൂടി ആർജ്ജിക്കുംവിധം സൂക്ഷ്മ തലത്തിൽ പഠനാസൂത്രണത്തിലേക്ക് നീങ്ങണം. പ്രക്രിയാബന്ധിതവും ഐ.സി.ടി. അധിഷ്ഠിതവുമായ ആസൂത്രണമാണ് ഉണ്ടാവേണ്ടത്. ഇതിനായി ബൃഹത്തായ പരിശീലനം അധ്യാപകർക്ക് നൽകേണ്ടതുണ്ട്.

## 6. സി.പി.ടി.എ.

കുട്ടികളുടെ പഠന മികവ്, ഭാഷാ വികസനം എന്നിവയിൽ ഏറെ സഹായിക്കാൻ കഴിയുന്ന സംവിധാനമാണ് സി.പി.ടി.എ. ആവശ്യമായ മുന്നൊരുക്കങ്ങൾ ഉണ്ടെങ്കിൽ ഇത് ഫലപ്രദമായി നടത്താനാകും. പ്രത്യേക മൊഡ്യൂൾ തയ്യാറാക്കിയും, നിശ്ചിത കാലയളവ് തീരുമാനിക്കും. സി.പി.ടി.എ. വിളിച്ചുചേർക്കണം. തുടർപഠനത്തിൽ രക്ഷിതാവിന്റെ പങ്കാളിത്തം ഉറപ്പാക്കാൻ ഇതുവഴി സാധ്യമാകും.

## 7. ശിൽപശാലകൾ :- അധ്യാപകർക്ക്, കുട്ടികൾക്ക്, രക്ഷിതാക്കൾക്ക്

### 1. അധ്യാപകർക്ക് ശിൽപശാല

അധ്യാപക ശിൽപശാലകൾ ശ്രവണ പരിമിതരായ കുട്ടിയുടെ വിദ്യാഭ്യാസ

ത്തിൽ വലിയ മാറ്റങ്ങൾക്ക് കാരണമാകും. ഏറ്റവും മികച്ച ആസൂത്രണവും മുന്നൊരുക്കവും ഇതിനാവശ്യമാണ്. കുട്ടികളിലെ മുന്നറിവ് പരിശോധിക്കുന്ന പ്രീ-ടെസ്റ്റ് ചോദ്യാവലി തയ്യാറാകുന്നതുമുതൽ പാഠാസൂത്രണം, മൂല്യനിർണ്ണയം, പഠനോപകരണ നിർമ്മാണം, പഠനസാമഗ്രി നിർമ്മാണം, സംസാര ഭാഷാ വികസന മൊഡ്യൂൾ തയ്യയാറാക്കൽ, സംസാരഭാഷ വികസന പരിപാടി തുടങ്ങി കുട്ടികളിലെ സർഗാത്മക വികസന പരിപാടികൾവരെയുള്ള എല്ലാ മേഖലകളുമായി ബന്ധപ്പെടുത്തി ശിൽപശാലകൾ സംഘടിപ്പിക്കണം. ഇതിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ആവശ്യമാണെങ്കിൽ ഉപയോഗപ്പെടുത്തണം. മറ്റു വിദ്യാലയങ്ങളിലെ അധ്യാപകരെയും പങ്കെടുപ്പിക്കാം.

**2. കുട്ടികൾക്ക് ശിൽപശാല**

കഥ, കവിത, നാടകം പോലെയുള്ള മേഖലകളിൽ എഴുത്തും അവതരണവും വരയും ഒക്കെ ഉൾക്കൊള്ളുന്ന ശിൽപശാലകൾ ഒരുക്കണം. ഭാഷാവികസനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുകയും പാഠഭാഗത്തിന്റെ ഉള്ളടക്കം പരിഗണിക്കുന്നതുമാകണം. അഭിനയത്തിന് വലിയ പ്രാധാന്യം വേണം. ശ്രവണപരിമിതരായ കുട്ടികളിൽ ശേഷി വൈഭവത്തിൽ അഭിനയം മികവ് പ്രകടമാകുന്ന ഒരു മേഖലയാണ്. അക്ഷരം, പദം, വാചകം ഉൾക്കൊള്ളുന്ന കാർഡുകൾ നിർമ്മിക്കാം, ആശംസാ കാർഡ്, കത്ത് എഴുത്ത്, കുട്ടിക്കവിത എഴുത്ത്, അവയുടെ വായന, പോസ്റ്റർ നിർമ്മാണം തുടങ്ങി ചുവരെഴുത്തും എല്ലാം ചേർന്ന നല്ലൊരു അനുഭവമാക്കാൻ ഇതുവഴി സൃഷ്ടിക്കാനാവും. ഇത് ക്ലാസ് മുറികളിൽ തുടർ പ്രവർത്തനങ്ങൾക്ക് വലിയ മുതൽക്കൂട്ടാവും.

## 8. ഹൈടെക് ക്ലാസ് മുറികൾ

എല്ലാ ക്ലാസ് മുറികളും ഐ.സി.ടി. അധിഷ്ഠിത പഠനം ഉറപ്പാക്കുന്നതാകണം. സുരക്ഷിത മുറികൾ ഉറപ്പാക്കണം. ലാപ്ടോപ്പ്, എൽ.സി.ഡി. പ്രൊജക്ടർ, സോഫ്റ്റ്വെയർ, ശബ്ദ സംവിധാനം ഉറപ്പാക്കണം. ഈ സൗകര്യങ്ങൾ പഠനപ്രവർത്തനങ്ങൾക്ക് ഉപകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും അതിന്റെ പരിപാലനം ശ്രദ്ധിക്കുകയും വേണം.

## 9. ഐ.സി.ടി. പരിശീലനം

ഹൈടെക് ക്ലാസ് മുറികൾ ഫലപ്രദമാക്കാൻ അധ്യാപകർക്ക് ഐ.സി.ടി. പരിശീലനം നൽകണം. ഐ.ടി. ഉപകരണങ്ങൾ കൈകാര്യം ചെയ്യാനും ഉപയോഗിക്കാനും അധ്യാപകരെ പ്രാപ്തരാക്കണം. സോഫ്റ്റ്വെയറുകൾ പരിചയപ്പെടുത്തണം. പാഠഭാഗങ്ങളിൽ ഐ.സി.ടി.യുടെ വിനിയോഗം യഥാസമയങ്ങളിൽ നടക്കുന്നതായി ഉറപ്പുവരുത്ത

ണം. ഇതിന് ആവശ്യമായ പരിശീലനം നൽകിയേ തീരൂ.

## 10. വായനാമൂല

വായനാമുറിയും ഹൈടെക് സംവിധാനത്തിലേക്ക് മാറ്റണം. ഐ.ടി.ഉപകരണങ്ങൾ സംവിധാനിച്ചതും ടെലിവിഷൻ പോലെയുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തിയും വായനാമൂല വികസിപ്പിക്കാം. ശ്രവണ പരിമിതരായ കുട്ടികൾക്ക് അനുയോജ്യമായ വായനാസാമഗ്രികളാണ് വായനാമൂലയിൽ പ്രധാനമായും ലഭ്യമാക്കേണ്ടത്. പാഠഭാഗങ്ങളെ ബന്ധപ്പെടുത്തുന്ന പുസ്തകങ്ങൾ, ചിത്രങ്ങൾ, പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവയും നൽകണം. ചുമർചിത്രങ്ങളും ചിഹ്നങ്ങളും എല്ലാം ചേർന്ന് വായനാമൂല മനോഹരമാക്കാനാകും.

## 11. സ്കൂൾ ലൈബ്രറി/ക്ലാസ് ലൈബ്രറി

സ്കൂൾ ലൈബ്രറിക്ക് പുറമെ ക്ലാസ് ലൈബ്രറികൾ സജീവമാക്കണം. ശ്രവണ പരിമിതരായ കുട്ടികളുടെ ഭാഷാപരിമിതി മറികടക്കാൻ സഹായകമാകുന്ന കൃതികൾക്ക് പ്രാധാന്യം നൽകണം. ലൈബ്രറി ഹൈടെക് ആക്കി മാറ്റണം. ഈ-റീഡിംഗ് സംവിധാനവും വേണം. അതേസമയം ചെറു കൃതികൾ മാത്രമാകുമ്പോൾ, കുട്ടികളുടെ വായന പരിസരത്തെക്കുറിച്ചുള്ള അറിവ് കുറവ് വരാതിരിക്കാൻ ശ്രദ്ധിക്കണം. മികച്ച എഴുത്തുകാരുടെ പുസ്തകങ്ങൾ, മികച്ച പ്രസിദ്ധീകരണങ്ങൾ, പ്രധാന പത്രങ്ങൾ, ആഴ്ചപ്പതിപ്പ്, മാസിക തുടങ്ങിയവയും ഉറപ്പുവരുത്തണം. സാഹിത്യലോകത്തെപ്പറ്റിയുള്ള കുട്ടിയുടെ ധാരണ വികസിക്കുംവിധം ലൈബ്രറിയുടെ സമ്പൂർണ്ണത ആവശ്യമാണ്.

## 12. അധ്യാപകരുടെ ഗവേഷണം

പാഠഭാഗത്തിന്റെ ഉള്ളടക്കം സംബന്ധിച്ച് അധ്യാപകന്റെ അറിവും ധാരണയും വികസിപ്പിക്കണം. പാഠാസൂത്രണത്തിലും വിനിമയത്തിലും പുതിയ രീതിയും മാർഗ്ഗങ്ങളും അവലംബിക്കണം. പ്രക്രിയ ബന്ധിതമായ പ്രവർത്തനങ്ങൾ ഒരുക്കണം. അതിനായി ഓരോ ഫാഠഭാഗവുമായി ബന്ധപ്പെട്ട് ഗവേഷണാത്മകമായ സമീപനം സ്വീകരിക്കണം. മറ്റ് അധ്യാപകരുടെ സഹായം ഉറപ്പാക്കണം. ഇതിനായി നടത്തുന്ന ശിൽപശാലയിൽ വിഷയ വിദഗ്ധരെ പങ്കെടുപ്പിക്കുകയും സമയബന്ധിതമായി പ്രബന്ധം പൂർത്തിയാക്കുകയും വേണം. സെമിനാറുകളിൽ ഇവയുടെ അവതരണം നടത്തി മറ്റ് അധ്യാപകർക്കും സഹായകാക്കാനാവും.

## 13. പഠനയാത്ര/ഫീൽഡ് ട്രിപ്പ്

ഭാഷ, സംസാരം കുടികൊള്ളുന്ന ഇടങ്ങിലേക്ക് പഠന യാത്ര ഒരുക്കണം. യാത്രക്ക്

മുമ്പേ കുട്ടികൾക്ക് സന്ദർശന സ്ഥലങ്ങൾ, അവയുടെ പ്രാധാന്യം, സാംസ്കാരിക പശ്ചാത്തലം സംബന്ധിച്ച് മുന്നറിവ് നൽകണം. ഫ്ളാഷ് കാർഡുകൾ കരുതണം, നോട്ട് ബുക്കുകൾ കുട്ടികൾ കയ്യിൽ സൂക്ഷിക്കുകയും അനുഭവങ്ങൾ/കാഴ്ചകൾ കുറിച്ചിടുകയും വേണം.

യാത്രക്ക് ശേഷം കുട്ടികൾക്ക് നൽകാൻ കഴിയുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച ആസൂത്രണം നേരത്തെ പൂർത്തിയാക്കണം. ഉദാ:- യാത്ര വിവരണം, പേരുകൾ, സ്ഥല നാമങ്ങൾ തുടങ്ങിയവ.

## 14. അധ്യാപക കൂട്ടായ്മ

സ്കൂൾതലം, ജില്ലാതലം, സംസ്ഥാനതലം സാധ്യമാകുംവിധം സംഘടിപ്പിക്കണം. പഠനാസൂത്രണം, അതിന്റെ വിനിമയം ശ്രവണപരിമിതരാ കുട്ടികളിലെ ഭാഷാപ്രശ്ന അപഗ്രഥനം, പരിഹാരം തുടങ്ങി എല്ലാ കാര്യങ്ങളും ചർച്ച ചെയ്യപ്പെടുന്ന വേദിയായി അത് വികസിക്കണം. മാസത്തിൽ ഒരു തവണയെങ്കിലും ഇതിനായി പ്രത്യേക ദിവസം നിശ്ചയിക്കണം. ജില്ലാ-സംസ്ഥാനതല സംഗമങ്ങൾ വർഷത്തിൽ 3-4 ദിവസങ്ങൾ നീളുന്ന ഒന്നും, ഓൺലൈൻ വഴി ഇടക്കിടെയും സംഘടിപ്പിക്കാവുന്നതാണ്. വിഷയവിദഗ്ധരെയും പൂർവ്വ അധ്യാപകരെയും ഇതിൽ പങ്കെടുപ്പിക്കാനാവും.

## 15. കുട്ടികളുടെ സൃഷ്ടികൾ

കുട്ടികളുടെ ഭാഷാവികസനം ഉറപ്പാക്കുന്നതും സർഗാത്മക പുരോഗതിക്ക് സഹായമാകുന്നതുമാണ്. അവരുടെ സർഗസൃഷ്ടികൾ. പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തിയും, ദിനാചരണങ്ങൾ, ആനുകാലിക സംഭവവികാസങ്ങൾ, പൊതുവിജ്ഞാനം എന്നിവ ഉൾപ്പെടുത്തിയും ചുമർ മാഗസിൽ, ക്ലാസ് മാഗസിൻ, ചുമർ പത്രം, ഇൻലന്റ് മാഗസിൻ, പോസ്റ്റർ നിർമ്മാണം, കാർഡ് നിർമ്മാണം, പത്രം നിർമ്മാണം, പത്രവാർത്താനിർമ്മാണം തുടങ്ങി സാധ്യതകൾ സൃഷ്ടിക്കാൻ കരുത്ത് പകരുന്ന ശിൽപശാലകൾ ഒരുക്കണം.

വിവിധ മത്സരങ്ങൾ, ദിനാചരണങ്ങൾ എന്നിവയുടെ ഭാഗമായും പാഠഭാഗത്തിന്റെ ഭാഗമായി ചിട്ടപ്പെടുത്തിയതുമായ നിരവധി സൃഷ്ടികൾ ചേർത്തുവെച്ചും അതിനെ പതിപ്പുകളാക്കി മാറ്റാം.

# പ്രവർത്തന പദ്ധതി വിശകലനം

**മേഖല** – അക്കാദമികം
**പ്രശ്നം** – അടിസ്ഥാന ഭാഷാ ശേഷികൾ നേടാത്ത കുട്ടികൾ ഉണ്ട്
**പ്രവർത്തനം** 1 – പ്രീ-ടെസ്റ്റ് **ലക്ഷ്യം :** 1 മുതൽ 10 വരെ ക്ലാസ്സിലെ കുട്ടികൾ

| ഉപ പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം (എന്ത്, എങ്ങനെ, എപ്പോൾ) | എസ്.ആർ.ജി. | ഏപ്രിൽ മെയ് | | |
| ചോദ്യാവലി നിർമ്മാണം, സാമഗ്രികളുടെ നിർമ്മാണം | ക്ലാസ് ടീച്ചർ, എസ്.ആർ.ജി. | മെയ് | | |
| പ്രീ-ടെസ്റ്റ് നടത്തിപ്പ് | ക്ലാസ് ടീച്ചർ എസ്.ആർ.ജി. | ജൂൺ | | |
| മൂല്യനിർണ്ണയം ഫലവിശദീകരണം | എസ്.ആർ.ജി. | ജൂൺ | 1500 | പി.ടി.എ. |
| റിപ്പോർട്ട് തയ്യാറാക്കൽ റിപ്പോർട്ട് അവതരണം | എസ്.ആർ.ജി. പി.ടി.എ. | ജൂൺ | 1500 | പി.ടി.എ. |

**മേഖല** – അക്കാദമികം
**പ്രവർത്തനം** 2 – അടിസ്ഥാന ഭാഷാശേഷി വികസന പരിപാടി
**ലക്ഷ്യം :** 1 – 10 വരെ ക്ലാസ്സിലെ കുട്ടികളുടെ അടിസ്ഥാന ഭാഷാശേഷി ഉറപ്പാക്കൽ

| ഉപ പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | എസ്.ആർ.ജി. | ഏപ്രിൽ മെയ് | | |
| പരിഹാര ബോധന മാഡ്യൂൾ നിർമ്മാണവും അച്ചടിയും | എസ്.ആർ.ജി. | ജൂൺ ആദ്യ ആഴ്ച | 2000 | പി.ടി.എ. മാനേജ്മെന്റ് |
| ക്ലാസ്സ് | എസ്.ആർ.ജി. | ജൂൺ, ആഗസ്റ്റ് | 2500 | പി.ടി.എ. മാനേജ്മെന്റ് |
| മൂല്യനിർണ്ണയവും അവലോകനവും | എസ്.ആർ.ജി. | അഗസ്റ്റ് | | |
| റിപ്പോർട്ട് തയ്യാറാക്കൽ | എസ്.ആർ.ജി. | ആഗസ്റ്റ് 30 | 2000 | പി.ടി.എ. |

**മേഖല** - അക്കാദമികം

**പ്രശ്നം** - അടിസ്ഥാന ഭാഷാശേഷികൾ നേടാത്ത കുട്ടികൾ ഉണ്ട്

**ലക്ഷ്യം** - പ്രക്രിയ ബന്ധിതവും ശിശു കേന്ദ്രീകൃതവും ഐ.സി.ടി. അധിഷ്ടിതവുമായി പാഠഭാഗ ആസൂത്രണം ചെയ്യാനും വിനിമയം ചെയ്യാനും ശേഷി ആർജ്ജിക്കൽ

| ഉപ പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ക്ലാസ് മുറികളിൽ ഐ.സി.ടി. ലഭ്യത ഉറപ്പാക്കൽ | മാനേജ്മെന്റ് പി.ടി.എ. | ജൂൺ | 3 ലക്ഷം | കൈറ്റ് |
| പ്രക്രിയാബന്ധിതമായ പാഠാസൂത്രണം ശിൽപശാല | എസ്.ആർ.ജി. | മെയ് | 1000 | പി.ടി.എ. |
| ഐ.സി.ടി. സാധ്യത കണ്ടെത്തുന്നു | എസ്.ആർ.ജി. | മെയ് | 2000 | പി.ടി.െ |
| ഇ-ടീച്ചിംഗ് മാന്വൽ വികസിപ്പിക്കൽ ശിൽപശാല | എസ്.ആർ.ജി. ഐ.ടിവിദഗ്ധർ | ജൂൺ ആദ്യം | 1000 | പി.ടി.െ |
| അധ്യാപകർക്കുള്ള ഐ.ടി. പരിശീലനം | ഐ.ടിവിദഗ്ധർ HM-SITC | ഏപ്രിൽ മധ്യത്തിൽ | | |
| ഡോക്യുമെന്റേഷൻ | എസ്.ആർ.ജി. SITC | മാർച്ച് | | |

**മേഖല** - അക്കാദമികം

**പ്രവർത്തനം** - സി.പി.ടി.എ. ഫലപ്രദമാക്കൽ

**ലക്ഷ്യം** - സി.പി.ടി.എ. കാര്യക്ഷമമാക്കി കുട്ടികളുടെ പഠനമികവ് ഉറപ്പാക്കുന്നതിന്

| ഉപ പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| സി.പി.ടി.എ. ആശയ രൂപീകരണം | എസ്.ആർ.ജി. | ജൂൺ മധ്യം | | പി.ടി.എ |
| സി.പി.ടി.എ. മൊഡ്യൂൾ തയ്യാറാക്കൽ | എസ്.ആർ.ജി. | ജൂൺ മധ്യം | 500 | പി.ടി.എ. |
| സി.പി.ടി.എ. വിളിച്ചുചേർക്കൽ | എസ്.ആർ.ജി. | ജൂൺ 3-ാം വാരം | 2000 | പി.ടി.എ. |
| പ്രീ-ടെസ്റ്റ് ഫല അവതരണം | ക്ലാസ് ടീച്ചർ എച്ച്.എം. | ജൂൺ 3-ാം വാരം | | |
| കുട്ടികളുടെ രചന/സൃഷ്ടി പ്രദർശനം | ക്ലാസ് ടീച്ചർ | ജൂൺ 3-ാം വാരം | | |
| പഠനാസൂത്രണ ശിൽപശാല, രക്ഷിതാക്കളുടെ വിലയിരുത്തൽ, പഠന നേട്ടങ്ങൾ പ്രദർശനം, രക്ഷിതാക്കളുടെ റോൾ അവതരണം, ചർച്ച - തീരുമാനങ്ങൾ. നൽകേണ്ട സഹായം പട്ടികപ്പെടുത്തൽ കോപ്പി വിതരണം, റിപ്പോർട്ട് തയ്യാറാക്കൽ | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | ജൂൺ 3-ാം വാരം | 500 | പി.ടി.എ. |

**മേഖല** - അക്കാദമികം

**പ്രവർത്തനം** - ശിൽപശാലകൾ

**ലക്ഷ്യം** - ഭാഷാ വിനിമയത്തിന് വൈവിധ്യമാർന്ന രീതികൾ

| ഉപ പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ശിൽപശാല ആലോചന | എസ്.ആർ.ജി. | ജൂലായ് | 5000 | എസ്.എസ്.കെ. |
| പാഠഭാഗത്തെ കഥ, കവിത ആസ്പദമാക്കി ശിൽപശാല | എസ്.ആർ.ജി. | ആഗസ്റ്റ് | 2000 | എസ്.എസ്.കെ. |
| വിവിധ പഠന സാമഗ്രികളുടെ നിർമ്മാണം | ക്ലാസ് ടീച്ചർ എസ്.ആർ.ജി. | ആഗസ്റ്റ് | 2500 | എസ്.എസ്.കെ. |
| ഡോക്യുമെന്റേഷൻ | ക്ലാസ്ടീച്ചർ | ആഗസ്റ്റ് | 2000 | എസ്.എസ്.കെ. |

**മേഖല** - അക്കാദമികം

**പ്രശ്നം 2** - പാഠ്യപദ്ധതി - ശ്രവണപരിമിതരായ കുട്ടികൾക്കുണ്ടാവുന്ന പ്രയാസം

**പ്രവർത്തനം** - അനുരൂപീകരണ ശിൽപശാല

**ലക്ഷ്യം** - ആശയ വിനിമയത്തിന് പാഠഭാഗം ലളിതമാക്കാം.

| ഉപ പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ശിൽപശാല ആസൂത്രണം | എസ്.ആർ.ജി. | ജൂൺ | 1000 | പി.ടി.എ. |
| പാഠഭാഗത്തെ അനുരൂപീകരണം മൊഡ്യൂൾ തയ്യാറാക്കൽ | എസ്.ആർ.ജി. | ജൂൺ | 1000 | പി.ടി.എ |
| ശിൽപശാല അനുരൂപീകരണം കൂട്ടിച്ചേർക്കൽ | എസ്.ആർ.ജി. | ജൂൺ മധ്യം 2 ദിവസം 1-ാം ഘട്ടം ശനി ഞായർ | 1000 | പി.ടി.എ. |
| ശിൽപശാല അനുരൂപീകരണം കൂട്ടിച്ചേർക്കൽ | എസ്.ആർ.ജി. | ആഗസ്റ്റ് അവസാനം, ശനി ഞായർ 2-ാം ഘട്ടം | 1000 | പി.ടി.എ. |
| ശിൽപശാല അനുരൂപീകരണം കൂട്ടിച്ചേർക്കൽ | എസ്.ആർ.ജി. | നവംബർ അവസാനം ശനി, ഞായർ 3-ാം ഘട്ടം | 1000 | പി.ടി.എ. |

**മേഖല** - അക്കാദമികം

**പ്രശ്നം 2** - പാഠ്യപദ്ധതി ശ്രവണ പരിമിതരായ കുട്ടികൾക്കുണ്ടാകുന്ന പ്രയാസം

**പ്രവർത്തനം** - ശിൽപശാല

**ലക്ഷ്യം** - ആശയ വിനിമയം ലളിതമാക്കൽ

| ഉപ പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ മനസിലാക്കുന്നതിന് പ്രീ-ടെസ്റ്റ് അവലോകന റിപ്പോർട്ട് വിശകലനം | എച്ച്.എം. എസ്.ആർ.ജി. | ജൂലായ് | 500 | പി.ടി.എ. |
| പാഠഭാഗം അനുരൂപീകരണ വിശകലന റിപ്പോർട്ട് അടിസ്ഥാനപ്പെടുത്തി നടപ്പിലാക്കുന്ന പഠന പ്രവർത്തനങ്ങൾ സംബന്ധിച്ച് തീരുമാനിക്കുന്ന ശിൽപശാല | എസ്.ആർ.ജി. | ജൂലായ് | 500 | പി.ടി.എ. |
| നിർമ്മാണ ശിൽപശാല ഉൽപ്പന്നങ്ങളുടെ പ്രദർശനം | എച്ച്.എം. എസ്.ആർ.ജി. ക്ലാസ്ടീച്ചർ | ആഗസ്റ്റ് 3-ാം വാരം | 500 | പി.ടി.എ. |

**മേഖല** - അക്കാദമികം

**പ്രശ്നം** - പഠന ഉപകരണങ്ങൾ ഐ.സി.ടി. എന്നിവ ഫലപ്രദമായി ഉപയോഗിക്കുന്നില്ല.

**പ്രവർത്തനം** - പഠന ഉപകരണ ശിൽപശാല

**ലക്ഷ്യം** - വൈവിധ്യ പഠന ഉപകരണങ്ങൾ സംബന്ധിച്ച് പരിജ്ഞാനം നേടുന്നതിന്.

| ഉപ പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | എസ്.ആർ.ജി. | ജൂൺ 2-ാം വാരം | 500 | പി.ടി.എ. |
| പഠനോപകരണ ശിൽപശാല തുടർച്ച ഐ.സി.ടി. സാധ്യത ഉപോഗപ്പെടുത്തൽ, സാമഗ്രികൾ | എസ്.ആർ.ജി. | ജൂൺ 4-ാം വാരം | 500 | പി.ടി.എ. |

**മേഖല** - അക്കാദമികം

**പ്രശ്നം** - പഠന ഉപകരണങ്ങൾ ഐ.സി.ടി. ഉപയോഗിക്കുന്നില്ല.

**പ്രവർത്തനം** - ഹൈടെക് ക്ലാസ് മുറികൾ

**ലക്ഷ്യം** - എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കി മാറ്റുക.

| ഉപ പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ക്ലാസ് മുറികൾ അടച്ചുറപ്പുള്ളതും വൈദ്യുതീകരിച്ചുമാണെന്ന് ഉറപ്പ് വരുത്തുക. നിലം, ചുമർ മതലായവ പൊടി പടലമുക്തമാക്കുക. ഐ.സി.ടി. സൗകര്യം ഉറപ്പാക്കുക. | പി.ടി.എ. എച്ച്.എം. SITC ക്ലാസ്ടീച്ചർ | ജൂൺ | 2.5 ലക്ഷം | മാനേജ്മെന്റ് പൊതു വിദ്യാഭ്യാസ വകുപ്പ് |

**മേഖല** - അക്കാദമികം

**പശ്നം** - പഠന ഉപകരണങ്ങൾ. ഐ.സി.ടി. എന്നിവ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

**ലക്ഷ്യം -** അധ്യാപകർക്കും കുട്ടികൾക്കും ഐ.സി.ടി. പരിശീലനം, പഠന പ്രവർത്തനങ്ങളുടെ ആസൂത്രണത്തിൽ ഐ.സി.ടി. പ്രയോജനപ്പെടുത്തുക.

| ഉപ പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| അധ്യാപകരുടെയും കുട്ടികളുടെയും വിവരശേഖരണം | എസ്.ആർ.ജി. | ജൂലായ് | | |
| ഐ.സി.ടി. പാക്കേജ് തയ്യാറാക്കൽ | വിദഗ്ധരായ അധ്യാപകർ | ജൂലായ് | 2000 | പി.ടി.എ. |
| ഐ.സി.ടിയ പരിശീലനം വിവിധ ഘട്ടങ്ങളിലൂടെ | അധ്യാപകർ | ജൂലായ് മാർച്ച് | 10000 | പി.ടി.എ. |
| ഫലപ്രാപ്തി വിശകലനം റിപ്പോർട്ട് തയ്യാറാക്കൽ | വിദഗ്ധർ | മാർച്ച് | 500 | പി.ടി.എ. |

**മേഖല** - അക്കാദമികം

**പ്രവർത്തനം** - ആക്ഷൻ റിസർച്ച്

**ലക്ഷ്യം -** ഗവേഷണാത്മക പഠനം - വിശകലനം (എച്ച്.ഐ. കുട്ടികളുടെ ഭാഷാ പിന്നോക്ക് പ്രശ്നം)

| ഉപ പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണ ശിൽപശാല | എച്ച്.എം. | ജൂൺ | 1000 | മാനേജ്മെന്റ് |
| മൊഡ്യൂൾ തയ്യാറാക്കൽ | എസ്.ആർ.ജി. | ജൂൺ | | |
| വിദഗ്ധരെ പങ്കെടുപ്പിച്ച് സെമിനാർ പാനൽ ചർച്ച | എച്ച്.എം. സ്റ്റാഫ് സെക്രട്ടറി | ജൂലായ് | 5000 | പി.ടി.എ. |
| ക്രോഡീകരണം | സ്റ്റാഫ് സെക്രട്ടറി | ആഗസ്റ്റ് ആദ്യം | 500 | പി.ടി.എ. |
| ഡോക്യുമെന്റേഷൻ, ലൈബ്രറി വികസനം | എച്ച്.എം. സ്റ്റാഫ് സെക്രട്ടറി | സെപ്റ്റംബർ ആദ്യം | 25000 | മാനേജ്മെന്റ് |

**മേഖല** - അക്കാദമികം

**പ്രവർത്തനം** - ക്ലാസ് ലൈബ്രറി

**ലക്ഷ്യം** - ഗവേഷണാത്മക പഠനത്തിന് അവസരം ഒരുക്കൽ

| ഉപ പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ക്ലാസ് ലൈബ്രറി<br>ആശയരൂപീകരണ ശിൽപശാല | ക്ലാസ്<br>ടീച്ചർ | ജൂൺ | 500 | രക്ഷിതാക്കൾ<br>സ്റ്റാഫ്, ക്ലബ്ബ് |
| രൂപരേഖ തയ്യാറാക്കൽ | എസ്.ആർ.ജി. | ജൂൺ | 1000 | സ്റ്റാഫ്, ക്ലബ്ബ് |
| പുസ്തക സമാഹരണം | ക്ലാസ്ടീച്ചർ<br>പൂർവ്വവിദ്യാ<br>ർത്ഥികൾ<br>രക്ഷിതാക്കൾ | ജൂൺ | 15000<br>ഒരു<br>ക്ലാസിന് | എസ്.ആർ.ജി. |
| ഭൗതിക സാഹചര്യം ഒരുക്കൽ | ക്ലാസ്ടീച്ചർ<br>എസ്.ആർ.ജി.<br>എച്ച്.എം. | ജൂൺ | | പി.ടി.എ.<br>പൂർവ്വ വിദ്യാ<br>ർത്ഥികൾ |

**മേഖല** - അക്കാദമികം

**പ്രവർത്തനം** - ശിൽപശാല, പഠന യാത്രകൾ

**ലക്ഷ്യം** - പ്രായോഗിക ഭാഷാ വികസന സാധ്യതകൾ പ്രയോജനപ്പെടുത്തൽ

| ഉപ പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | എസ്.ആർ.ജി. | ജൂൺ | | |
| ആസൂത്രണം | എസ്.ആർ.ജി. | ജൂലായ് | 500 | പി.ടി.എ. |
| ശിൽപശാല, മൊഡ്യൂൾ തയ്യാറാക്കൽ<br>(ടൂർ ഉൾപ്പെടെ) | എസ്.ആർ.ജി. | ആഗസ്റ്റ് | 1000 | പി.ടി.എ. |
| ഡോക്യുമെന്റേഷൻ | എസ്.ആർ.ജി. | ഒക്ടോബർ | 1000 | പി.ടി.എ. |

**മേഖല** - അക്കാദമികം

**പ്രവർത്തനം** - ആംഗ്യ ഭാഷാവികസനം

**ലക്ഷ്യം** - ആംഗ്യഭാഷ പരിചയപ്പെടുത്തൽ രക്ഷിതാക്കൾക്കും കുട്ടികൾക്കും അധ്യാപകർക്കും.

| ഉപ പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | എസ്.ആർ.ജി. | | | |
| മൊഡ്യൂൾ തയ്യാറാക്കൽ<br>വിദഗ്ധരുടെ സാന്നിദ്ധ്യത്തിൽ | എസ്.ആർ.ജി. | ആഗസ്റ്റ് | 5000 | പി.ടി.എ. |
| ആംഗ്യഭാഷ പരിശീലനം<br>വിവിധ ഘട്ടങ്ങളിൽ | എച്ച്.എം.<br>എസ്.ആർ.ജി.<br>സ്റ്റാഫ് ക്ലബ്ബ് | ആഗസ്റ്റ്<br>മുതൽ<br>മാർച്ച് വരെ | 10000 | മാനേജ്മെന്റ്<br>പി.ടി.എ. |
| ഫലപ്രാപ്തി വിശകലന റിപ്പോർട്ട്<br>തയ്യാറാക്കൽ | സ്റ്റാഫ്<br>എസ്.ആർ.ജി. | മാർച്ച്<br>അവസാനം | 500 | പി.ടി.എ. |
| ഡോക്യുമെന്റേഷൻ | എസ്.ആർ.ജി. | ഏപ്രിൽ | 500 | പി.ടി.എ. |

**മേഖല** - അക്കാദമികം

**പ്രവർത്തനം** - കുട്ടികളുടെ സർഗ്ഗ സൃഷ്ടികൾ

**ലക്ഷ്യം** - കുട്ടികളിലെ സർഗാത്മകത പ്രോത്സാഹിപ്പിക്കുക.

| ഉപ പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | എസ്.ആർ.ജി. | | | |
| മൊഡ്യൂൾ തയ്യാറാക്കൽ | എസ്.ആർ.ജി. | ജൂലായ് | 1000 | പി.ടി.എ. |
| പാഠഭാഗത്തെ അടിസ്ഥാനപ്പെടുത്തി<br>യുള്ള പരിപാടികൾക്ക് മുൻഗണന | ക്ലാസ്ടീച്ചർ | | | |
| 20 ശിൽപശാലകൾ<br>20 മേഖലകൾ<br>20 ദിവസം | എസ്.ആർ.ജി.<br>ക്ലാസ്ടീച്ചർ | ആഗസ്റ്റ്<br>മുതൽ<br>മാർച്ച് വരെ | 15000 | മാനേജ്മെന്റ്<br>പി.ടി.എ. |
| സൃഷ്ടികളുടെ തെരഞ്ഞെടുപ്പ്<br>പ്രദർശനം | എസ്.ആർ.ജി. | മാർച്ച് | 1500 | പി.ടി.എ. |
| സൃഷ്ടികളുടെ പ്രസിദ്ധീകരണം | എച്ച്.എം.<br>സ്റ്റാഫ് ക്ലബ്ബ്<br>എസ്.ആർ.ജി. | ഏപ്രിൽ | 50000 | എസ്.പി.ജി. |

## സാമൂഹ്യ പങ്കാളിത്തം

മുകളിൽ പ്രതിപാദിച്ച ഓരോ പ്രവർത്തനത്തിലും സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കണം. ആസൂത്രണത്തിലും വിഭവ സമാഹരണത്തിലും നടത്തിപ്പിലും വിലയിരുത്തലിലും പൊതുജന പങ്കാളിത്തം അനിവാര്യമാണ്. പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വ രക്ഷിതാക്കൾ, രക്ഷിതാക്കൾ, സന്നദ്ധ സേവർ, നാട്ടുകാർ, സാമൂഹ്യ പ്രവർത്തകർ, രാഷ്ട്രീയ നേതൃത്വം, ജന പ്രതിനിധികൾ, കുടുംബശ്രീ മറ്റ് വിദഗ്ധർ തുടങ്ങി വിദ്യാലയ പരിസരങ്ങളിൽ സാധ്യതയുള്ള എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കണം.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

സാധാരണ ജീവിക സന്ദർഭങ്ങളിൽ പോലും ഭാഷ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് കേൾവി പരിമിതരായ കുട്ടികൾക്ക് വളരെ പ്രയാസം നേരിടുന്നു. ലളിതമായ ഭാഷാ വ്യവഹാര രൂപങ്ങളിലുടെ അക്ഷരങ്ങൾ, പദങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കണം ബാലസാഹിത്യങ്ങൾ, ദിനപത്രങ്ങൾ, ചിത്രകഥകൾ മുതലായ ഭാഷാ രചനകൾ ആസ്വദിക്കുന്നതിനുള്ള ശേഷികൾ വളർത്തേണ്ടതുണ്ട്. അതിനായി ബോധപൂർവ്വ പ്രവർത്തനങ്ങൾ ചെറിയ ക്ലാസ്സുകൾ മുതൽ ഏറ്റെടുക്കുകയും വായനയും എഴുത്തും പോഷിപ്പിക്കുവാനുള്ള ശ്രമം നടത്തേണ്ടതുണ്ട്.






# വേണം വിഷയാധിഷ്ഠിത ആസൂത്രണം

നിലവിലെ പാഠ്യപദ്ധതി ശ്രവണപരമായ വെല്ലുവിളി അഭിമുഖീകരിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിന് പൂർണവിധം പര്യാപ്തമല്ല എന്ന ആക്ഷേപം നിലനിൽക്കുന്നു. അതിന്റെ പരിഹാരം തേടി കൃത്യമായ ഗവേഷണങ്ങളോ, ശാസ്ത്രീയ മാർഗ്ഗനിർദ്ദേശങ്ങളെ ഇതുവരെയും ഉണ്ടായിട്ടുമില്ല. മാതൃകയാക്കാൻ മികച്ച പദ്ധതി ആസൂത്രണങ്ങൾ എവിടെയും കണ്ടതുമില്ല. ഈ സാഹചര്യത്തിൽ വിദ്യാലയം മികവിന്റെ കേന്ദ്രം എന്ന ലകഷ്യത്തിലേക്ക് ചുവട് വെക്കുമ്പോൾ ഓരോ കുട്ടിയുടെയും വിഷയാധിഷ്ഠിതമായ പുരോഗതിക്ക് നിതാനമാകുന്ന ഒരുകൂട്ടം പ്രവർത്തനങ്ങളുടെ സംഗ്രഹമാണിത്.

# എൽ.പി. മലയാളം

## ലക്ഷ്യങ്ങൾ

1. ഭാഷ ഫലപ്രദമായി കൈകാര്യം ചെയ്യാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. എഴുതാനും വായിക്കാനും ശേഷി നേടുക.
3. സംസാര പരിശീലനത്തിലൂടെ ഭാഷാപഠനം
4. പ്രസിദ്ധീകരണങ്ങൾ, ബാലസാഹിത്യങ്ങൾ, പരിചയപ്പെടൽ
5. ഭാഷ വികസനത്തിന് ഐ.സി.ടി. സാധ്യത പ്രയോജനപ്പെടുത്തൽ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷ ഫലപ്രദമായി കൈകാര്യം ചെയ്യാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക. | * മുന്നറിവ് പരിശോധന<br>* അക്ഷരം ഉറപ്പിക്കൽ<br>* അടയാളം ഉറപ്പിക്കൽ<br>* അക്ഷര വൃക്ഷം<br>* വാക്കുകൾ - കാർഡ്<br>* വാക്കുകൾ-നിർമ്മാണം<br>* വാക്കുകൾ എഴുത്ത്/വായന<br>* വാക്യ നിർമ്മാണം<br>* ചിത്രം - അടിക്കുറിപ്പ്<br>* ക്ലാസ് ലൈബ്രറി<br>* ജീവ ചരിത്രക്കുറിപ്പ്<br>* ഡയറിക്കുറിപ്പ്<br>* നോട്ടീസ്<br>* പാചകക്കുറിപ്പ്<br>* പത്രവായന<br>* കഥ അവതരണം-അഭിനയം<br>* ബാലസഭ - എഴുത്ത്, സംസാരം, ചർച്ച മുതലായവ<br>* വായന-ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ബാല സാഹിത്യങ്ങൾ<br>* വാർത്താവിശകലനം<br>* പുസ്തക ചർച്ച<br>* ദിനാചരണക്കുറിപ്പുകൾ<br>* ലാംഗ്വാജ് ലാബ് | ഒരു വർഷം | ക്ലാസ് അധ്യാപകർ<br>ഭാഷാ അധ്യാപകർ<br>എച്ച്.എം.<br>എസ്.ആർ.ജി.<br>പി.ടി.എ. | 1500 |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | * തൽസമയ കുറിപ്പ്<br>* എഴുത്ത്<br>* ചിത്രം - വായന<br>* ചിത്രം - കഥപറയൽ<br>* ചിത്രം - കഥ എഴുതൽ<br>* കഥ - പൂർത്തീകരണം<br>* ചിത്രം-വാക്യങ്ങൾ തയ്യാറാക്കൽ | | | |
| സംസാര പരിശീലന ത്തിലൂടെ ഭാഷാ വികസനം | ക് + ആ = ക<br>ച് + അ = ച<br>ജ് + അ = ജ | | | |



# യു.പി. മലയാളം

## ലക്ഷ്യങ്ങൾ

1. ഭാഷ ഫലപ്രദമായി കൈകാര്യം ചെയ്യാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കൽ.
2. എഴുത്ത്, വായന ശേഷി പരിപോഷിപ്പിക്കുക.
3. ഭാഷാ വികസനത്തിന് ഐ.സി.ടി. സാധ്യത പ്രയോജനപ്പെടുത്തൽ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷ ഫലപ്രദമായി കൈകാര്യം ചെയ്യാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക. | * പ്രീ ടെസ്റ്റ്<br>* വാക്കുകൾ നിർമിക്കൽ<br>* വാക്യങ്ങൾ നിർമിക്കൽ<br>* ചിത്രം - അടിക്കുറിപ്പ്<br>* ചിത്രം - കഥപറയൽ<br>* ചിത്രം-കഥ എഴുതൽ<br>* ചിത്രം-വാക്യങ്ങൾ എഴുതൽ<br>* പോസ്റ്റർ നിർമ്മാണം (തീം അടിസ്ഥാനപ്പെടുത്തിയും വിഷയം അടിസ്ഥാനപ്പെടുത്തിയും)<br>* ക്ലാസ് ലൈബ്രറി<br>* ജീവചരിത്രക്കുറിപ്പ്<br>* ഡയറിക്കുറിപ്പ്<br>* നോട്ടീസ്<br>* പാചകക്കുറിപ്പ്<br>* പത്രവായന-വായനാശാലയിലും അസംബ്ലിയിലും<br>* കഥ അവതരണം-അഭിനയം<br>* ബാലസഭ-എഴുത്ത് സംസാരം, ചർച്ച മുതലായവ<br>* ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ബാലസാഹിത്യങ്ങൾ വായന.<br>* വാർത്താ വിശകലനം<br>* പുസ്തക ചർച്ച<br>* ദിനാചരണക്കുറിപ്പുകൾ<br>* ലാംഗ്വേജ് ലാബ്<br>* തൽസയമക്കുറിപ്പ്, എഴുത്ത്. | ഒരു വർഷം | ക്ലാസ് അധ്യാപകർ<br>ഭാഷാ അധ്യാപകർ<br>എച്ച്.എം.<br>എസ്.ആർ.ജി.<br>പി.ടി.എ. | 1500 |

# എച്ച്.എസ്. മലയാളം

## ലക്ഷ്യങ്ങൾ

1. മാതൃഭാഷ എഴുതാനും വായിക്കാനും സംസാരിക്കാനും ശേഷി നോടുക.
2. ഭാഷാ പിന്നോക്കാവസ്ഥ പരിഹരിക്കൽ
3. പദ സമ്പത്ത് നേടൽ
4. വ്യാകരണം മനസിലാക്കി ഭാഷ കൈകാര്യം ചെയ്യാനുള്ള ശേഷി നേടൽ
5. ഭാഷാജ്ഞാനം - പൊതുവിജ്ഞാനം പരിപോഷിപ്പിക്കൽ
6. സാഹിത്യകാരൻമാർ, സാഹിത്യ കൃതികൾ പരിചയപ്പെടുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മാതൃഭാഷ എഴുതാനും വായിക്കാനും സംസാരിക്കാനും ശേഷി നേടുക. | * മുന്നറിവ് പരിശോധന<br>* കോപ്പി എഴുത്ത്<br>* പരിചിതമായ വസ്തുക്കൾ/ ഉപകരണങ്ങൾ എന്നിവയുടെ പേരുകൾ മനസ്സിലാക്കി എഴുതുന്നു.<br>* പദകേളി<br>* പാഠഭാഗത്തെ പുതിയ പദങ്ങൾ കണ്ടെത്തുന്നു.<br>* പദങ്ങളുടെ അർത്ഥം മനസ്സിലാക്കുന്നു.<br>* സംഭാഷണം (സംസാരം- എഴുത്ത്.<br>* പദ കാർഡ്<br>* നിഘണ്ടു നിർമാണം<br>* ഡയറിക്കുറിപ്പ്<br>* പോസ്റ്റർ നിർമാണം.<br>* ലൈബ്രറി ഉപയോഗ പ്പെടുത്തൽ<br>* ക്ലാസ് ലൈബ്രറി<br>* ബാലസാഹിത്യ/സാഹിത്യ കൃതിയുടെ വായന<br>* കഥ പറയൽ<br>* കഥ എഴുതൽ | 1 വർഷം | ക്ലാസ് അധ്യാപകർ<br>ഭാഷാ അധ്യാപകർ<br>എച്ച്.എം.<br>SRG | 1500 |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | * സമാന ആശയത്തിൽ<br>പുതിയ കഥ എഴുത്ത് - കഥ<br>പറച്ചിൽ<br>* കലാകാരൻമാർ, ലേഖകൻ<br>മാർ തുടങ്ങിയ പ്രതിഭകളെ<br>പരിചയപ്പെടുന്നു.<br>* ജീവചരിത്രക്കുറിപ്പ്<br>* കഥാപുരാണം<br>* കഥ നിർമാണം (വാക്യ<br>ഘടന അസ്ഥിരപ്പെടുത്തി<br>നൽകുന്നു)<br>* വാക്കുകൾ നിർമിക്കൽ<br>* വാക്യങ്ങൾ നിർമിക്കൽ<br>* പാചകക്കുറിപ്പ് തയ്യാറാക്കൽ<br>* ദനാചരണക്കുറിപ്പ്<br>തയ്യാറാക്കൽ<br>* കഥ അവതരണം/അഭിനയം<br>* ബാലസഭ-എഴുത്ത്/സംസാരം<br>* പാർത്താ വിശകലനം<br>* പുസ്തകചർച്ച<br>* ലാംഗ്വേജ് ലാബ്<br>* തൽസമയം കുറിപ്പ്<br>തയ്യാറാക്കൽ<br>* കേട്ടെഴുത്ത്.<br>* വ്യവഹാര രൂപങ്ങളുടെ<br>മാതൃക നൽകി പുതിയവ<br>നിർമ്മിക്കുന്നു.<br>* ചിഹ്നങ്ങൾ നൽകി വാക്യ<br>ങ്ങൾ നിർമിക്കുന്നു.<br>* ലഘു കുറിപ്പ്<br>* അസ്വാദനക്കുറിപ്പ്<br>* ലഘു ജീവചരിത്രക്കുറിപ്പ്<br>തയ്യാറാക്കുന്നു. | | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| | * നാടകീകരണം<br>* ചിത്രംന-വായന<br>* ചിത്രം - എഴുത്ത്<br>* ചിത്രം - അടിക്കുറിപ്പ്<br>* വിശേഷണ പദങ്ങളുടെ ഉപയോഗം<br>* പഴഞ്ചൊല്ല് പരിചയപ്പെടൽ | | | |
| വ്യാകരണം മനസ്സിലാക്കി ഭാഷ കൈകാര്യം ചെയ്യാനുള്ള ശേഷി നേടൽ | * നാമം, പ്രവർത്തി, കർത്താവ്, കർമം, ക്രിയ തുടങ്ങിയ വ്യാകരണങ്ങൾ പഠിപ്പിക്കുന്നു. ഉദാഹരണങ്ങൾ നൽകി പറയാനും എഴുതാനുമുള്ള കഴിവ് വർദ്ധിപ്പിക്കുന്നു. | ഒരു വർഷം | എസ്.ആർ.ജി. മലായളം അധ്യാപിക ക്ലാസ് അധ്യാപിക | 2000 |
| ഭാശയും പൊതു വിജ്ഞാനവും പരിപോഷിപ്പിക്കൽ | * പത്ര വായന<br>* വായന മത്സരം<br>* മറ്റു ആനുകാലിക പ്രസിദ്ധീകരണങ്ങൾ പരിചയപ്പെടൽ/വായന<br>* കണ്ടെഴുതത്ത്<br>* സന്ദേശം തയ്യാറാക്കൽ<br>* പോസ്റ്റർ നിർമാണം<br>* നോട്ടീസ് നിർമാണം<br>* ക്വിസ് - മാസം ഒന്ന്<br>* സർഗ്ഗവേള - ആഴ്ചയിൽ 1 | ഒരു വർഷം | എസ്.ആർ.ജി. മലയാളം അധ്യാപിക ക്ലാസ് അധ്യാപിക | |

# English - Primary

## Introduction

Hearing impaired children are very backward generally in language, especially in English. to overcome the backwardness in English we have planned some activities.

## Objectives

1. To avoid children fear towards english language.
2. To develop finger spelling, reading and writing abilities in English
3. Preparation for Alphabetic Albums, Dictionary etc.
4. To prepare class library making reading cards (words & sentences)
5. To develop create writing skill.

Area : **English Language Development**

Sub Area : **Overcome the backwardness in English Language**

| Aims | Activities | Duration | Responsi-bilities | Estimate & Expenses |
|---|---|---|---|---|
| To speak read and write english without any mistakes. All children have to acquire finger spelling reading and writing ability | Listerning skills and develop reading skills.<br>1. Simple activities for learning finger spelling and word level and their pronounciations. | 1 Year | H.M.<br>SRG<br>E Teacher | 1500 |
| | 2. Intractions of commonly used objectives, like vegetables, fruits vehicles, house hold meterials class room materi-als parts of body family members etc. | 1 year | E. Teacher | |
| | 3. Familiarization of making sentences patterns using works | 1 year | E. Teacher | 2500 |
| | 4. Activities for regarding and writing in english<br>Reading cards (words, sentence level) reading. | 1 year | E. Teacher | |
| Listening Skills | Games<br>* Action Songs<br>* Hellow English activities<br>* Conversation<br>* Skit<br>* Sytories<br>* Use IC | 1 year | HM<br>E. Teacher | |

| Aims | Activities | Duration | Responsi-bilities | Estimate & Expenses |
|---|---|---|---|---|
| Speaking Skills | * Description<br>* Growing sentences<br>* Picture reading<br>* Picture description<br>* Self Introduction<br>* Name of Common things<br>* (Birds, animals etc. school and home address....)<br>* Graine, spices Birds, animals Flowers etc. | 1 year | HM<br>Eng.Teacher | |
| Reading skills | * News paper reading<br>* Library book reading<br>* Find words<br>* Rhyming words<br>* Describing words etc.<br>* Text book activities<br>* To develop finger spelling ability<br>* To make word web<br>* Picture reading (grains spices etc)<br>* Birds, animals, Flower....)<br>* Word chain<br>* Sentence chain<br>* Make word and sentence<br>* Conversations and add more lines<br>* Develop story description Notice, diary, letter etc.<br>* School address, Home address self introduction (my self)<br>* Dictionary (eg) Ant, boy<br>* Pronounciation of English letters similar to Malayalam letters | 1 Year | Eng.Teacher<br>Eng.Teacher | |
| Developing Communi-cation skill in English Language | **Story Time**<br>* Finding story areas in relation to the lesson.<br>* Adopting various modes of presentation like, dramati-sisation puppetry, sign language etc. | June to February | E.Teacher | - |

| Aims | Activities | Duration | Responsi-bilities | Estimate & Expenses |
|---|---|---|---|---|
| | * Presentation<br>**Public Speaking**<br>* Provide various speaking experience using audio, video systems and translation in to sign language | | | |
| | * Finding dramatization contexts from the lessons | June to February | Eng.Teacher | |
| | * Script writing | | | |
| | * Cenema and documantry | August to October | Eng.Teacher | |
| | * Choreography | Nov. to Dec. | Eng.Teacher | |
| | * News reading recitation, speech | June to February | E.Teacher | |
| | * Drama Camp | Summer Vacation | SRG<br>Eng.Teacher | 2000<br>PTA |

Name of the Topic : **English Assembly**

Area : **English Language Learning**

| Aims | Activities | Duration | Responsi-bilities | Estimate & Expenses |
|---|---|---|---|---|
| Developing language skill for reading, writing and communicating in English | Twice in a week, the students themselves conduct English Assembly, thought of the day, news reading etc. classes take the role alternatively. | Twice in a Week | Class Teacher | - |

Name of the Topic : **English Diary**

Area : **English Language Learning**

| Aims | Activities | Duration | Responsi-bilities | Estimate & Expenses |
|---|---|---|---|---|
| Enrich the ability to write English with ease and error free | Keep a brief note in English diary about the incidents occurring at home and in school | Five days in a week | Eng.Teacher | |

Name of the Topic : **English Theatre**

Area : **English Language Learning**

| Aims | Activities | Duration | Responsi-bilities | Estimate & Expenses |
|---|---|---|---|---|
| Using English language creativity | Exercise the lessons in English reader into various discourses unlike those prescribed in the reader. Eg. skite, conversation mime, drama etc. | Monthly programme | HM/<br>Eng.Teacher | 2000 |

Name of the Topic : **English Bullettin**

Area : **English Creative writing**

| Aims | Activities | Duration | Responsi-bilities | Estimate & Expenses |
|---|---|---|---|---|
| Acquiring ability to write English creatively. | Preparing English bullettin based on any of the topics.<br>Eg. June : Monsoon<br>July : Population<br>Aug.: Freedom/war<br>Sep.: Onam etc. | Monthly Programme | HM/ Eng.Teacher | 2000 |

Name of the Topic : **Letter writing in English**

Area : **English Language Learning**

| Aims | Activities | Duration | Responsi-bilities | Estimate & Expenses |
|---|---|---|---|---|
| Acquiring proficiency in English writing | Communicating the one month School academic activities to a friend of the same class of a neighbouring district through letter writing | once in a month | Class Teacher | 1000 PTA |

Name of the Topic : **Translation of Malayalam Books to English**

Area : **English Language Learning**

| Aims | Activities | Duration | Responsi-bilities | Estimate & Expenses |
|---|---|---|---|---|
| Acquiring proficiency in English Grammar and literature | Translation and publication of simple Malayalam books into English language without spilling the idea. | Two books | Eng.Teacher in a year | 20000 |

Name of the Topic : **Grammar School**

Area : **English Language Learning**

| Aims | Activities | Duration | Responsi-bilities | Estimate & Expenses |
|---|---|---|---|---|
| Acquiring the ability to use language fluently with proper grammar | English classes on holidays giving importance to Grammer | Ten classes | Class Teacher | 1000 |

Name of the Topic : **Translation**

Area : **English Language Learning**

| Aims | Activities | Duration | Responsi-bilities | Estimate & Expenses |
|---|---|---|---|---|
| Acquiring the ability for live translation | Conversation prepared in sign language is translated lively into English Language. | Monthly Programme | English Club | - |

Name of the Topic : **Cross word Puzzles**

Area : **English Language Development**

| Aims | Activities | Duration | Responsi-bilities | Estimate & Expenses |
|---|---|---|---|---|
| Language learning through games and riddles. | Learners prepare English cross words. Enough time/days are given for solving them. | Monthly Programme | English Club | - |

Name of the Topic : **English Corner**


Area : **English Language Learning**

| Aims | Activities | Duration | Responsi-bilities | Estimate & Expenses |
|---|---|---|---|---|
| Creating English Language learning atmosphere | A collection of English books and periodicals, fixing English news boards in open spaces in school | Monthly programme | English Club | 1500 |

Name of the Topic : **English News Card**

Area : **English Language Learning**

| Aims | Activities | Duration | Responsi-bilities | Estimate & Expenses |
|---|---|---|---|---|
| Vocabulary learning through English news papers. | Children are collecting English news from news papers & paste them on chart paper/card boards and prepare news cards. New vocabularies are found from this news card and their meanings are found and write them in the note books. | Twice in a Month | Eng.Teacher | |



# ഗണിതം - എൽ.പി.

ശ്രവണപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളെ സംബന്ധിച്ച് താരതമ്യേന പഠന താൽപര്യമുള്ളതാണ് ഗണിതം. അതിനെ കൂടുതൽ രസകരവും ആനന്ദകരവുമാക്കി മധുരപ്പെടുത്തിയെടുക്കാനുള്ള പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയത്. അതിനായി കുട്ടിയെ പാകപ്പെടുത്തിയെടുക്കാൻ പ്രായോഗികമായ പരിശീലനങ്ങൾ അനിവാര്യമാണ്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതത്തിന്റെ ആവശ്യകത, ഗണിത പഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക | * സംഖ്യാബോധം നേടുന്നതിനായി വിവിധ ശേഖരണം.<br>* പത്തിന്റെ കൂട്ടങ്ങൾ | ഒരു വർഷം | എച്ച്.എം.<br>എസ്.ആർ.ജി.<br>കൺവീനർ | |
| ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ | * അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുന്നു.<br>* ചോദ്യാവലി ഉണ്ടാക്കുന്നു.<br>* പ്രീ ടെസ്റ്റ്<br>* മൂല്യ നിർണ്ണയം<br>* റിസൾട്ട് രേഖപ്പെടുത്തുന്നു<br>* സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ (നേടേണ്ട ശേഷികൾ കണക്കിലെടുത്ത്)<br>* വർക്ക് ഷീറ്റ് നൽകുന്നു.<br>* ഐ.സി.ടി. | ജൂൺ | എച്ച്.എം.<br>എസ്.ആർ.ജി.<br>കൺവീനർ<br>ഗണിത അധ്യാപകർ | |
| ഗണിത ലാബ് | ഗണിതവുമായി ബന്ധപ്പെട്ട് രസകരവും ലളിതവുമായ പ്രോജക്ടുകൾ സ്വയം ചെയ്യാനുള്ള അവസരം നൽകുന്നു. ഗണിതചിത്രങ്ങൾ, മെട്രിക് ഉപകരണങ്ങൾ, അബാക്കസ് ജ്യാമിതീയ രൂപങ്ങൾ എന്നിവ അനുയോജ്യമായി തിട്ടപ്പെടുത്തുക, ടാൻഗ്രാം നിർമ്മിക്കുക. | ഒരു വർഷം | മാത്സ് ടീച്ചർ<br>എസ്.ആർ.ജി. | 5000 |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മാത്സ് ബ്ലോഗ് | കുട്ടികളുടെ സൃഷ്ടികൾ | സെപ്റ്റം ബർ | മാത്സ് ടീച്ചർ | - |
| ലിറ്റിൽ മാസ്റ്റർ | ഗണിത ശാസ്ത്രത്തിൽ മികച്ച കുട്ടികളെ കണ്ടെത്തി വർഷാ വസാനം ലിറ്റിൽ മാസ്റ്റർ ഓഫ് മാത്സ് ആയി തെരഞ്ഞെടു ക്കുന്നു. | മാർച്ച് | എസ്.ആർ.ജി. കൺവീനർ മാത്സ് ടീച്ചർ | 500 |

# ഗണിതം - യു.പി.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത മാർഗ്ഗദർശി കളെ പരിചയപ്പെ ടുന്നു. | * ഗണിതശാസ്ത്രജ്ഞന്മാ രായ Pythagoras, Euclid, Archimidas, Ptolemy, Aryabhata, Srinivasa Ramanujan എന്നിവരുടെ ഡിജിറ്റൽ ചിത്രങ്ങൾ നിരീ ക്ഷിക്കുന്നു. വിഡിയോ പ്രദർശനം. | ജനുവരി മാർച്ച് | എച്ച്.എം. വിഷയാധ്യാ പകർ | |
| ഗണിതപഠനത്തിൽ അഭിരുചി വളർത്തുക | * പരിചയപ്പെട്ട ഗണിത ശാ സ്ത്രജ്ഞരുടെ കണ്ടുപിടു ത്തങ്ങൾ എഴുതി തയ്യാറാ ക്കുന്നു.<br>* ഫോർട്ട് ഫോളിയോ പട്ടിക രൂപത്തിൽ<br>* കൂടുതൽ ശാസ്ത്രജ്ഞന്മാ രുടെ ചിത്രങ്ങൾ ശേഖരി ക്കുന്നു.<br>* ആൽബം നിർമ്മിക്കുന്നു. | ജൂൺ ജൂലായ് | എച്ച്.എം. വിഷയാധ്യാ പകർ പി.ടി.എ. | 500 |
| ജ്യാമിതിയിൽ താൽ പര്യം ജനിപ്പിക്കൽ | Geogbdra IT ഉപയോഗിച്ച് ജ്യാമിതീയ രൂപങ്ങൾ, പാ റ്റേൺ, വൃത്തം, ചതുരം | ആഗസ്റ്റ് സെപ്റ്റം. | എച്ച്.എം. വിഷയാധ്യാ പകർ | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഗണിതത്തിൽ സൂക്ഷ്മത, കൃത്യത എന്നിവ പരിശീലിപ്പിക്കൽ | വർക്ക് ഷീറ്റുകൾ നിശ്ചിത അളവിലും വലുപ്പത്തിലും ജ്യാമിതീയ രൂപങ്ങൾ വരയ്ക്കുന്നു. | ഒക്ടോബർ | എച്ച്.എം. വിഷയാ ധ്യാപകർ എസ്.ആർ.ജി. പി,ടി.എ. | |
| ഉപകരണങ്ങൾ സൂക്ഷ്മതയോടെ ഉപയോഗിക്കാനുള്ള കഴിവ് | വിവിധ ഉപകരണങ്ങളും സജ്ജീകരണങ്ങളുമായി ആസൂത്രണം ചെയ്യുന്നു. ഐ.സി.ടി. സാധ്യത വ്യത്യസ്ത ജ്യാമിതീയ രൂപങ്ങൾ തയ്യാറാക്കുന്നു. ഓരോ രൂപത്തിന്റെയും സവിശേഷതകൾ രേഖപ്പെടുത്തുന്നു. | നവംബർ | എച്ച്.എം. വിഷയാ ധ്യാപകർ എം.പി.ടി.എ സ്പെഷ്യൽ ടീച്ചർ പി.ടി.എ. | |
| ഗണിതാസ്വാദനം പരിപോഷിപ്പിക്കുക. | പാറ്റേണുകൾ പൂർത്തിയാക്കുന്നു. പസിൽസ് കുസൃതി കണക്കുകൾ സ്വന്തമായി കണ്ടെത്തുകയും ക്ലാസ് തലത്തിൽ ആസൂത്രണം ചെയ്ത് അവതരിപ്പിക്കുന്നു. | ഡിസംബർ ജനുവരി | എച്ച്.എം. വിഷയാ ധ്യാപകർ എം.പി.ടി.എ എസ്.ആർ.ജി. പി.ടി.എ. | |
| ഗണിത പഠനത്തെ സാമൂഹിക വളർച്ചക്ക് പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുക. | ഗണിത ഉപകരണങ്ങൾ ജ്യാമിതീയ ചിത്രങ്ങൾ മുതലായവ അതാത് പാഠഭാഗവുമായി ബന്ധപ്പെടുത്തി തയ്യാറാക്കുന്നു. | ഫെബ്രുവരി | എച്ച്.എം. വിഷയാ ധ്യാപകർ എസ്.ആർ.ജി. | പി.ടി.എ. |
| ലിറ്റിൽ മാസ്റ്റർ | V, VI, VII ക്ലാസ്സുകളിലെ ഓരോ വിദ്യാർത്ഥികളെ കണ്ടെത്തി ലിറ്റിൽ മാസ്റ്റർ ഓഫ് മാത്സ് പട്ടം നൽകി ആദരിക്കുന്നു. | മാർച്ച് | എച്ച്.എം. വിഷയാ ധ്യാപകർ ജി.ആർ.ജി. പി.ടി.എ. എം.പി.ടി.എ | പി.ടി.എ. |
| അവലോകന യോഗം | ഗണിതശാസ്ത്രവുമായി നടത്തിയ ചർച്ചകൾ അടുത്ത വർഷത്തേക്കുള്ള പ്രവർത്തനങ്ങൾ അംഗീകരിക്കുന്നു. | മാർച്ച് | എച്ച്.എം. വിഷയാ ധ്യാപകർ പി.ടി.എ. | പി.ടി.എ. |

# ഗണിതം - ഹൈസ്കൂൾ

പദ്ധതി : **ഗണിതം ഒരു കൈത്താങ്ങ്**


| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതത്തിന്റെ ആവശ്യകത മനസ്സിലാക്കി കുട്ടികളുടെ പഠനനിലവാരം ഉയർത്താനും സൗന്ദര്യാത്മക തലത്തിൽ ആസ്വാദനം കുട്ടികളിൽ വളർത്താനും അവരെ പ്രാപ്തരാക്കുക. വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തൽ | * ഗണിതം ആസ്വദിക്കാൻ കഴിയുന്ന തലത്തിലേക്ക് കുട്ടിയെ വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ<br>* ഗണിത ക്ലബ്ബ് പ്രവർത്തനത്തിന്റെ ഭാഗമായി ജ്യാമിതീയ രൂപം നിർമ്മിക്കുന്നു.<br>* സംഖ്യ പാറ്റേണുകൾ, ബഹുഭുജം ഉപയോഗിച്ചുള്ള ചിത്രങ്ങൾ, രൂപങ്ങൾ തയ്യാറാക്കുന്നു.<br>* ഗണിത പ്രദർശനം<br>* സ്ക്കൂൾ തലത്തിൽ അസംബ്ലിയിൽ പ്രമുഖ ഗണിത ശാസ്ത്രജ്ഞരെക്കുറിച്ചുള്ള അവതരണം/പാറ്റേണുകൾ, ചാർട്ടുകൾ അവതരിപ്പിക്കൽ<br>* ഗണിതാഭിരുചി വളർത്താനുതകുന്ന ക്ലാസ്സ് | ഒരു വർഷം<br><br>ജനുവരി<br><br>എല്ലാ മാസവും | മാത്സ് ടീച്ചർ സ്റ്റുഡന്റ് സ് ക്ലാസ് ലീഡർ എച്ച്.എം. | 3000 |

പദ്ധതി : **ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ക്ലാസ്സുകളിൽ ആത്മവിശ്വാസത്തോടെ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സംഖ്യാബോധം ഉറപ്പിച്ച് പിന്നോക്കാവസ്ഥ പരിഹരിച്ച് ഗണിത പഠനത്തിൽ മുന്നോട്ട് പോകാൻ. | * ചതുഷ്ക്രിയകൾ ഉറപ്പിക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ നൽകുന്നു.<br>* പ്രീ ടെസ്റ്റ് നൽകി ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു.<br>* വർക്ക് ഷീറ്റ്സ്<br>* മൂല്യ നിർണ്ണയം | ജൂൺ മുതൽ ഡിസംബർ വരെ | മാത്സ് ടീച്ചർ പി.ടി.എ. | 500 |

പദ്ധതി : **കളിയരങ്ങ്**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളിയിലൂടെ ഗണിത ക്രിയകൾ ഉറപ്പിക്കൽ | * ന്യൂന സംഖ്യകൾ, പൂജ്യം അധി സംഖ്യകൾ, എന്നിവ യടങ്ങുന്ന ഒരു സംഖ്യാ പാഡ് തയ്യാറാക്കുന്നു.<br>* അതിൽ പകിടി ഉരുട്ടി എത്തുന്ന സംഖ്യയെ ആദ്യം നേടിയ സംഖ്യയു മായി ആവശ്യാനുസരണ മുള്ള ക്രിയകൾ നടത്തി നടത്തിക്കൊണ്ട് ന്യൂന സംഖ്യകളുടെ തുക, വ്യത്യാ സം ഗുണനഫലം, ഹരണ ഫലം എന്നിങ്ങനെ വ്യ ത്യസ്ത ക്രിയകൾ ചെയ് തെടുക്കുന്നു. | ജൂൺ മാർച്ച് | മാത്സ് ടീച്ചർ പി.ടി.എ. | 300 |



# പരിസരപഠനം

## ആമുഖം

വ്യക്തിശിചുത്വവും പരിസരശുചിത്വവും ഒരുപോലെ പ്രാധാന്യമുള്ളവയാണ്. സ്വന്തം വീട് വൃത്തിയായി പരിപാലിക്കുക എന്നതാണ് ആദ്യമായി ശീലിക്കേണ്ടത്. വിദ്യാലയവും നാടും അതുപോലെ സൂക്ഷിക്കണം. അതിനായി കുട്ടികളുടെ മനോഭാവത്തിൽ മാറ്റങ്ങൾ അനിവാര്യമാണ്.

ജലസ്രോതസ്സുകൾ അറിയുക, ജലത്തിന്റെ ഉപയോഗം, ജലം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത, ജലം പാഴാക്കാതിരിക്കുക, പ്രകൃതിയെ നിരീക്ഷിക്കുക, സസ്യങ്ങളെപ്പറ്റിയും ജന്തുക്കൾ, മൃഗങ്ങൾ, തുടങ്ങി ജീവികളുടെയും മനുഷ്യരുടെയും ജീവിത പരിസരം സംബന്ധിച്ച് കുട്ടിയിൽ വ്യക്തമായ ധാരണ ഉണ്ടാവേണ്ടതുണ്ട്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വ കാമ്പയിൻ | വ്യക്തിശുചിത്വം പരിസരശുചിത്വം സംബന്ധിച്ച് പ്രതിദിന അസംബ്ലിയിൽ ഓർമ്മപ്പെടുത്തൽ | 1 വർഷം | അസംബ്ലി ഇൻ-ചാർജ്ജ് | - |
| വ്യായാമം | പ്രതിദിന വ്യായാമം പരിശീലനം | 1 വർഷം | ഹോസ്റ്റൽ മേട്രൺ ക്ലാസ് ടീച്ചർ | - |
| പ്രകൃതിസംരക്ഷണ ശുചിത്വ കാമ്പയിൻ | വ്യക്തിശുചിത്വം, പരിസര ശുചിത്വം, പ്രകൃതി സംരക്ഷണം എന്നിവയുടെ പ്രാധാന്യം ഉൾക്കൊണ്ട പോസ്റ്ററുകൾ, ചുമർ ചിത്രങ്ങൾ സ്ഥാപിക്കൽ. | 1 വർഷം | ഇക്കോ ക്ലബ്ബ് | 2500 |
| | ജലം, വായു, മണ്ണ്, മരം, തുടങ്ങി പ്രകൃതിവിഭവസംരക്ഷണം ഉണ്ടായില്ലെങ്കിൽ സംഭവിക്കുന്ന ഭവിഷ്യത്തുക്കൾ ബോധ്യപ്പെടുന്ന പോസ്റ്ററുകൾ ചുമർചിത്രങ്ങൾ സ്ഥാപിക്കൽ. | 1 വർഷം | ഇക്കോ ക്ലബ്ബ് | 2500 |
| പ്രകൃതിയെ അറിയുക | വനം, മല, കടൽ, പുഴ, വയൽ നീർചാലുകൾ, കൃഷിയിടങ്ങൾ | 1 വർഷം | വിഷയ ക്ലബ്ബുകൾ | 3000 |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | വയലുകൾ, തുടങ്ങി അടുത്ത റിയാൻ ഫീൽഡ് ട്രിപ്പ് സംഘ ടിപ്പിക്കുന്നു. ലഭ്യമാകുന്ന വിവരങ്ങൾ സീസൺ പതി പ്പിൽ പ്രസിദ്ധപ്പെടുത്തുന്നു. | എസ്.ആർ.ജി. | | |
| ആരോഗ്യമുള്ള ഭക്ഷണശീലം | പുതിയകാലത്ത് കുട്ടികളുടെ ഭക്ഷണശീലം ആരോഗ്യപ്രദ മാക്കാൻ ആരോഗ്യമുള്ള ഭക്ഷണശീലം പരിശീലിപ്പി ക്കുന്നു. ഹോസ്റ്റലുകൾക്കും വീടുകൾക്കും പ്രത്യേകം ഭക്ഷ ണ മെനു തയ്യാറാക്കുന്നു. സ്കൂൾ അങ്കണത്തിൽ പരി സ്ഥിതി ക്ലബുമായി ചേർന്ന് ജൈവകൃഷി പ്രോത്സാഹി പ്പിക്കുന്നു. | 1 വർഷം | സയൻസ് ടീച്ചർ ക്ലാസ് ടീച്ചർ ഇക്കോ ക്ലബ് | 3000 |
| മഴപതിപ്പ്, വേനൽ പതിപ്പ്, ശൈത്യപതിപ്പ് | മൂന്ന് സീസണിൽ മൂന്ന് പതി പ്പുകൾ പുറത്തിറക്കുന്നു. ചിത്രങ്ങൾ, കല്ലെഴുത്ത് പത്ര വാർത്തകൾ ഉൾപ്പെടുത്തി പ്രകൃതിക്ക് അനുകൂലവും ദോഷകരവുമായ വാർത്തകൾ വിശേഷങ്ങൾ, വിശകലനങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കുന്നു. | 1 വർഷം | സോഷ്യൽ സയൻസ് ക്ലബ്ബ് | 500 |
| ജൈവ ഉദ്യാനം പൂന്തോട്ടം | സ്കൂളിൽ ജൈവ ഉദ്യാനം നിർമിക്കൽ, പുന്തോട്ടം മനോ ഹരമാക്കൽ, ഇതുവഴി ജീവ ജാലങ്ങൾക്ക് അവസരമൊരു ക്കുന്നു. പഠന കാര്യങ്ങൾക്ക് പ്രയോജനമാകുന്നു. | 1 വർഷം | എസ്.ആർ.ജി ഇക്കോ ക്ലബ്ബ് | 8000 പി.ടി.എ. |

# ശാസ്ത്രം

ശ്രവണപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളിൽ ശാസ്ത്ര അവബോധവും ശാസ്ത്രീയ ചിന്തയും വളർത്താൻ ബോധപൂർവ്വമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്. ശാസ്ത്രപഠനം രസകരവും ആകർഷകവും ആക്കുക വഴി ഇത്തരം കുട്ടികളുടെ ശാസ്ത്ര പരിജ്ഞാനം വളർത്തിയെടുക്കാനായും അവരുടെ സർഗാത്മക ശേഷി നൈപുണികൾ ശാസ്ത്രീയമായ വികാസത്തിന് പര്യാപ്തമാക്കി മാറ്റുകയാണ് ആവശ്യം. അതിനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കുക പ്രധാനമാണ്. ശാസ്ത്രം പഠിക്കുക മാത്രമല്ല കുട്ടികൾ അവരുടെ പ്രായോഗിക ജീവിതത്തിൽ അത് പ്രയോജനപ്പെടുത്തുകയും വേണം. അനുഭവങ്ങളിലൂടെ പഠിക്കാനും പഠനത്തിൽ നേരിടുന്ന പ്രതിസന്ധികളെ മറികടക്കാൻ ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുകയും നമ്മുടെ ആസൂത്രണത്തിൽ ഇടംപിടിക്കേണ്ടതുണ്ട്.

## യു.പി.സ്കൂൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രൈമറി സയൻസ് ലാബ് | എൽ.പി.,യു.പി. ക്ലാസ്സുകൾക്ക് വേണ്ടി മാത്രമായി സയൻസ് ലാബ് സജ്ജീകരിക്കുന്നു. | 1 വർഷം | എച്ച്.എം. പി.ടി.എ. | 50000 |
| സയൻസ് മാസിക | ശാസ്ത്രത്തിൽ കുട്ടികളുടെ അറിവും അനുഭവങ്ങളും ചിത്രങ്ങളും ഉൾപ്പെടുത്തി എല്ലാ മസവും മാസിക പ്രസിദ്ധപ്പെടുത്തുന്നു. | 1 വർഷം | ശാസ്ത്ര ക്ലബ്ബ് | 1000 |
| ചലന നിരീക്ഷണം | ചുറ്റുപാടിൽ നടക്കുന്ന നേർ രേഖാ ചലനം, ഭ്രമണം, ദോലനം, കമ്പനം, നിരീക്ഷിക്കാനും രേഖപ്പെടുത്താനും അവസരം ഒരുക്കുന്നു. | ജൂൺ-ആഗസ്റ്റ് | ക്ലാസ് ടീച്ചർ ശാസ്ത്ര ക്ലബ്ബ് | - |

## ഹൈസ്കൂൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രകൗതുകം, ശാസ്ത്രീഭിരുചി, ശാസ്ത്ര അവബോധം | ലാബ് ക്രമീകരണം, പാഠ്യപദ്ധതിക്ക് അനുസൃതമായ വിഭവങ്ങൾ ലാബിൽ ശേഖരിയ്ക്കൽ പഠന സാമഗ്രികൾ തയ്യാറാക്കൽ, ക്ലബ്ബ് രൂപീകരിക്കൽ, ശാസ്ത്രമാഗസിൻ തയ്യാറാക്കൽ | ജൂൺ സെപ്റ്റംബർ | സയൻസ് ക്ലബ്ബ് അധ്യാപകർ | - |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരിസ്ഥിതി സൗഹാർദ്ദ മനോഭാവം വളർത്തുക. | വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ജല സംരക്ഷണം, പരിസര ശുചീകരണം, സർവ്വേ നടത്തിൽ, മണൽ ഊറ്റി നദികളിലെ ജലസമ്പത്ത് നശിപ്പിക്കുന്നതിനെതിരെ ചർച്ച | ജൂലായ് | പി.റ്റി.എ. വിവിധ ക്ലബ്ബ് അംഗങ്ങൾ അധ്യാപകർ | |
| പ്രകൃതിയുടെ സന്തുലനാവസ്ഥ സംരക്ഷണം-അവബോധം | എക്കോ ക്ലബ്ബ്, കാർഷിക ദിനാചരണം, കൃഷിയുടെ പ്രാധാന്യം അറിയിക്കൽ, സ്കൂൾ പരിസരത്ത് ഔഷധ പച്ചക്കറി നിർമ്മാണം, ജൈവ വൈവിധ്യ പാർക്ക് രജിസ്റ്റർ തയ്യാറാക്കൽ ആരോഗ്യം ജീവിതശൈലീ രോഗങ്ങൾ | ആഗസ്റ്റ് | അധ്യാപകർ വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ | |
| ശാസ്ത്രീയ നിരീക്ഷണം, കൗതുകം, ജിജ്ഞാസ തുടങ്ങിയവ നേടിയെടുക്കുന്നതിന് | പഠനയാത്രകൾ | ഒക്ടോബർ | അധ്യാപകർ വിദ്യാർത്ഥികൾ | |
| ശാസ്ത്ര സംബന്ധിയായ തൊഴിൽ പരിശീലനം തൊഴിൽ വൈദഗ്ധ്യം പ്രോത്സാഹിപ്പിക്കൽ | പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് ആകർഷക ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകൽ, അത്തരം സ്ഥാപനങ്ങളിൽ | നവംബർ | അധ്യാപകർ വിദ്യാർത്ഥികൾ | |
| സ്വയം പര്യാപ്തത ശാസ്ത്രംകൊണ്ട് ജീവിതത്തിൽ നേട്ടം | സ്കൂളുകളിൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് സോപ്പ്നിർമ്മാണം മുതലായവ പരിശീലനം | നവംബർ | അധ്യാപകർ വിദ്യാർത്ഥികൾ | |
| ഗവേഷണങ്ങൾ, പ്രോജക്ടുകൾ, സർവ്വേകൾ വിശകലനം | മണ്ണിനെക്കുറിച്ച് അന്വേഷണാത്മക പ്രവർത്തന, ജീവിത ശൈലീ രോഗങ്ങൾ | ഡിസംബർ | വിദ്യാർത്ഥികൾ | |
| ഐ.സി.റ്റി. ഉപയോഗിച്ചുള്ള പഠനത്തിന് ഊന്നൽ നൽകൽ | കമ്പ്യൂട്ടർ പരിശീലനം സ്ലൈഡ് നിർമ്മിക്കൽ, പഠന സി.ഡി തയ്യാറാക്കൽ | ആഗസ്റ്റ് സെപ്റ്റം. | അധ്യാപകർ ഐ.റ്റി. കോ-ഓർഡിനേറ്റർ | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രപ്രതിഭാ ഡിക്ഷ്ണറി | ശാസ്ത്രപ്രതിഭകളുടെ ചിത്രം, വ്യക്തിപരിചയം, വിശദാംശം ഉൾപ്പെടുത്തി ശാസ്ത്രപ്രതിഭാ ഡിക്ഷ്ണറി തയ്യാറാക്കുന്നു. | ജൂൺ | സയൻസ് ടീച്ചർ | 500 |
| സീഡ് ഗാലറി | വവിധ ഇനം വിത്തുകൾ, വേരുകൾ, ഇലകൾ, പ്രത്യേകം ശേഖരിച്ച് സൂക്ഷിക്കുന്നു. | 1 വർഷം | സയൻസ് ടീച്ചർ | 2500 |
| ശാസ്ത്രനാടകം | പഠനം ലളിതവും രസകരവു മാക്കാൻ അനുയോജ്യമായ പാഠഭാഗങ്ങൾ നാടകരൂപത്തി ൽ അവതരിപ്പിക്കുന്നു. ഇത്തരം കലാപ്രകടനം പൊതു സമൂഹത്തിലും അവതരിപ്പി ക്കുന്നു. | ജൂൺ – നവംബർ | സയൻസ് ടീച്ചർ | |
| ഭാഷാ വികസനം- ലാബ് ഉപകരണങ്ങൾ പരിചയപ്പെടൽ | ലാബ് ഉപകരണങ്ങളെ കാണാ നും അറിയാനും<br>* ഉപകരണങ്ങളുടം പ്രദർശനം<br>* ഉപകരണങ്ങളുടെ ഉപയോഗം പേര് ഇവ എഴുതിയ ചാർട്ട് പ്രദർശനം.<br>* ചാർട്ട് നിരീക്ഷിച്ച് ഉപകര ണങ്ങളുടെ പേര് അവക്ക് മുകളിൽ രേഖപ്പെടുത്തൽ | സെപ്റ്റം. | സയൻസ് ടീച്ചർ | |
| അളവുകൾ അറിയൽ | നീളം, വീതി, ഉയരം, യൂണിറ്റ് പരപ്പളവ്, വ്യാപ്തം എന്നിവ യുടെ ആശയം ഉറപ്പിക്കുന്നു.<br>* ചതുരക്കട്ട പോലെയുള്ളവ ഉപയോഗിച്ച് നീളം, വീതി, ഉയരം ഇവ മനസിലാക്കുന്നു. | ജൂൺ | സയൻസ് ടീച്ചർ | |
| രസതന്ത്രത്തിലെ അടി സ്ഥാന ആശയങ്ങൾ | ആറ്റം എന്ന ആശയം<br>* വീഡിയോ പ്രദർശനം (വസ്തുവിനെ പൊട്ടിച്ച് കാ ണാൻ പറ്റാത്ത രീതിയിൽ ആക്കുന്ന വീഡിയോ)<br>* ചോക്ക് പൊടിച്ചുള്ള പ്രവർത്തനം. | ജൂൺ ജൂലായ് | | |

# സാമൂഹ്യശാസ്ത്രം

ശ്രവണപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ഭാഷാപരമായ പരിമിതി സാമൂഹ്യശാസ്ത്ര പഠനത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്താൽ പരിമിതികൾ മറികടക്കാനും സാമൂഹ്യ ശാസ്ത്ര പഠനം അനായാസമാക്കാനും കഴിയേണ്ടതുണ്ട്.

സാമൂഹ്യശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കുകയാണ് അതിനുള്ള ആദ്യ ശ്രമം, ചിത്രങ്ങൾ, വീഡിയോകൾ, മോഡലുകൾ എന്നിവ ഉപയോഗിക്കണം. വിവിധതരം ഭൂപടങ്ങൾ, അടിസ്ഥാനവിവര ചാർട്ടുകൾ, ദേശീയ നേതാക്കളുടെ കുറിപ്പുകൾ, പട്ടികകൾ, ചരിത്രസ്മാരകങ്ങൾ മ്യൂസിയങ്ങൾ എന്നിവിടങ്ങളിലെ സന്ദർശനം, പഠനയാത്രകൾ എന്നിവയിലൂടെ ആശയങ്ങൾ മനസ്സിലാക്കുവാനുള്ള അവസരങ്ങൾ ഒരുക്കണം. സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് നൂതന ആശയങ്ങൾക്ക് പ്രാധാന്യം ഉണ്ടാകണം.

മൂല്യങ്ങളും മനോഭാവങ്ങളും രാജ്യസ്നേഹവും നല്ല ശീലങ്ങളും ഉള്ള പൗരന്മാരായി മാറാൻ സാമൂഹ്യശാസ്ത്ര പഠനത്തിലൂടെ സാധ്യമാകാനുള്ള പ്രവർത്തനങ്ങളും ഉൾക്കൊള്ളിക്കണം.

## എൽ.പി./യു.പി.സ്കൂൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജീവിക്കുന്ന ചുറ്റുപാടുമായി ബന്ധപ്പെട്ട അടിസ്ഥാനാശയങ്ങൾ മനസ്സിലാക്കുക | പഠനോപകരണനിർമ്മാണം അടിസ്ഥാന വിവരങ്ങൾ (കേരളം, ഇന്ത്യ) ഡിസ്പ്ലേ ബോർഡുകളിൽ പ്രദർശിപ്പിക്കുവാനും ക്ലാസ് പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാനും അവസരം ഉണ്ടാക്കുന്നു. | 1 വർഷം | | 2000/- |
| പഴയകാലത്തെക്കുറിച്ചുള്ള അറിവുകൾ വസ്തുക്കൾ കണ്ടു മനസ്സിലാക്കൽ, പ്രകൃതി ക്ഷോഭമുണ്ടായ സ്ഥലങ്ങൾ സന്ദർശിക്കൽ, ദുരന്തങ്ങൾ ഉണ്ടായ സ്ഥലങ്ങൾ സി.പി.പ്രദർശനം | ചരിത്ര വസ്തുക്കളെ പഴയ കാല ഉപകരണങ്ങൾ കണ്ടെത്തി മനസ്സിലാക്കൽ ഫീൽഡ് ട്രിപ്പ് | പഠനയാത്രയോടനുബന്ധിച്ച് | ടി.എസ്. ആർ.ജി. | 5000/- |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട്പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുക സ്കൂളും പരിസരവും പ്ലാസ്റ്റിക് മുക്ത മേഖലയിൽ പരിസ്ഥിതി സൗഹൃദ കാഴ്ചപ്പാട് | മാലന്യരഹിത ക്യാമ്പസ് | 1 വർഷം | സാമുഹ്യ ശാസ്ത്ര ക്ലബ്ബ് | 5000/- |
| അനാചാരങ്ങൾ, ലിംഗവിവേചനം, അന്ധവിശ്വാസങ്ങൾ ദാരിദ്ര്യം പോലെയുള്ള സാമൂഹ്യപ്രശ്നങ്ങൾ മനസ്സിലാക്കാനും അതിനെതിരായ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും ഉള്ള മനോഭാവം രൂപപ്പെടുത്തുക. | ബോധവൽക്കരണ ക്ലാസ്സ് | വർഷത്തിൽ ഒരു പ്രാവശ്യം | | 2000/- |
| ക്ലാസ്സ് തല പ്രവർത്തനങ്ങൾ ഐ.സി.ടിയിലൂടെ നേരിട്ട് മനസ്സിലാക്കാനുള്ള അവസരം ഒരുക്കൽ | ക്ലാസ്സ് തല പ്രവർത്തനങ്ങൾ സ്മാർട്ട് റൂം, മറ്റ് ഐ.സി.ടി. സാധ്യതകൾ പരമാവധി ഉപയോഗിച്ച് നേരിട്ട് കണ്ട് മനസിലാക്കുവാൻ അവസരം ഒരുക്കുന്നു. | 1 വർഷം | എസ്. ആർ.ജി. | |
| ചിത്രപ്രദർശനം/ചിത്രഗാലറി, ക്ഷേത്രോത്സവങ്ങൾ, ആഘോഷങ്ങൾ, വീഡിയോ പ്രദർശനങ്ങൾ, ചരിത്രകാരന്മാരുടെ ചിത്രങ്ങൾ സ്കൂൾ മഹത് വചനങ്ങൾ തുടങ്ങിയവയുടെ ഗ്രൂപ്പ് പ്രദർശനം സംഘടിപ്പിക്കൽ | സാമുഹ്യ ശാസ്ത്രമൂല തയ്യാറാക്കൽ | സന്ദർഭാനുസരണം | ക്ലാസ്/ സ്കൂൾ ഗ്രൂപ്പ് | 2000/- |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ചരിത്രമ്യൂസിയം തയ്യാറാക്കൽ | പ്രാചീന കാലം മുതൽ ഉള്ള മനുഷ്യജീവിതത്തിന്റെ ചരിത്ര വഴികൾ അടയാളപ്പെടുത്തുന്ന ചരിത്രമ്യൂസിയം ഒരുക്കുന്നു. ഉപകരണങ്ങൾ, രേഖകൾ ചിത്രങ്ങൾ, മാപ്പുകൾ, കുറിപ്പുകൾ, നാണങ്ങൾ തുടങ്ങി പരമാവധി ചരിത്രതെളിവുകൾ ശേഖരിക്കുന്നു. | 1 വർഷം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്, എസ്. ആർ.ജി. | 1 ലക്ഷം |
| ഹിറോ ഗ്യാലറി | ദേശീയ-അന്തർദേശീയ ചരിത്ര നായകന്മാരുടെ ചരിത്രങ്ങൾ ചെറുവിവരണങ്ങൾ ഉൾപ്പെടുത്തിയ ഹീറോ ഗ്യാലറി ഒരുക്കുന്നു. | 1 വർഷം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്, എസ്. ആർ.ജി. | 10000/- |

## ഹൈസ്കൂൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| മണ്ണിനെ, നാടിനെ അടുത്തറിയുക | ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ മണ്ണ്, കാലാവസ്ഥ, ഭൂമിശാസ്ത്രം, പ്രധാന ജലസ്രോതസ്, വനം, പർവ്വതങ്ങൾ, തുടങ്ങിയവയുടെ ചിത്രങ്ങൾ, വിവരങ്ങൾ അടങ്ങിയ ഡിജിറ്റൽ ലൈബ്രറി ഒരുക്കുന്നു. | 1 വർഷം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്, എസ്. ആർ.ജി. | 5000/- |
| സംസ്കാരങ്ങൾ ജനാധിപത്യം സാമ്രാജ്യത്വം തുടങ്ങിയ ആശയങ്ങൾ ഉറപ്പിക്കൽ | വിവിധ സംസ്കാരങ്ങളുടെ രൂപീകരണം വ്യക്തമാക്കുന്ന ലഘു വിവരങ്ങൾ വീഡിയോ സഹിതം തയ്യാറാക്കുന്നു. ജനാധിപത്യം മറ്റ് ഭരണരീതികൾ, തെരഞ്ഞെടുപ്പ് തുടങ്ങിയവ നേരിട്ടനുഭവിക്കുന്ന വിധം കുട്ടികൾക്ക് അവസരം സൃഷ്ടിക്കുന്നു. സാമ്രാജ്യത്വം പോലെയുള്ള ആശയങ്ങൾ നാടകരൂപത്തിൽ അവതരിപ്പിക്കുന്നു. | ഓഗസ്റ്റ് ഒക്ടോബർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്, എസ്. ആർ.ജി. | - |

# വിവരസാങ്കേതിക വിദ്യ

ശാസ്ത്ര സാങ്കേതിക വളർച്ച വിദ്യാഭ്യാസത്തിൽ സമഗ്ര മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. വിവരസാങ്കേതിക വിദ്യയുടെ പ്രയോജനം ക്ലാസ് മുറികളിൽ അനിർവചനീയ സ്വാധീനം സൃഷ്ടിക്കുന്നുണ്ട്. സവിശേഷ വിദ്യാഭ്യാസ മേഖലയിൽ ഇത് ഏറ്റവും അനുയോജ്യവും തുല്യതയില്ലാത്തവിധം പ്രയോജനകരവുമാണ്. ഐ.ടി.യുടെ അനന്ത സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി കുട്ടികളുടെയും വിദ്യാലയത്തിന്റെയും ക്രിയാത്മക പരിവർത്തനത്തിന് ഉതകുന്ന പരിപാടികളും പദ്ധതികളും ആവിഷ്കരിക്കേണ്ടതുണ്ട്. ശ്രവണപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ഭാഷാവികസനത്തിനും പഠനത്തിനും പുനരധിവാസത്തിനും ഐ.ടിയുടെ സാധ്യത ഏറെയുണ്ട്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഐ.ടി.ക്ലബ്ബ് രൂപീകരണം. | മറ്റു ക്ലബ്ബുകൾക്ക് സമാനമായി ഐ.ടി. വിഷയത്തിനും ക്ലബ്ബ് രൂപീകരിക്കുന്നു. | ജൂൺ | എസ്.ഐ.ടി. | |
| ഐ.ടി.ലാബ് വികസനം | ഐ.ടി.ലാബ് ആധുനിക നിലവാരത്തിൽ മികച്ച സൗകര്യങ്ങളോടെ വികസിപ്പിക്കുന്നു. അതിനുവേണ്ട ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുന്നു. വ്യക്തിഗതമായി കുട്ടികൾക്ക് കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പ് സംവിധാനിക്കുന്നു. | ജൂൺ ജൂലായ് | എച്ച്.എം., എസ്. ഐ.ടി., കൈറ്റ് | 5 ലക്ഷം |
| കേന്ദ്രീകൃത ഇന്റർനെറ്റ് | ക്ലാസ്മുറികൾ, ഓഫീസ്, സ്റ്റാഫ് റൂം, തുടങ്ങിയ മുറികളിലേക്കും വരാന്തയിലും ഇന്റർനെറ്റ് ലഭ്യമാക്കുന്നു. | ജൂൺ ജൂലായ് | എച്ച്.എം., എസ്. ഐ.ടി. | 1500 |
| എല്ലാവർക്കും ലാപ്ടോപ്പ്/ടാബ് | എല്ലാ കുട്ടികൾക്കും വ്യക്തിപരമായി ഉപയോഗിക്കുംവിധത്തിൽ വ്യക്തിഗത ഉപകരണങ്ങൾ ലഭ്യമാക്കുന്നു. | ജൂൺ ജൂലായ് | എച്ച്.എം. എസ്.ഐ.ടി കൈറ്റ് സംസ്ഥാന സർക്കാർ എം.പി. എം.എൽ.എ തദ്ദേശ സ്ഥാപനങ്ങൾ | 20 ലക്ഷം |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്മാർട്ട് ക്ലാസ് സ്മാർട്ട് സ്കൂൾ | എല്ലാ ക്ലാസിലും, പ്രൊജക്ടർ ലാപ്ടോപ്പ്, ഇന്റർനെറ്റ് കണക്ഷൻ ഉറപ്പാക്കുന്നു. | ജൂൺ | എം.പി. എം.എൽ.എ കൈറ്റ് മാനേജ്മെന്റ് പി.ടി.എ. | 15 ലക്ഷം |
| ഡിജിറ്റൽ ലൈബ്രറി | കുട്ടികളുടെ സർഗാത്മ പ്രവർത്തനങ്ങൾ, ഉൽപ്പന്നങ്ങൾ, എഴുത്തുകൾ, ക്രിയാത്മക പ്രവർത്തനങ്ങൾ ഡിജിറ്റൽ ആയി സൃഷ്ടിക്കുന്നു. | 1 വർഷം | എസ്.ഐ.ടി | |
| പ്രോഗ്രാമുകൾ അനിമേഷൻ എന്നിവയുടെ നിർമ്മാണം | കുട്ടികൾക്ക് ഡിജിറ്റൽ പ്രോഗ്രാമുകൾ, അനിമേഷൻ, തുടങ്ങിയവുടെ നിർമ്മാണത്തിന് പരിശീലനം ഒരുക്കുന്നു. അവരുടെ പ്രോഗ്രാമുകൾ സ്കൂൾ ചാനൽ വഴി പൊതുസമൂഹത്തിൽ പ്രചരിപ്പിക്കുന്നു. | 1 വർഷം | എസ്.ഐ.ടി എസ്.ആർ.ജി. | 5000 |
| സ്കൂൾ ജാലകം | വിദ്യാലയത്തിന്റെ മികവുകൾ കുട്ടിയുടെ സർഗ്ഗാത്മക പ്രവർത്തനങ്ങൾ, സൃഷ്ടികൾ, കലാപ്രകടനം തുടങ്ങിയവ സമയാസമയം പ്രചരിപ്പിക്കാൻ സ്കൂളിന്റെ മേൽവിലാസത്തിൽ വാട്സാപ്പ്, എഫ്.ബി., ഇൻസ്റ്റ, യൂടൂബ് ചാനലുകൾ/പേജുകൾ ആരംഭിച്ച് പ്രവർത്തനക്ഷമമാക്കുന്നു. | 1 വർഷം | എസ്.ഐ.ടി. | |

# ആരോഗ്യ കായിക-കലാ വിദ്യാഭ്യാസം

ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിന്റെ ഭാഗമായി കുട്ടികൾ സമൂഹത്തിലെ മാറുന്ന സാഹചര്യത്തിനനുസരിച്ച് പൊരുത്തപ്പെടാനുള്ള സ്വയം പര്യാപ്തത കൈവരിക്കേണ്ട തായിട്ടുണ്ട്. സമൂഹത്തിൽ ഉയർന്നുവരുന്ന വെല്ലുവിളികളെ തരണം ചെയ്യേണ്ടതുമുണ്ട്. കേൾവിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കും അവർ അനുഭവിക്കുന്ന തടസ്സ ങ്ങളെ തരണം ചെയ്ത് സ്വയം പര്യാപ്തത കൈവരിക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ആയോധന കലയിലുള്ള പരിശീലനം ഇവർക്ക് ആത്മവിശ്വാസം കൈവരിച്ച് ഒരു പരിധി വരെ അപകടതരമായ സാഹചര്യം തരണം ചെയ്ത് സ്വയം രക്ഷ ഉറപ്പ് വരുത്താൻ കഴി യുന്നു.

സ്കൂളിലെ എല്ലാ ആൺകുടടികൾക്കും പെൺകുട്ടികൾക്കും പരിശീലനം നൽകു കവഴി ശാരീരിക-മാനസിക വളർച്ചയും വികാസവും ഉറപ്പാക്കാൻ സാധിക്കും. ആയോ ധന കലയിൽ പ്രാവിണ്യം നേടിയ പരിശീലകരുടെ സേവനം ഉപയോഗപ്പെടുത്താനാവു ന്നതാണ്. പരിശീലനത്തിലൂടെ മികവ് പുലർത്തുന്ന കുട്ടികളെ വിവിധ മത്സരങ്ങൾക്ക് വേണ്ടിയും സജ്ജമാക്കാവുന്നതാണ്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസം | സ്കൂളിലെ 5-ാം ക്ലാസ് മുതൽ മുകളിലേക്ക് പഠിക്കുന്ന എല്ലാ കുട്ടികൾക്കും ആയോധനകല യിലുള്ള (മാർഷ്യൽ ആർട്സ്) പരിശീലനം. | സെപ്റ്റംബർ മുതൽ മാർച്ച് വരെ | സ്കൂൾതല സമിതികൾ കായിക അ ദ്ധ്യാപിക ആയോധന കലയിൽ വിദഗ്ധ പരിശീലനം ലഭിച്ച പരിശീലകർ | സി.എസ്. ആർ.ഫണ്ട് മാനേജ് മെന്റ്, പി.ടി.എ. |
| ഫിറ്റ്നസ് ക്ലബ്ബ് രൂപീകരണം | ആരോഗ്യവിദ്യാഭ്യാസം, കായി ക വിദ്യാഭ്യാസം, പരിശീലനം, തുടങ്ങിയവക്ക് ഫിറ്റ്നസ് ക്ലബ്ബ് രൂപീകരിക്കുന്നു. എല്ലാ ദിവസ വും രാവിലെയും വൈകുന്നേ രവും വ്യായാമം, യോഗ, സും ബാ നൃത്തം തുടങ്ങിയവ പരിശീലിപ്പിക്കുന്നു. | 1 വർഷം | എച്ച്.എം. ഹോസ്റ്റൽ മേട്രൺ മാർ | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കണ്ടറിയാൻ | ശാസ്ത്രീയ വ്യായാമം, പരിശീലനം എങ്ങിനെ എന്ന് മനസ്സിലാക്കുന്നതിന് സമീപത്തെ മികച്ച നിലയിൽ പ്രവർത്തിക്കുന്ന ഫിറ്റനസ് സെന്ററുകൾ സ്പോർട്സ് സ്കൂളുകൾ സന്ദർശിക്കുന്നു. | ഡിസംബർ ജനുവരി | എച്ച്.എം. മേട്രൻ മാർ | 2000 |
| വരയിലൂടെ മികവിലേക്ക് | ചിത്ര രചനകളിൽ എല്ലാ ദിവസവും പ്രത്യേക സമയം കണ്ടെത്തി പരിശീലനം | ജൂൺ ജൂലായ് | എച്ച്.എം., എസ്.ആർ.ജി., ക്രാഫ്റ്റ് ടീച്ചർ | 2000 |
| പരിശീലനത്തിലൂടെ ലക്ഷ്യത്തിലേക്ക് | വിവിധ കൈവേലകൾ, നിർമ്മാണങ്ങൾ എന്നിവക്ക് വേണ്ടി ക്രാഫ്റ്റ് റൂമിനെ പരിശീലന കേന്ദ്രമായി വികസിപ്പിക്കുന്നു വിദഗ്ധരുടെ സേവനം ആവശ്യസമയങ്ങളിൽ ഉപയോഗപ്പെടുത്തുന്നു. ആവശ്യമായ സാധന സാമഗ്രികൾ സംവിധാനിക്കുന്നു. | 1 വർഷം | എച്ച്.എം. ക്രാഫ്റ്റ് ടീച്ചർ, കലാ-കായിക ചുമതലയുള്ള അധ്യാപകർ | 1 ലക്ഷം |

